എസ്.ആർ.ഒ. നമ്പർ 398/2013.—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റ് (1969-ലെ 7) 1ബി വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1974 ഏപ്രിൽ 30-ാം തീയതി 114885/0/72/പി.ഡി. ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തെ ഭാഗികമായി മാറ്റം വരുത്തിക്കൊണ്ടും, കേരള സർക്കാർ, നിയമ വകുപ്പിൽ, ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ടതാണെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ്കുമാർ
ഗവൺമെന്റ് സെക്രട്ടറി.

33/2220/2013/DTP.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം സൂചിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റിലെ 1ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. 1974 ഏപ്രിൽ 30-ാം തീയതി 114885/0/72/പി.ഡി. നമ്പരായി പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയലുകളുടെ കുറിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനത്തിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ആയിരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ, നിയമവകുപ്പിൽ, ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ടതാണെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

Personnel and Administrative Reforms (Official Language) Department

NOTIFICATION

G. O. (P) No. 12/2013/P&ARD. *Dated. Thiruvananthapuram 17th April, 2013.*

S.R.O. No. 398/2013.—In exercise of the powers conferred by section IB of the Kerala Official Languages Act, 1969 (7 of 1969), and in partial modification to the Notification issued as No. 114885/0/72/PD dated 30th April, 1974, the Government of Kerala hereby direct that Malayalam shall be used as the official language for all official purposes in the Law Department except where English and the Minority Languages of the State namely, Tamil and Kannada have to be used as official language, as provided by law.

By order of the Governor,

K. SURESHKUMAR,
Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Section IB of the Kerala Official Languages Act, 1969 empowers the Government to issue notification directing that Malayalam or English shall be used in respect of such official purposes as may be specified in the notification. Vide notification issued as No.114885/0/72/PD dated 30th April 1974, the Government had notified to use English or Malayalam at the discretion of the concerned officer for writing notes in the files of the Government Secretariat. The Government have now decided to notify that Malayalam shall be used in the Law Department, for all official purposes except where English and the Minority Languages of the State namely, Tamil and Kannada have to be used as official language, as provided by law.

This notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

GOVERNMENT OF KERALA

Stores Purchase (B) Department

CIRCULAR

No.2508/B2/2013/SPD Dated, Thiruvananthapuram, 28.10.2013.

Sub:- Stores Purchase Department- Acceptance of single bid - guidelines issued - reg.

Many instances have come to the notice of the Government as to whether the purchasing authority can accept a single bid ie, when , one and only one bid is received at the closing time & date of open tender. In such a situation the following guidelines are to be observed by all purchasing officers, in the best interest of public procurement.

i. In general, single bid or tenders are not acceptable in the first instance.

ii. If there is only one bid even after re-tendering, there is need for detailed justification to accept the single tender or single bid with the approval from the competent authority.

iii. There should be no negotiation with the bidder at all. However, in cases where a decision is taken to go for re-tendering due to the unreasonableness of the quoted rates, but the requirements are urgent and a re-tender for the

entire requirement would delay the availability of the items, thus jeopardizing the essential operations, maintenance and safety, negotiations would be permitted with L1 bidder(s)/single bidder for the supply of a bare minimum quantity. The balance quantity should however be procured expeditiously through a re-tender, following the normal tendering process.

In view of the guidelines of Central Vigilance Commission and various rulings of the Hon'ble Supreme Court and all State High Courts, all purchasing officers are directed that single bid /single tender shall be accepted only after re-tendering and subject to a detailed justification in support of acceptance.

Subhash John Mathew,
Additional Secretary.
Stores Purchase Department.

Forwarded/By Order

Section Officer

To

The Additional Chief Secretaries/Principal Secretaries/Secretaries/
Special Secretaries.
The Secretary, Kerala Legislature Secretariat, Thiruvananthapuram
(with C/L)
All Heads of Departments/Offices/Public Sector Undertakings/
Autonomous bodies/Local Self Government Institutions/Universities etc.
The Registrar, High Court, Ernakulam(with C/L)
The Advocate General, Ernakulam(with C/L)

The Registrar, Kerala Administrative Tribunal(with C/L)
All Enquiry Commissioners and Special Judges Court, EC & SJ Courts.
The Vigilance Tribunal, Kozhikode, Ernakulam, Thiruvananthapuram & Kottayam.
The Director of Printing, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E) Kerala, Thiruvananthapuram.
Information & Public Relations Department (for publishing in the Print Media)
Information & Public Relations Department- Web & New Media (for hosting in the Stores Purchase Department Website, www.spd.kerala.gov.in)
All Departments in the Secretariat including Law and Finance.
The Stores Purchase (B, IW-I & IW-II)Departments.
The C-DIT, GORKY BHAVAN,
Van Ross Jn., Thiruvananthapuram.(for hosting in the web site www.spd.kerala.gov.in)
Stock File/Office Copy

Copy to: 1) PA to Additional Chief Secretary, Finance & Stores Purchase Department.
2) CA to Additional Secretary, Stores Purchase Department.

പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം: വിവരാവകാശ നിയമം 2005 - വിവരങ്ങൾ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: മുഖ്യ വിവരാവകാശ കമ്മീഷണറുടെ (കേരളം) 01.10.2013 തീയതിയിലെ കത്ത്.

ഉത്തരവ് നമ്പർ:സി7-37254/13 തീയതി:05.11.2013

2005 ലെ വിവരാവകാശ നിയമം 4(1)(d)(b) വകുപ്പുകൾ പ്രകാരം എല്ലാ പൊതു അധികാര സ്ഥാനങ്ങളും, വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നു 120 ദിവസത്തിനുള്ളിൽ തന്റെ അധികാര സ്ഥാനങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും അവർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി തീരുമാനങ്ങളെടുക്കുന്നതിന്റെ നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും മറ്റും പ്രസിദ്ധീകരിക്കേണ്ടതും ആ വിവരങ്ങൾ പൊതുജനങ്ങൾക്കു പ്രാപ്യമാക്കുവാനായി കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തുകൾ ടി വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നില്ലെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ കണ്ടെത്തുകയും എല്ലാ ഗ്രാമ പഞ്ചായത്തുകളും താഴെപ്പറഞ്ഞ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുവാൻ അടിയന്തിര നിർദ്ദേശം നൽകണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

1. ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും അധികാരങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണ് എന്നത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ.
2. ചുമതലകൾ നിറവേറ്റുന്നതിനായി രൂപം നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ / ചട്ടങ്ങൾ / സർക്കാർ ഉത്തരവുകൾ / വകുപ്പുതല നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ
3. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ബഡ്ജറ്റിലെ വരവ് ചെലവ് കണക്കുകൾ (ഇനം തിരിച്ച്)
4. വിവിധ ധനസഹായ പദ്ധതികൾ / സബ്സിഡികൾ എന്നിവ ഏതൊക്കെയാണ് എന്നും അവയുടെ നടത്തിപ്പിന്റെ രീതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച വിവരങ്ങൾ.
5. നടപ്പു സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, പ്രോജക്ടുകൾ എന്നിവയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും (വാർഡ്തലത്തിൽ തരംതിരിച്ച്)

6. മേൽ പറഞ്ഞ പദ്ധതികൾ / പ്രോജക്ടുകൾ എന്നിവയിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ളവ ഉൾപ്പെടുന്നുവെങ്കിൽ അവയുടെ വിശദാംശങ്ങൾ (ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും ഉൾപ്പെടെ)
7. ഗ്രാമ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുവാനായി നടപ്പു സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികൾക്ക് ആവശ്യമായ പണം എങ്ങനെ കണ്ടെത്തി, വിവിധ അധികാരസ്ഥാനങ്ങൾ നൽകേണ്ടതായ അനുമതി പത്രങ്ങൾ (Permit) ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ.
8. ഓരോ ഗ്രാമ പഞ്ചായത്തിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര് ഔദ്യോഗിക സ്ഥാനം, അവർക്കു ലഭിക്കുന്ന വേതനം സംബന്ധിച്ച വിവരങ്ങൾ
9. ഓരോ ഗ്രാമ പഞ്ചായത്തും പ്രവർത്തനത്തിന് അനുമതി പത്രം നൽകിയിട്ടുള്ള D&O ലൈസൻസികളുടെ പട്ടിക, ലൈസൻസിന്റെ കാലാവധി
10. ഓരോ ഗ്രാമ പഞ്ചായത്തും പ്രവർത്തനത്തിന് അനുമതി പത്രം നൽകിയിട്ടുള്ള ക്രഷറുകൾ ക്വാറികളുടെ ലൈസൻസികളുടെ പട്ടിക, ലൈസൻസിന്റെ കാലാവധി

ഓരോ ഗ്രാമ പഞ്ചായത്തും മേൽ പറഞ്ഞ വിവരങ്ങൾ കൃത്യതയോടെ വെബ് സൈറ്റിൽ പ്രദർശിപ്പിക്കുന്നു എന്ന് അതത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും വിഷയസംബന്ധമായ ഒരു റിപ്പോർട്ട് 10 ദിവസത്തിനുള്ളിൽ ഈ ആഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

ഈ ഉത്തരവ് യഥാസമയം നടപ്പിലാക്കാത്തവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
മിത്ര. റ്റി.വൈ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

1. ഡയറക്ടറേറ്റ് വെബ് സൈറ്റ്
2. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
5. സെക്രട്ടറി, വിവരാവകാശ കമ്മീഷൻ (ഉപരിപത്രം സഹിതം)

ആജ്ഞാനുസരണം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ഐ.എസ്.ഒ - 9001:2008 - സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ.(എം.എസ്)നം. 18/2015/തസ്വഭവ **തിരുവനന്തപുരം, തീയതി : 29.01.2015.**

സൂചന:&
(1) സ.ഉ(എം.എസ്)നം.123/2009/തസ്വഭവ തീയതി : 02.07.2009.
(2) സ.ഉ(സാധാ)നം.2001/2013/തസ്വഭവ തീയതി : 31.07.2013.
(3) സ.ഉ(എം.എസ്)നം.373/2013/തസ്വഭവ തീയതി 02.12.2013.
(4) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 01.10.2014-ലെ 2.2 നമ്പർ തീരുമാനം
(5) കില ഡയറക്ടറുടെ 01.11.2014-ലെ കില/ടി.പി.(ബി)-784/13 നമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് 2007-ൽ നടപ്പാക്കിയ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ (റ്റി.ക്യൂ.എം) അനുഭവ പാഠം ഉൾക്കൊണ്ട്, ആയതിന്റെ ഭൗതികഘടകങ്ങൾ 'ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്' എന്ന പേരിൽ പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയിരുന്നു. 'ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്' സംബന്ധിച്ച് കില നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ സേവനപ്രദാന സംവിധാനങ്ങളുടെ ഗുണമേന്മയിലൂടെ ജനസംതൃപ്തി ഉറപ്പുവരുത്തുക എന്ന സമഗ്ര വീക്ഷണത്തിൽ, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കി 'ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ' ഗ്രാമപഞ്ചായത്തുകൾ കരസ്ഥമാക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ ആയതിലേയ്ക്ക് പ്രോജക്ട് രൂപീകരിക്കുന്നതിനുള്ള പ്രോജക്ട് കോഡ് ഐ.കെ.എം ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരവും, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ - 9001:2008 - സർട്ടിഫിക്കേഷൻ കരസ്ഥമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ ഉൾക്കൊള്ളുന്ന മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (3) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻപ്രകാരം ഐ.എസ്.ഒ-9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകളെ കില പഠനവിധേയമാക്കിയതിലൂടെയുള്ള നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ, പരാമർശം (3)-ലെ ഉത്തരവ് പരിഷ്ക്കരിക്കേണ്ടതിന്റെയും, പരാമർശം (1)-ഉത്തരവിലെ നടപടികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര മാർഗ്ഗരേഖ അനിവാര്യമാണെന്നത് സംബന്ധിച്ചും

സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം കില ലഭ്യമാക്കിയ പരിഷ്ക്കരിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, കില, തൃശൂർ
5. പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി, തിരുവനന്തപുരം
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം
   (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖ

1. പശ്ചാത്തലം

പഞ്ചായത്ത് രാജിലൂടെ 'സ്വരാജും' (സ്വയം ഭരണം) 'സുരാജും' (സദ്ഭരണം) ആണ് ഗാന്ധിജി വിഭാവന ചെയ്തിരുന്നത്. കൂടുതൽ അധികാരങ്ങൾ കൈമാറിക്കൊണ്ട് പഞ്ചായത്തുകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി മാറ്റുന്നതിലൂടെ 'സ്വരാജ്' സാക്ഷാത്കരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ സദ്ഭരണത്തിലൂടെ 'സുരാജ്' കൈവരിക്കുന്നതിൽ കേരളം ഇനിയും മുന്നോട്ടുപോകാനുണ്ട്. സദ്ഭരണത്തിലൂടെ സേവന ഗുണമേന്മയും ജനസംതൃപ്തിയും ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര-സംസ്ഥാന തലങ്ങളിൽ നടന്നുവരുന്നു. കേന്ദ്ര സർക്കാർ "സേവട്ടം" (SEVATTOM) എന്ന ആശയം മുന്നോട്ടുവച്ചതും ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (QCI) "ഗുണമേന്മാ രാഷ്ട്ര നന്മക്ക്" (Quality for National Well-being) എന്ന ബൃഹദ് ലക്ഷ്യം സാക്ഷാത്കരിക്കാനായി "ഗ്രാമപഞ്ചായത്തുകളിലൂടെ താഴെത്തട്ടിൽ ഗുണമേന്മ" (Quality at Grassroot through Grama Panchayats) എന്ന പദ്ധതിയ്ക്ക് രൂപം നൽകിയതും സേവനപ്രദാന ഗുണമേന്മാ വർദ്ധനവ് ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനപ്രദാന സംവിധാനം മെച്ചപ്പെടുത്തി സദ്ഭരണം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-2017) സമീപന രേഖകൾ മുന്നോട്ടുവയ്ക്കുന്നു.

സേവന ഗുണമേന്മയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. 9001: 2008 സർട്ടിഫിക്കേഷൻ നേടണം എന്ന നയം സംസ്ഥാന സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ പൗരന്മാർക്ക് തൃപ്തികരവും കാലവിളംബമില്ലാതെയും സേവനം ലഭ്യമാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ട്. ഗ്രാമസഭകളിലൂടെ ഉയരുന്ന ജനശബ്ദവും ആവശ്യങ്ങളും പ്രവൃത്തിപഥത്തിലെത്തിക്കാൻ ഉതകുന്ന തരത്തിലാണ് കേരളം പ്രാദേശിക ഭരണ സംവിധാനം വിഭാവന ചെയ്തിരിക്കുന്നത്. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുകയെന്നതാകണം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന ലക്ഷ്യം. ആയതിലേക്ക് ഗ്രാമപഞ്ചായത്തുകൾ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (TQM – Total Quality Management) നടപ്പിലാക്കേണ്ടതാണ്. ഭരണസംവിധാനത്തിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തിയോടുള്ള സേവനം സാധ്യമാക്കാം എന്നതാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാകുന്നതിലൂടെ ഭരണസംവിധാനത്തിന്റെ ഗുണമേന്മയുള്ള മുഖമുദ്രയായ ഐ.എസ്.ഒ. 9001 : 2008 കരസ്ഥമാക്കുകയും ചെയ്യാം.

2. ഉദ്ദേശ്യലക്ഷ്യങ്ങൾ

ഗ്രാമപഞ്ചായത്തുകളിൽ - അവയുടെ സ്ഥാപനങ്ങൾ ഉൾപ്പെടെ - ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ജനസംതൃപ്തി ഉറപ്പുവരുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി ചുവടെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കണം.

i. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

ii. ഓഫീസ് സംവിധാനത്തിന്റെയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

iii. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.

iv. ജനാഭിലാഷം വിശകലന വിധേയമാക്കി സേവനപ്രദാന സംവിധാനം തുടർച്ചയായി മെച്ചപ്പെടുത്തുക.

v. ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

vi. പശ്ചാത്തല സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുക.

vii. പ്രകൃതിസംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

viii. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യസാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്നരീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

ix. ഗുണനിലവാര സംവിധാനത്തിന്റെ മുഖമുദ്രയായ ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക.

3. ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളുടെ പ്രയോഗം

ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തത്തിൽപ്പെടുന്ന പരമ്പരാഗതവും കൈമാറി ലഭിച്ചതുമായ സേവനങ്ങൾ കൃത്യമായി നിർണ്ണയിച്ചും നിർവ്വഹിച്ചും ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്തുന്നതിന് ശാസ്ത്രീയമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനായുള്ള ഒരു പ്രായോഗിക മാനേജ്മെന്റ് തന്ത്രമാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (Total Quality Management). നിലവിലുള്ള അവസ്ഥയിൽ നിന്നും നിർണ്ണയിക്കപ്പെട്ട ലക്ഷ്യങ്ങളിലേക്കുള്ള വിടവുകളെ നികത്തുന്ന പരിണാമ പ്രക്രിയയായ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്ന സ്ഥാപനത്തിൽ കാര്യക്ഷമമായ മാനേജ്മെന്റും ഗുണമേന്മയുള്ള സേവനപ്രദാന സംവിധാനവും സാധ്യമാണ്. ഗുണനിലവാര സംവിധാനത്തിനുള്ള അന്തർദേശീയ സാക്ഷ്യപത്രമായ ഐ.എസ്.ഒ 9001:2008 സംബന്ധിച്ച മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന 8 തത്വങ്ങളിൽ അധിഷ്ഠിതമാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്. ജനകേന്ദ്രീകൃതം (People Centered), നേതൃത്വം (Leadership), പങ്കാളിത്തം (Participation), പ്രക്രിയാധിഷ്ഠിതം

(Process Oriented), വ്യൂഹാധിഷ്ഠിതം (System Oriented), തുടർച്ചയായ മെച്ചപ്പെടുത്തൽ (Continuous Improvement), വസ്തുതാധിഷ്ഠിത തീരുമാനമെടുക്കൽ (Factual Approach to Decision Making), പരസ്പരപൂരക ബന്ധം (Mutually Beneficial Relationship) എന്നിവയാണ് ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങൾ. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളും അതുളവാക്കുന്ന ഫലങ്ങളും ചുവടെ കൊടുക്കുന്നു.

- ജനകേന്ദ്രീകൃതം
  - ജനസംതൃപ്തി
- നേതൃത്വം
  - കൂട്ടായ്മ, കാര്യക്ഷമത, ലക്ഷ്യപ്രാപ്തി
- പങ്കാളിത്തം
  - ഉടമസ്ഥതാബോധം, പങ്കാളിത്ത ഉത്തരവാദിത്തം
- പ്രക്രിയ
  - കുറ്റമറ്റ പ്രവർത്തനം, കൃത്യമായ മോണിറ്ററിംഗ്
- വ്യൂഹാധിഷ്ഠിതം
  - സമഗ്രവീക്ഷണം
- തുടർച്ചയായ മെച്ചപ്പെടുത്തൽ
  - സുസ്ഥാപിതമായ ജനസംതൃപ്തി
- വസ്തുതാപരമായ തീരുമാനം
  - ശാസ്ത്രീയത
- പരസ്പരപൂരകം
  - വ്യക്തമായ പങ്ക്, സഹകരണം

4. സേവനങ്ങൾ

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുന്നതിന് ചുവടെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

4.1. പൗരാവകാശരേഖ

(i) പൗരസർവ്വേ ഫലങ്ങളുടെ അടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കുകയും വ്യാപകമായി വിതരണം ചെയ്യുകയും വേണം. (പൗര സർവ്വേ സംബന്ധിച്ച് അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു).

(ii) പൗരാവകാശരേഖയിൽ പറയുന്ന സേവനങ്ങൾ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തയ്യാറാക്കുന്ന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തണം.

(iii) പൗരാവകാശരേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടം ഘട്ടമായി ഉറപ്പുവരുത്തണം.

(എ) ഒന്നാം ഘട്ടമായി (അതായത് ഐ.എസ്.ഒ സർട്ടിഫിക്കേഷന് മുമ്പായി) പൗരാവകാശരേഖയിൽ പറയുന്ന 75% സേവനങ്ങളുടെയെങ്കിലും ഗുണമേന്മ ഉറപ്പുവരുത്തണം.

(ബി) ബാക്കി 25% സേവനങ്ങൾ രണ്ടാം വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തണം.

4.2. സേവന കാലാവധി

സേവനപ്രദാന കാലാവധി പൗരാവകാശരേഖയിൽ പറയുന്നതിൽ നിന്നും ഘട്ടം ഘട്ടമായി കുറയ്ക്കാൻ സംവിധാനമുണ്ടാക്കണം.

(എ) അതത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമുണ്ടാക്കുക.

(ബി) അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവരശേഖരണത്തെ അടിസ്ഥാനമാക്കി നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കുക.

(സി) 1970 മുതലുള്ള ജനന മരണ സർട്ടിഫിക്കറ്റുകൾ, 2008 മുതലുള്ള പൊതു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, ഓണർഷിപ്പ് സർട്ടിഫിക്കറ്റുകൾ എന്നിവ പൊതു ജനങ്ങൾക്ക് സ്വയമേവ ഡൗൺലോഡ് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക.

(ഡി) കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനുള്ള സജ്ജീകരണം ഏർപ്പെടുത്തുക.

4.3. പരാതിപരിഹാരം

(i) പരാതിപരിഹാര സംവിധാനം സുതാര്യമാക്കുക.

(എ) പരാതി സ്വീകരണം മുതൽ പരിഹാര നടപടികൾ വരെയുള്ള പരാതി പരിഹാര പ്രക്രിയയും സംവിധാനവും ജനങ്ങൾക്ക് മനസ്സിലാകത്തക്കരീതിയിൽ പ്രസിദ്ധപ്പെടുത്തണം.

(ബി) പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാനും, അതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി അറിയുവാനും സൗകര്യമൊരുക്കണം.

5. പ്രധാന പ്രവർത്തനങ്ങൾ

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ 9001: 2008 സർട്ടിഫിക്കേഷൻ നേടുവാൻ ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

5.1 പഞ്ചായത്ത് തീരുമാനം

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ സേവന ഗുണമേന്മ മെച്ചപ്പെടുത്തി ഐ.എസ്.ഒ. (ISO) 9001:2008 സർട്ടിഫിക്കേഷൻ നേടാനുള്ള തീരുമാനം പഞ്ചായത്ത് എടുക്കേണ്ടതാണ്. ആയതിലേക്ക്:

(i) ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും സംയുക്തയോഗം വിളിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുക.

(ii) പ്രോജക്ട് തയ്യാറാക്കൽ നടപടികൾ സ്വീകരിക്കുക. (ഖണ്ഡിക 6 കാണുക).

(iii) ഐ.എസ്.ഒ. കൺസൾട്ടന്റിനെ നിയോഗിക്കുവാൻ തീരുമാനിക്കുക. (ഖണ്ഡിക 5.3 കാണുക).

(iv) സ്ഥാപന പ്രതിനിധിയെ തീരുമാനിക്കുക:

(എ) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന് വേണ്ടി സജ്ജീകരണങ്ങൾ നടത്തുന്നതിനും ഐ.എസ്.ഒ കൺസൾട്ടന്റുമായും, ലീഡ് ഓഡിറ്ററുമായും ചർച്ച ചെയ്യുന്നതിനും പഞ്ചായത്ത് സെക്രട്ടറിയെ സ്ഥാപന പ്രതിനിധി ആയി നിയമിക്കണം.

(ബി) പഞ്ചായത്ത് സെക്രട്ടറിയെ സഹായിക്കുന്നതിലേക്കായി അസിസ്റ്റന്റ് സെക്രട്ടറിയെയോ, ജൂനിയർ സൂപ്രണ്ടിനെയോ സഹപ്രതിനിധിയായും ചുമതലപ്പെടുത്താം.

5.2. ക്വാളിറ്റി സർക്കിൾ (QC - Quality Circle)

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും പങ്കാളിത്തവും ഉടമസ്ഥതാ ബോധവും ഉറപ്പുവരുത്തുന്നതിന് അവരുടെ യോഗം വിളിച്ച് ക്വാളിറ്റി സർക്കിൾ രൂപീകരിക്കേണ്ടതാണ്. (ക്യു.സി. രൂപീകരണം സംബന്ധിച്ച കാര്യങ്ങൾ അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നു.).

5.3. കൺസൾട്ടന്റിനെ തെരഞ്ഞെടുക്കലും നിയോഗിക്കലും

(i) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതിന് കൺസൾട്ടന്റിന്റെ സേവനം ആവശ്യമെങ്കിൽ നിയോഗിക്കാവുന്നതാണ്.

(ii) ഐ.എസ്.ഒ. 9001 : 2008 ൽ ലീഡ് ഓഡിറ്റർ കോഴ്സ്[1] പാസ്സായിട്ടുള്ളവരും സേവനരംഗത്തെ മൂന്ന് സ്ഥാപനങ്ങളിൽ എങ്കിലും ഐ.എസ്.ഒ. 9001 : 2008 കൺസൾട്ടന്റായി മുൻപരിചയവും ഉള്ള പ്രൊഫഷണലുകളെയാണ് ഐ.എസ്.ഒ. കൺസൾട്ടന്റായി നിയോഗിക്കേണ്ടത്. (ഇത് ഉറപ്പുവരുത്തുന്നതിന് കോഴ്സ് സർട്ടിഫിക്കറ്റിന്റെയും മുൻപരിചയത്തിന്റെയും സാക്ഷ്യപ്പെടുത്തിയ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്).

(iii) പ്രോക്യൂർമെന്റ് മാന്വലിൽ പ്രതിപാദിക്കുന്ന നടപടികൾ പാലിച്ചുകൊണ്ടായിരിക്കണം ഐ.എസ്.ഒ കൺസൾട്ടന്റിനെ നിയോഗിക്കേണ്ടത്.

(iv) ഐ.എസ്.ഒ കൺസൾട്ടന്റ് വിനിയോഗിക്കേണ്ട ചുരുങ്ങിയത് 18 മനുഷ്യ ദിനങ്ങളിൽ 11 മനുഷ്യ ദിനങ്ങൾ **പഞ്ചായത്തിൽ** ചെലവഴിക്കേണ്ടതാണ്. (വിശദാംശം അനുബന്ധം 3.1 ൽ കൊടുത്തിരിക്കുന്നു).

(v) കൺസൾട്ടന്റിന് നൽകാവുന്ന പരമാവധി കൺസൾട്ടേഷൻ ഫീസ് 60000 രൂപയാണ്. കൺസൾട്ടേഷൻ ഫീസ് അനുബന്ധം 3.1 ൽ പരാമർശിക്കുന്ന ഭൗതികനേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിന് അനുസൃതമായി മാത്രമെ നൽകാൻ പാടുള്ളു.

(vi) ഐ.എസ്.ഒ കൺസൾട്ടന്റിന്റെ പ്രധാന ഉത്തരവാദിത്തങ്ങൾ

(എ) പൗര സർവ്വേ (Citizen Survey) നടത്താൻ സാങ്കേതിക സഹായം നൽകുക.

(ബി) പൗരസർവ്വേ റിപ്പോർട്ട് തയ്യാറാക്കുക.

(സി) പങ്കാളിത്ത രീതി അവലംബിച്ചുകൊണ്ട് ഗുണമേന്മാ നയം രൂപീകരിക്കുക.

(ഡി) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിനുള്ള കർമ്മപരിപാടി തയ്യാറാക്കാൻ സഹായിക്കുക.

(ഇ) ക്വാളിറ്റി മാന്വൽ (Quality Manual) മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുക.

---

[1] NABET/IRCA/IATCA അംഗീകാരമുള്ള കോഴ്സ് ആയിരിക്കണം.

(എഫ്) ടോട്ടൽ ക്വാളിറ്റി മാനേജിലൂടെ ഐ.എസ്.ഒ. 9001: 2008 നേടുന്നതിന് പര്യാപ്തമായ പരിശീലനങ്ങൾ നൽകുക. (അനുബന്ധം 3.2 കാണുക).

(ജി) തുടർ പരിശീലനത്തിനുള്ള കർമ്മപരിപാടി തയ്യാറാക്കാൻ സഹായിക്കുക.

(എച്ച്) പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് സാങ്കേതിക സഹായം നൽകുക.

(ഐ) ഒന്നാം കക്ഷി ഓഡിറ്റും, ഇന്റേണൽ ഓഡിറ്റും നടത്തുന്നതിനുള്ള പരിശീലനം നൽകുക.

(ജെ) പ്രീ അസ്സസ്മെന്റ് ഓഡിറ്റിന് സാങ്കേതിക സഹായം നൽകുക.

(കെ) മൂന്നാം കക്ഷി ഓഡിറ്റിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുക.

(എൽ) സർട്ടിഫിക്കറ്റ് പുതുക്കൽ പ്രക്രിയക്ക് വിദഗ്ധ ഉപദേശം നൽകുക.

(എം) തുടർ വർഷങ്ങളിൽ സർവിലൻസ് ഓഡിറ്റിനുള്ള സാങ്കേതിക സഹായം നൽകുക.

5.4. ഐ.എസ്.ഒ. 9001: 2008 - ആശയ സ്വാംശീകരണം

(i) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008 നേടുന്നത് സംബന്ധിച്ച കാര്യങ്ങൾ എല്ലാ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും വ്യക്തത വരുന്ന തരത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

(ii) പഞ്ചായത്ത്തല പരിശീലനത്തിനായി ഐ.എസ്.ഒ. കൺസൾട്ടന്റിന്റെ സേവനം വിനിയോഗിക്കാവുന്നതാണ്. (അനുബന്ധം 3.2).

5.5.0. ഗുണമേന്മാ നയരൂപീകരണം

(i) ഗുണമേന്മാ നയം പങ്കാളിത്ത രീതിയിൽ രൂപീകരിക്കണം. ഏറ്റവും താഴെതട്ടിലുള്ള ജീവനക്കാർ മുതൽ സെക്രട്ടറി വരെയുള്ള ജീവനക്കാരും എല്ലാ ജനപ്രതിനിധികളും ഉൾപ്പെടുന്ന വേദിയിൽ എല്ലാവരുടേയും ആശയങ്ങൾ ഉൾപ്പെടുത്തിയാണ് നയം രൂപീകരിക്കേണ്ടത്.

(ii) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള ഗുണമേന്മാ നയം (Quality Policy) ചുവടെപ്പറയുന്ന വ്യത്യസ്ഥ ഘട്ടങ്ങളിലൂടെ രൂപീകരിക്കണം.

5.5.1 അവസ്ഥാ വിശകലനം (Status Analysis)

സേവനപ്രദാന സംവിധാനത്തിന്റെ ഗുണമേന്മയ്ക്കായി ഓഫീസിനേയും ജീവനക്കാരെയും ജനപ്രതിനിധികളെയും സജ്ജമാക്കുകയാണ് ഗുണമേന്മാ നയരൂപീകരണത്തിന്റെ അടിസ്ഥാനം. ആയതിലേയ്ക്ക് പഞ്ചായത്തിലെ സേവന പ്രദാന സംവിധാനത്തിന്റെ അവസ്ഥയും ജനങ്ങളുടെ ആവശ്യങ്ങളും വിശകലന വിധേയമാക്കണം.

(i) പൗര സർവ്വേ (Citizen Survey) നടത്തുക (അനുബന്ധം 1 കാണുക).

(ii) പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിന്റെയും മെയിൻ ഓഫീസിന്റെയും പഞ്ചായത്തിന്റെ സ്ഥാപനങ്ങളുടെയും അവസ്ഥ വിലയിരുത്തുക.

5.5.2 ഗുണമേന്മാ നയരേഖ (Quality Policy Document) തയ്യാറാക്കുക

(i) അവസ്ഥാ വിശകലനത്തിനുശേഷം പഞ്ചായത്തിന്റെ ദീർഘകാല സേവന ഗുണമേന്മാ കാഴ്ച്ചപ്പാടും **(Quality Vision)** ദൗത്യവും **(Quality Mission)** ഗുണമേന്മാ നയവും **(Quality Policy)** ഉൾച്ചേർത്തുകൊണ്ടുള്ള രേഖ തയ്യാറാക്കണം.

(ii) ഗുണമേന്മാ നയരേഖ പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാവരിലേയ്ക്കും (ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ജനങ്ങൾ) എത്തിക്കണം.

5.5.3 ഗുണമേന്മാ ലക്ഷ്യങ്ങൾ (Quality Objectives) നിർണ്ണയിക്കുക

(i) ഗുണമേന്മാ നയത്തിനനുസരിച്ച് ഗുണമേന്മാ ലക്ഷ്യങ്ങൾ നിർണ്ണയിക്കണം.

(ii) ഓഫീസിലെ ഓരോ വിഭാഗത്തിന്റെയും/സെഷന്റെയും തലങ്ങളിൽ രൂപീകരിക്കുന്ന ഗുണമേന്മാ ലക്ഷ്യങ്ങൾ ഗുണ നിലവാരമുള്ള സേവനപ്രദാനമെന്ന പൊതു ലക്ഷ്യത്തിനു അനുപൂരകമാണെന്ന് ഉറപ്പുവരുത്തണം.

(iii) ഗുണമേന്മാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കി അവയുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്തുകയും നിരന്തരം മോണിറ്റർ ചെയ്യുകയും വേണം.

5.6.0. ഗുണമേന്മാ മാന്വൽ (Quality Manual) തയ്യാറാക്കുക

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ 9001: 2008 സർട്ടിഫിക്കേഷൻ നേടുന്നതിനായി ഉത്തരവാദിത്തങ്ങളെക്കുറിച്ചും പഞ്ചായത്തിന്റെ ഗുണമേന്മാ നയം, ലക്ഷ്യങ്ങൾ, ഗുണമേന്മാ സംവിധാനം, സേവനങ്ങൾ എന്നിവയെക്കുറിച്ചും ഉള്ള ആധികാരിക മാർഗ്ഗരേഖയായ ക്വാളിറ്റി മാന്വൽ (മലയാളത്തിലും ഇംഗ്ലീഷിലും) തയ്യാറാക്കണം.

5.7.0. കർമ്മപരിപാടി (Action Plan) തയ്യാറാക്കുക

(i) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഐ.എസ്.ഒ. 9001 : 2008 നേടുവാനുള്ള കർമ്മപരിപാടി തയ്യാറാക്കണം.

(ii) ഭൗതീക സാഹചര്യങ്ങൾ, പരിഹാര സംവിധാനങ്ങൾ എന്നിവ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള സമയവിവരപ്പട്ടിക തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങണം.

5.8.0. ഗുണമേന്മാ സംവിധാനം (Quality Mechanism)

5.8.1. 5 'S' ഫ്രെയിം വർക്ക് നടപ്പിലാക്കൽ

പ്രവർത്തനോന്മുഖ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഓഫീസും പരിസരവും സജ്ജീകരണങ്ങളും വൃത്തിയായും ഉപയുക്തമായും ഒപ്പം അവയുടെ സ്ഥായിയായ നിലനില്പിനുമായി 5'S' ഫ്രെയിം വർക്ക് നടപ്പിലാക്കേണ്ടതാണ്. (അനുബന്ധം 4).

5.8.2. ഓഫീസ് സജ്ജീകരണം (Office Arrangements)

(i) ഓഫീസ് വൃത്തിയും, വെടിപ്പും, ഭംഗിയും ഉള്ള രീതിയിൽ സജ്ജീകരിക്കണം. സജ്ജീകരണങ്ങൾ ഭാവിയിലുണ്ടാകാവുന്ന മാറ്റങ്ങൾകൂടി ഉൾക്കൊള്ളാവുന്നതാകണം.

(ii) എല്ലാ ഉദ്യോഗസ്ഥർക്കും ഇരിക്കുവാനും, ഫയലുകൾ സൂക്ഷിക്കുവാനും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

(iii) എല്ലാ ജീവനക്കാരുടെയും അഭിപ്രായങ്ങൾ ക്രോഡീകരിച്ചും ക്വാളിറ്റി സർക്കിളിന്റെ നേതൃത്വത്തിൽ അഭിപ്രായ ഏകീകരണം നടത്തിയും വേണം ഓഫീസ് നവീകരിക്കേണ്ടത്.

(iv) റെക്കോർഡുകൾ സജ്ജീകരിക്കുവാനും സൂക്ഷിക്കുവാനും വേഗത്തിലും സൗകര്യത്തിലും എടുക്കുവാനും പര്യാപ്തമാകുന്ന രീതിയിൽ റെക്കോർഡ് റൂമിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണം.

5.8.3. ഫ്രണ്ട് ഓഫീസ് സജ്ജീകരണം (Front Office Arrangements)

(i) പഞ്ചായത്തുമായി ബന്ധപ്പെട്ട എല്ലാ സോഫ്റ്റ് വെയറുകളും സ്ഥാപിക്കാനും (അനുബന്ധം 5), കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാനും പര്യാപ്തമായ രീതിയിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇന്റർനെറ്റും സജ്ജീകരിക്കണം.

(ii) 'സൂചിക' സോഫ്റ്റ് വെയർ (***Soochika* Software**) ഫ്രണ്ട് ഓഫീസ് കമ്പ്യൂട്ടറിലും മെയിൻ ഓഫീസിലുള്ള എല്ലാ കമ്പ്യൂട്ടറുകളിലും ലിങ്ക് ചെയ്യണം.

(iii) വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ ഉൾപ്പെടെയുള്ള മോണിറ്ററിംഗ് അംഗങ്ങൾക്ക് നിരന്തര പരിശോധനയ്ക്ക് സാധ്യമാകത്തക്ക രീതിയിൽ 'സൂചിക' സോഫ്റ്റ് വെയർ സജ്ജീകരിക്കണം.

(iv) ചുവടെപ്പറയുന്നവ ലഭ്യമാക്കണം

(എ) പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ, പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ അഡ്രസ്സും ലഭ്യമാകുന്ന സേവനങ്ങളും അടങ്ങുന്ന ഇൻഫർമേഷൻ ഡയറക്ടറി.

(ബി) എല്ലാ ഫോറങ്ങളും, സ്റ്റേഷനറിയും, നിയമങ്ങളും, ചട്ടങ്ങളും, സർക്കാർ ഓർഡറുകളും, സർക്കുലറുകളും, പൗരാവകാശരേഖയും.

(സി) ജോലി ചംക്രമണം തീരുമാനിക്കുന്ന ഓഫീസ് ഓർഡറും, കർത്തവ്യ വിഭജനവും അടങ്ങുന്ന ഓർഡറും.

5.8.4. പൊതുജന സൗകര്യങ്ങളുടെ സജ്ജീകരണം

പൊതുജനങ്ങൾക്കായി ചുവടെപ്പറയുന്ന സൗകര്യങ്ങൾ പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും സജ്ജീകരിക്കണം.

(i) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള റാമ്പ്.

(ii) പൊതുജനങ്ങൾക്ക് ഇരിക്കുവാനും, എഴുതുവാനുമുള്ള സൗകര്യവും, സ്റ്റേഷനറിയും.

(iii) കുടിവെള്ളം, വായനാ കോർണർ, ടെലിവിഷൻ, തപാൽപ്പെട്ടി, പരാതിപ്പെട്ടി എന്നിവ.

(iv) പൊതുജനങ്ങൾക്ക് ഉപയോഗിക്കാനുള്ള മൂത്രപ്പുര.

(v) സ്ത്രീകൾക്ക് ഉപയോഗിക്കാനുള്ള പ്രത്യേക സൗകര്യങ്ങളോടുകൂടിയ മൂത്രപ്പുര.

(vi) മുലയൂട്ടുന്ന അമ്മക്കും കുഞ്ഞിനും സ്വകാര്യത ഉറപ്പുവരുത്തുന്ന പ്രത്യേക സൗകര്യം.

(vii) പ്രഥമ ശുശ്രൂഷാ കിറ്റ്.

(viii) ടച്ച് സ്ക്രീൻ (സേവനങ്ങളുടെ അവസ്ഥ അറിയാൻ).

(ix) ഇലക്ട്രോണിക് ടോക്കൺ സംവിധാനം (കൂടുതൽ അപേക്ഷകൾ വരുന്ന പഞ്ചായത്തുകളിൽ.

(x) അപേക്ഷ, കത്തുകൾ ഇവ ഓഫീസിലും ഘടക സ്ഥാപനങ്ങളിലും സ്വീകരിച്ചാൽ കൈപ്പറ്റു രസീത് കൊടുക്കാനുള്ള സംവിധാനം.

5.8.5. ബോർഡുകൾ

i. കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, 2004 ൽ പറഞ്ഞിരിക്കുന്ന പ്രകാരം പഞ്ചായത്തിന്റെ കാഴ്ചപ്പാടും ഗുണമേന്മാ നയവും ഉൾക്കൊണ്ട് തയ്യാറാക്കുന്ന പൗരാവകാശരേഖ പ്രദർശിപ്പിക്കുക.

ii. മീറ്റിംഗ് ബോർഡുകൾ (പഞ്ചായത്ത് മീറ്റിംഗ്, സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ്, സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ്, സ്റ്റാഫ് മീറ്റിംഗ്), ഗ്രാമസഭാ ബോർഡുകൾ എന്നിവയിൽ അടുത്ത മീറ്റിംഗ് തീയതി, അജണ്ട എന്നിവയും കഴിഞ്ഞ മീറ്റിംഗുകളുടെ തീരുമാനങ്ങളും ഹാജരും പ്രദർശിപ്പിക്കുക.

iii. ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും ഹാജർ ബോർഡ് സ്ഥാപിക്കുക. എല്ലാ പ്രവൃത്തി ദിവസവും പുതുക്കി രാവിലെ 10.30 മണി മുതൽ പ്രദർശിപ്പിക്കുക.

iv. ഫ്രണ്ട് ഓഫീസിന്റെയും പഞ്ചായത്ത് ഓഫീസിന്റെയും ഘടക സ്ഥാപനങ്ങളുടെയും പ്രവർത്തന സമയം പ്രദർശിപ്പിക്കുക.

v. വിജിലൻസ് ആന്റികറപ്ഷൻ ബോർഡ്, വിവരാവകാശ ബോർഡ്, ജനന-മരണ രജിസ്ട്രേഷൻ, ഓംബുഡുസ്മാൻ, ട്രൈബ്യൂണൽ, സർക്കാർ ഉത്തരവ് പ്രകാരമോ സർക്കുലർ പ്രകാരമോ സ്ഥാപിക്കേണ്ട ബോർഡുകൾ എന്നിവ ഭംഗിയായി തയ്യാറാക്കി പ്രദർശിപ്പിക്കുക.

vi. ഓഫീസിന്റെ ഭംഗി നിലനിർത്തിക്കൊണ്ട് എല്ലാവർക്കും വായിക്കാൻ ഉപയുക്തമാകുന്ന രീതിയിൽ ബോർഡുകൾ പ്രദർശിപ്പിക്കാൻ ഭരണസമിതിയും, കാലോചിതമാക്കാൻ സെക്രട്ടറിയും ക്വാളിറ്റി സർക്കിളും നേതൃത്വം ഏറ്റെടുക്കുക.

5.9.0. റെക്കോർഡ് മാനേജ്മെന്റ് (Record Management)

i. റെക്കോർഡ് മാനേജ്മെന്റിലൂടെ പ്രമാണങ്ങളുടേയും (Documents) രേഖകളുടേയും (Records) പരിപാലനം ഉറപ്പുവരുത്തുക.

ii. പുതിയ ഉത്തരവുകളും ചട്ടങ്ങളും പ്രാബല്യത്തിൽ വന്നാൽ പഴയവ ഒഴിവാക്കുക. അവ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക. എപ്പോൾ ആവശ്യപ്പെട്ടാലും വേഗത്തിൽ എടുക്കുവാൻ പാകത്തിന് അവ സജ്ജീകരിക്കുക.

iii. പ്രമാണങ്ങളും രേഖകളും എളുപ്പത്തിൽ കണ്ടെത്തുന്നതിനും സൂക്ഷിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ (5 'S' ഫ്രെയിം വർക്ക് പ്രകാരം) റെക്കോർഡ് റൂം സജ്ജീകരിക്കുക.

iv. റെക്കോർഡ് മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന്:

(എ) 'റെക്കോർഡ് റൂം' ആവശ്യമായ ഷെൽഫുകൾ സഹിതം ക്രമീകരിക്കുക.

(ബി) റെക്കോർഡ് റൂമിന്റെ ചുമതല സെക്രട്ടറിയോട് നേരിട്ട് ഉത്തരവാദിത്തപ്പെടുത്തുന്ന വിധത്തിൽ അനുയോജ്യമായ ഒരു ജീവനക്കാരന് രേഖാമൂലം നകുക.

(സി) റെക്കോർഡ് സൂക്ഷിപ്പ് നിശ്ചയിക്കുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ അനുബന്ധം 4 ൽ 5'S' ഫ്രെയിം വർക്കിന്റെ ഭാഗമായി കൊടുത്തിരിക്കുന്നത് കാണുക.

5.10. ഇ-ഗവേർണൻസ് (e-Governance)

(i) ഗ്രാമ പഞ്ചായത്തുകളിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിലേക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ പൂർണ്ണമായി വിന്യസിച്ച് പ്രവർത്തനക്ഷമമാക്കുക. (അനുബന്ധം 5 കാണുക).

(ii) പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിലേയ്ക്കായി കമ്മിറ്റികളുടെ തീയതി, അജണ്ട, മിനിട്സ് എന്നിവയും, ഗുണഭോക്തൃ പട്ടികയും 48 മണിക്കൂറിനകം പഞ്ചായത്ത് വെബ് സൈറ്റിൽ പ്രദർശിപ്പിക്കുക.

5.11. മോണിറ്ററിംഗ് പ്രവർത്തനങ്ങൾ - പദ്ധതി തയ്യാറാക്കൽ

(i) ഐ.എസ്.ഒ 9001 : 2008 സർട്ടിഫിക്കേഷനുവേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതി നടപ്പിലാക്കലും നിരന്തര പുരോഗതി വിലയിരുത്തലും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിർവ്വഹിക്കണം.

(ii) നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഗുണമേന്മ വിലയിരുത്തുന്നതിനും കൂടുതൽ ഗുണപരമാക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ കൊടുക്കേണ്ടത് സ്റ്റിയറിംഗ് കമ്മിറ്റിയാണ്. ആയതിനാൽ തുടർ മോണിറ്ററിംഗിനായി സ്റ്റിയറിംഗ് കമ്മിറ്റി പദ്ധതി തയ്യാറാക്കേണ്ടതാണ്.

5.12. ഗുണമേന്മാ ഓഡിറ്റ് (Quality Audit)

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഐ.എസ്.ഒ 9001 : 2008 മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നുണ്ടോയെന്നും ക്വാളിറ്റി മാന്വൽ പ്രകാരം ഗുണമേന്മാ സംവിധാനത്തിന് വേണ്ട ഘടകങ്ങൾ അനുസരിച്ചാണോയെന്നും ഉള്ള വിലയിരുത്തലാണ് ഗുണമേന്മാ ഓഡിറ്റ് (Quality Audit). ഗുണമേന്മാ ഓഡിറ്റ് ചുവടെപ്പറയുന്ന വ്യത്യസ്ത ഘട്ടങ്ങളിൽ നിർവ്വഹിക്കണം.

5.12.1. ഒന്നാം കക്ഷി ഓഡിറ്റ് (First Party Audit)

പ്രവർത്തനങ്ങളുടെ നിരന്തരമുള്ള പുരോഗതി വിലയിരുത്തൽ ഓഡിറ്റ് **(ഭരണസമിതി വിലയിരുത്തൽ)** പഞ്ചായത്ത് നിർവ്വഹിക്കണം.

5.12.2. ഇന്റേണൽ ഓഡിറ്റ് (Internal Audit)

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന രണ്ടോ മൂന്നോ ജീവനക്കാരെകൊണ്ട് ഇന്റേണൽ ഓഡിറ്റ് നിർവ്വഹിക്കണം.

5.12.3. മൂന്നാംകക്ഷി ഓഡിറ്റ് (Third Party Audit)

(i) ഒന്നാം കക്ഷി ഓഡിറ്റും ഇന്റേണൽ ഓഡിറ്റും കഴിഞ്ഞതിന് ശേഷം ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി അംഗീകൃത സർട്ടിഫിക്കേഷൻ ബോഡിയെ ചുമതലപ്പെടുത്തണം.

(ii) അംഗീകൃത സർട്ടിഫിക്കേഷൻ ബോഡി ലീഡ് ഓഡിറ്റർ മുഖാന്തിരം മൂന്നാം കക്ഷി ഓഡിറ്റ് നിർവ്വഹിക്കുന്നതാണ്.

5.13. ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷൻ

5.13.1. സർട്ടിഫിക്കേഷൻ (Certification)

(i) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷനുവേണ്ടി ഒരു സർട്ടിഫിക്കേഷൻ ബോഡിയെ **(Certification Body)** നിയോഗിച്ച് മൂന്നാം കക്ഷി ഓഡിറ്റ് നടത്തണം.

(ii) മൂന്നാം കക്ഷി ഓഡിറ്റ് തൃപ്തികരമായാൽ സർട്ടിഫിക്കേഷൻ ബോഡിയിൽ നിന്നും ഐ.എസ്.ഒ 9001 : 2008 സർട്ടിഫിക്കറ്റ് ലഭിക്കും.

(iii) സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്ത് ഓഫീസിന്റെ ബോർഡിലും, ലെറ്റർ ഹെഡ്ഡിലും, വെബ്സൈറ്റിലും ''ഐ.എസ്.ഒ 9001: 2008 സർട്ടിഫൈഡ്'' എന്നു രേഖപ്പെടുത്തണം.

5.13.2. സർട്ടിഫിക്കേഷൻ ബോഡീസ് (Certification Bodies)

(i) ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (ക്യു.സി.ഐ.) യുടെ കീഴിലുള്ള നാഷനൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ സർട്ടിഫിക്കേഷൻ ബോഡീസ് (NABCB) ന്റെ അംഗീകാരമുള്ള സർട്ടിഫിക്കേഷൻ ബോഡിയിലാണ് ഐ.എസ്.ഒ 9001: 2008 സർട്ടിഫിക്കേഷനു വേണ്ടി അപേക്ഷിക്കേണ്ടത്.

(ii) അംഗീകൃത സർട്ടിഫിക്കേഷൻ ബോഡികളുടെ പട്ടിക ക്യു.സി.ഐ.യുടെ വെബ് സൈറ്റിൽ ലഭ്യമാണ്.

(iii) സർട്ടിഫിക്കേഷൻ ബോഡി (ലീഡ് ഓഡിറ്ററുടെ സഹായത്തോടെ) മൂന്നാം കക്ഷി ഓഡിറ്റ് നടത്തുന്നതാണ്.

(iv) പ്രോക്യൂർമെന്റ് മാന്വലിലെ നടപടികൾ പാലിച്ചുകൊണ്ടായിരിക്കണം സർട്ടിഫിക്കേഷൻ ബോഡിയെ തെരഞ്ഞെടുക്കേണ്ടത്.

(v) സർട്ടിഫിക്കേഷൻ ബോഡിയ്ക്കുള്ള ഫീസ് (എല്ലാ ചെലവും ഉൾപ്പെടെ) 50,000 (അമ്പതിനായിരം മാത്രം) രൂപയിൽ അധീകരിക്കാൻ പാടില്ല.

5.14. നിരന്തര വിലയിരുത്തലും സർട്ടിഫിക്കറ്റ് പുതുക്കലും (Continuous Monitoring and Renewal of Certificate)

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 3 വർഷത്തേക്കാണ് ലഭിക്കുന്നത്. ഓരോ മൂന്ന് വർഷത്തെ ഇടവേളയിൽ സർട്ടിഫിക്കറ്റ് പുതുക്കേണ്ടതുണ്ട്. പ്രസ്തുത വേളകളിൽ ക്വാളിറ്റി മാനേജ്മെന്റ് തുടരുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ആയതിനാൽ:

(i) ഭരണസമിതി നിരന്തര വിലയിരുത്തൽ നടത്തണം.

(ii) ഇന്റേണൽ ഓഡിറ്റ് വർഷത്തിൽ രണ്ടു തവണ നടത്തണം.

(iii) സർട്ടിഫിക്കറ്റ് നേടിക്കഴിഞ്ഞാലും ഓരോ വർഷവും 'സർവിലൻസ് ഓഡിറ്റ്' (Surveillance Audit) നടത്തി ഗുണനിലവാരം ഉറപ്പുവരുത്തണം. ആയതിലേക്ക് കൺസൾട്ടന്റിന്റെ സേവനം വിനിയോഗിക്കാവുന്നതാണ്.

5.15. നിരന്തര പരിശീലനങ്ങൾ (Continuous Training)

(i) ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും കാര്യപ്രാപ്തി വികസനത്തിനായി നിരന്തര പരിശീലനങ്ങൾ (മാസത്തിൽ ഒരെണ്ണമെങ്കിലും) പഞ്ചായത്ത് നടത്തേണ്ടതാണ്.

(ii) നിരന്തര പരിശീലനത്തിന്റെ ഉത്തരവാദിത്തം ക്വാളിറ്റി സർക്കിളിനാണ്.

(iii) പരിശീലനത്തിന്റെ രേഖകൾ സൂക്ഷിക്കേണ്ടതും ഫലപ്രാപ്തി വിലയിരുത്തേണ്ടതുമാണ്.

(iv) നിരന്തര പരിശീലനങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്.

5.16. ഗുണനിലവാരം - തുടർച്ചയായ മെച്ചപ്പെടുത്തൽ (Continuous Improvement)

(i) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ വിജയം തുടർച്ചയായ മെച്ചപ്പെടുത്തൽ പരിശ്രമമാണ്. നിരന്തര മോണിറ്ററിംഗിനൊപ്പം സേവനത്തിനെടുക്കുന്ന സമയപരിധി ഓരോ പൗരാവകാശരേഖ പുതുക്കൽ വേളയിലും കുറച്ചുകൊണ്ടുവരേണ്ടതാണ്.

(ii) പഞ്ചായത്തിന്റെ സ്ഥാപനങ്ങളിലേയ്ക്കും (അംഗൻവാടി, പബ്ലിക് ഹെൽത്ത്സെന്റർ, സ്കൂളുകൾ..... മുതലായവ) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ഘട്ടം ഘട്ടമായി നടപ്പിലാക്കി ഐ.എസ്.ഒ. 9001 : 2008 കരസ്ഥമാക്കേണ്ടതാണ്.

(iii) പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ ജോലികൾ ചെയ്യാനുള്ള ജീവനക്കാരുടെ കാര്യപ്രാപ്തി നിരന്തരം ഉറപ്പുവരുത്തേണ്ടതാണ്.

(iv) സേവനങ്ങൾക്കായി പഞ്ചായത്തിൽ വരുന്ന പൊതുജനങ്ങളിൽ നിന്ന് പ്രതികരണ ഫോറങ്ങൾ ശേഖരിക്കുകയും, എല്ലാ മാസവും വിശകലനം ചെയ്ത റിപ്പോർട്ട്, പരിഹാര നടപടികൾ സഹിതം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ജൂനിയർ സൂപ്രണ്ട്/ഹെഡ്ക്ലാർക്ക് സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതും തൊട്ടടുത്ത ഭരണ സമിതി യോഗത്തിൽ തീരുമാനങ്ങൾക്കായി സമർപ്പിക്കേണ്ടതുമാണ്.

(v) വിശകലന റിപ്പോർട്ട്, പരിഹാര നടപടി, സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ എന്നിവ ഭരണസമിതി ചർച്ചചെയ്ത് പരിഹാര നടപടികൾ തീരുമാനിച്ച് സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

(vi) വിശകലന റിപ്പോർട്ടുകൾ, പരിഹാരനടപടികൾ, അവയിന്മേലുള്ള തുടർ നടപടികൾ എന്നിവ ആറ് മാസത്തിലൊരിക്കൽ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി ചർച്ച ചെയ്യേണ്ടതും, ഈ റിപ്പോർട്ട് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾക്കായി സമർപ്പിക്കേണ്ടതുമാണ്.

(vii) മേൽ ഖണ്ഡിക (v) പ്രകാരം തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമസഭ ചർച്ച ചെയ്തശേഷം ലഭിക്കുന്ന നിർദ്ദേശങ്ങൾ ക്വാളിറ്റി സർക്കിളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ചർച്ച ചെയ്യേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആയതിന്മേൽ തീരുമാനം കൈകൊണ്ട് പഞ്ചായത്ത് ഭരണസമിതിയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

(viii) ഭരണസമിതി മേൽ സൂചിപ്പിച്ച റിപ്പോർട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങളും ചർച്ച ചെയ്ത് തുടർ നടപടികൾക്കായി ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണ്.

(ix) അർദ്ധ വാർഷികമായി തയ്യാറാക്കുന്ന റിപ്പോർട്ടുകളും തുടർ നടപടികളും ക്രോഡീകരിച്ച് ആയത് പദ്ധതിരേഖയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.

6.0. പ്രോജക്ട് തയ്യാറാക്കൽ

(i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ടാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ 9001: 2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത്. പ്രോജക്ടിനുള്ള കോഡ് ഐ.കെ.എം. നൽകിയിട്ടുണ്ട്.

(ii) ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടാനുദ്ദേശിക്കുന്ന വർഷത്തെ പ്രതീക്ഷിത ചെലവ് അനുബന്ധം 6 ൽ കൊടുത്തിരിക്കുന്നു.

(iii) ഐ.എസ്.ഒ. ലഭിച്ച് 3 വർഷത്തിനുശേഷം പുതുക്കേണ്ടതിനാൽ രണ്ടാം വർഷവും മൂന്നാം വർഷവും കൺസൾട്ടന്റിന്റെ സഹായത്തോടെ സർവീലൻസ് ഓഡിറ്റ് (Surveillance Audit) നടത്തി ഗുണനിലവാര സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്.

(iv) ഐ.എസ്.ഒ. കൺസൾട്ടന്റിനെ നിയോഗിക്കുന്നതിനും സർട്ടിഫിക്കേഷൻ ബോഡിയെ നിയോഗിക്കുന്നതിനും പ്രത്യേകം ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

(v) ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഐ.എസ്.ഒ. കൺസൾട്ടന്റുമായി സേവന വ്യവസ്ഥകൾ സംബന്ധിച്ച കരാറിൽ ഏർപ്പെടേണ്ടതാണ്.

(vi) പ്രോജക്ട് പരമാവധി 4 മാസം കൊണ്ട് പൂർത്തീകരിക്കാവുന്നതാണ്.

.....

അനുബന്ധം

അനുബന്ധം 1 :
പൗര സർവ്വേ (Citizen Survey)

i. ജനങ്ങളുടെ ആവശ്യങ്ങളും പ്രതീക്ഷകളും പൗരസർവ്വേയിലൂടെ ആരായാം.

ii. പൗരസർവ്വേയിലൂടെ വികസന-സേവന പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിന് ജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വരൂപിക്കാം.

iii. പദ്ധതികളും പ്രവർത്തനങ്ങളും രൂപകല്പന ചെയ്യുമ്പോൾ ജനങ്ങളുടെ പ്രതീക്ഷകൾക്ക് ഉപരിയായി ഗുണമേന്മ ഉറപ്പുവരുത്താൻ പൗരസർവ്വേകൾ സഹായിക്കും.

iv. ഗ്രാമസഭ നടക്കുമ്പോഴോ, പൊതുജനങ്ങൾ പഞ്ചായത്തിൽ സേവനത്തിനായി വരുമ്പോഴോ ഒരു ചോദ്യാവലി ഉപയോഗിച്ച് പൗരസർവ്വേ നടത്താവുന്നതാണ്.

1) അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ എല്ലാ വിഭാഗം ജീവനക്കാർക്കും പ്രാതിനിധ്യം നൽകാൻ.

2) ക്വാളിറ്റി സർക്കിളിന്റെ അംഗസംഖ്യ ശരാശരി 5 പേരാകാം. ആകെ അംഗങ്ങളിൽ രണ്ടോ മൂന്നോ പേർ മൂന്നുമാസ കാലാവധി കഴിയുമ്പോൾ മാറിക്കൊണ്ടിരിക്കണം. തുടർച്ചയായി മൂന്നു മാസത്തിൽ കൂടുതൽ ഒരു ജീവനക്കാരും ക്വാളിറ്റി കൺട്രോൾ സർക്കിൾ അംഗമാകാൻ പാടില്ല.

3) ക്വാളിറ്റി സർക്കിൾ പ്രവർത്തിക്കേണ്ടത് തസ്തികകളുടെ അടിസ്ഥാനത്തിലല്ല, വ്യക്തിഗത അടിസ്ഥാനത്തിലായിരിക്കണം.

4) ക്വാളിറ്റി സർക്കിളിന് തിരഞ്ഞെടുക്കുന്ന ഒരു കൺവീനർ ഉണ്ടായിരിക്കണം. കൺവീനറുടെ കാലാവധി രണ്ടു മാസമായിരിക്കും.

5) ക്വാളിറ്റി സർക്കിൾ 15 ദിവസത്തിലൊരിക്കൽ യോഗം ചേരണം. (ഒരു മാസത്തിലെ 15-ാം തിയതി യ്ക്ക് മുൻപുള്ള പ്രവർത്തി ദിവസവും, 30-ാം തിയതി യ്ക്ക് മുൻപുള്ള പ്രവർത്തി ദിവസവും).

6) യോഗത്തിന്റെ അജണ്ട-:

(i) കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ ഓഫീസുമായി ബന്ധപ്പെട്ട പൊതുകാര്യങ്ങളെ കുറിച്ചുള്ള വിശകലനം.

(ii) ജോലികൾ കുടിശ്ശികയില്ലായെന്ന് ഉറപ്പുവരുത്തുക.

(iii) പരാതി പരിഹാരം.

(iv) ജീവനക്കാരുടെ കാര്യപ്രാപ്തി വികസനം.

(v) ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ (മാസത്തിൽ ഒന്നെങ്കിലും ആസൂത്രണം ചെയ്യുക).

(vi) നൂതന ആശയങ്ങൾ.

(vii) കാര്യക്ഷമമായി പ്രവർത്തിക്കുന്നവരെ അഭിനന്ദിക്കൽ.

അനുബന്ധം 3.1 :

ഐ.എസ്.ഒ. കൺസൾട്ടന്റിന്റെ മുഖ്യ പ്രവർത്തനങ്ങൾ, ഫീസ്, പരിധി, ഭൗതിക നേട്ടം

നമ്പർ	മുഖ്യ പ്രവർത്തനങ്ങൾ	സമയ ദൈർഘ്യം (ഏറ്റവും കുറഞ്ഞ മനുഷ്യ ദിനം)	ഫീസ് - പരമാവധി തുക (രൂപ)	ഫീസ് നൽകുന്നതിന് പരിഗണിക്കേണ്ട ഭൗതിക നേട്ടം
1	പൗരസർവ്വേ ചോദ്യാവലി	2	6000	ചോദ്യാവലി
2	പൗരസർവ്വേ റിപ്പോർട്ട് തയ്യാറാക്കൽ	3	9000	പൗരസർവ്വേ റിപ്പോർട്ട്
3	ഫ്രണ്ട് ഓഫീസിന്റെയും, മെയിൻ ഓഫീസിന്റെയും അവസ്ഥാ വിശകലനം	2	6000	അവസ്ഥാ വിശകലന റിപ്പോർട്ട്
4	ഗുണമേന്മ നയരൂപീകരണം-പരിശീലനം	1	3000	ഗുണമേന്മാ നയവും, ഗുണമേന്മ ലക്ഷ്യങ്ങളും
5	ടി.ക്യു.എം കർമ്മപരിപാടി-ശില്പശാല	1	3000	കർമ്മപരിപാടി
6	ക്വാളിറ്റി മാന്വൽ തയ്യാറാക്കൽ-ശില്പശാല	1	3000	ക്വാളിറ്റി മാന്വൽ (മലയാളം)
7	ക്വാളിറ്റി മാന്വൽ (മലയാളം)	1	3000	ക്വാളിറ്റി മാന്വൽ (മലയാളം)
8	ക്വാളിറ്റി മാന്വൽ (ഇംഗ്ലീഷ്)	1	3000	ക്വാളിറ്റി മാന്വൽ (ഇംഗ്ലീഷ്)
9	പരിശീലനങ്ങൾ:			
	i. ആശയസ്വാംശീകരണം	1	3000	റിപ്പോർട്ട്-ഹാജറുൾപ്പെടെ
	ii. പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള പരിശീലനം	1/2	1500	റിപ്പോർട്ട്-ഹാജറുൾപ്പെടെ
	iii. 5 'എസ്' ഫ്രെയിം വർക്ക്	1/2	1500	റിപ്പോർട്ട്-ഹാജറുൾപ്പെടെ
	iv. ഒന്നാം കക്ഷി ഓഡിറ്റ്	1/2	1500	റിപ്പോർട്ട്-ഹാജറുൾപ്പെടെ
	v. ഇന്റേണൽ ഓഡിറ്റ്	1	1500	റിപ്പോർട്ട്-ഹാജറുൾപ്പെടെ
10	ക്വാളിറ്റി സർക്കിൾ രൂപീകരണം, മാർഗ്ഗരേഖ തയ്യാറാക്കൽ-ശില്പശാല	1/2	1500	കർമ്മപരിപാടി, ക്വാളിറ്റി മാന്വൽ റിപ്പോർട്ട്-ഹാജറുൾപ്പെടെ
11.	ഇന്റേണൽ ഓഡിറ്റ്- ആസൂത്രണവും, ഫോർമാറ്റ് തയ്യാറാക്കലും-ശില്പശാല	1	3000	കർപരിപാടി, റിപ്പോർട്ട്-ഹാജറുൾപ്പെടെ
12	തുടർ മോണിറ്ററിംഗിനും, വിലയിരുത്തലും കർമ്മപരിപാടി - ശില്പശാല	1	3000	കർമ്മപരിപാടി റിപ്പോർട്ട്-ഹാജറുൾപ്പെടെ
13	ചില്ലറ ചിലവുകൾ		7500	
	ആകെ	**18**	**58500**	

1) അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ എല്ലാ വിഭാഗം ജീവനക്കാർക്കും പ്രാതിനിധ്യം നൽകാൻ.

2) ക്വാളിറ്റി സർക്കിളിന്റെ അംഗസംഖ്യ ശരാശരി 5 പേരാകാം. ആകെ അംഗങ്ങളിൽ രണ്ടോ മൂന്നോ പേർ മൂന്നുമാസ കാലാവധി കഴിയുമ്പോൾ മാറിക്കൊണ്ടിരിക്കണം. തുടർച്ചയായി മൂന്നു മാസത്തിൽ കൂടുതൽ ഒരു ജീവനക്കാരും ക്വാളിറ്റി കൺട്രോൾ സർക്കിൾ അംഗമാകാൻ പാടില്ല.

3) ക്വാളിറ്റി സർക്കിൾ പ്രവർത്തിക്കേണ്ടത് തസ്തികകളുടെ അടിസ്ഥാനത്തിലല്ല, വ്യക്തിഗത അടിസ്ഥാനത്തിലായിരിക്കണം.

4) ക്വാളിറ്റി സർക്കിളിന് തിരഞ്ഞെടുക്കുന്ന ഒരു കൺവീനർ ഉണ്ടായിരിക്കണം. കൺവീനറുടെ കാലാവധി രണ്ടു മാസമായിരിക്കും.

5) ക്വാളിറ്റി സർക്കിൾ 15 ദിവസത്തിലൊരിക്കൽ യോഗം ചേരണം. (ഒരു മാസത്തിലെ 15-ാം തിയതി യ്ക്ക് മുൻപുള്ള പ്രവർത്തി ദിവസവും, 30-ാം തിയതി യ്ക്ക് മുൻപുള്ള പ്രവർത്തി ദിവസവും).

6) യോഗത്തിന്റെ അജണ്ട-:

(i) കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ ഓഫീസുമായി ബന്ധപ്പെട്ട പൊതുകാര്യങ്ങളെ കുറിച്ചുള്ള വിശകലനം.

(ii) ജോലികൾ കുടിശ്ശികയില്ലായെന്ന് ഉറപ്പുവരുത്തുക.

(iii) പരാതി പരിഹാരം.

(iv) ജീവനക്കാരുടെ കാര്യപ്രാപ്തി വികസനം.

(v) ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ (മാസത്തിൽ ഒന്നെങ്കിലും ആസൂത്രണം ചെയ്യുക).

(vi) നൂതന ആശയങ്ങൾ.

(vii) കാര്യക്ഷമമായി പ്രവർത്തിക്കുന്നവരെ അഭിനന്ദിക്കൽ.

അനുബന്ധം 3.2 :
ഐ.എസ്.ഒ. കൺസൾട്ടന്റ് നൽകേണ്ട പരിശീലനങ്ങൾ

ക്രമ നമ്പർ	പരിശീലന വിഷയം	ഏറ്റവും കുറഞ്ഞ സമയ ദൈർഘ്യം	പരിശീലന പങ്കാളികൾ
1.	പൗരസർവ്വേ നിർവ്വഹണം - ചോദ്യാവലി	2 മണിക്കൂർ	ജനപ്രതിനിധികൾ
2.	• ഫ്രണ്ട് ഓഫീസ് അവസ്ഥാ വിശകലനം • നവീകരണ സാധ്യതകൾ • കർമ്മപരിപാടി	2 ദിവസം	ജീവനക്കാർ, സ്റ്റിയറിംഗ് കമ്മിറ്റി
3.	ഗുണമേന്മാ നയരൂപീകരണം	1 ദിവസം	ജീവനക്കാരും ജനപ്രതിനിധികളും
4.	TQM കർമ്മപരിപാടി ശില്പശാല	1 ദിവസം	ജീവനക്കാരും ജനപ്രതിനിധികളും
5.	ക്വാളിറ്റി മാന്വൽ തയ്യാറാക്കൽ - ശില്പശാല	1 ദിവസം	ജീവനക്കാരും ജനപ്രതിനിധികളും
6.	TQM, ISO 9001:2008 ആശയസ്വാംശീകരണം	5 മണിക്കൂർ	ജീവനക്കാരും ജനപ്രതിനിധികളും
7.	പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ സാധ്യതകൾ	2 മണിക്കൂർ	ജീവനക്കാരും ജനപ്രതിനിധികളും
8.	നല്ല ഓഫീസ് പരിചരണം (5 'എസ്' ഫ്രെയിം വർക്ക്)	3 മണിക്കൂർ	ജീവനക്കാർ
9.	ഒന്നാം കക്ഷി ഓഡിറ്റ്	3 മണിക്കൂർ	ജനപ്രതിനിധികളും സെക്രട്ടറിയും
10.	ഇന്റേണൽ ഓഡിറ്റ്	5 മണിക്കൂർ	ജീവനക്കാർ
11.	ക്വാളിറ്റി സർക്കിൾ - മാർഗ്ഗരേഖ - പരിശീലന കലണ്ടർ	3 മണിക്കൂർ	ജീവനക്കാർ
12.	ഇന്റേണൽ ഓഡിറ്റ് കർമ്മപരിപാടി തയ്യാറാക്കൽ	5 മണിക്കൂർ	ജീവനക്കാർ
13.	തുടർ മോണിറ്ററിംഗ്, വിലയിരുത്തൽ കർമ്മപദ്ധതി	3 മണിക്കൂർ	ജീവനക്കാർ, ജനപ്രതിനിധികൾ

അനുബന്ധം 4 :
5 'S' ഫ്രെയിം വർക്ക് (5 'S' Framework)

ചിട്ടയും, വൃത്തിയും, കാര്യക്ഷമതയുമുള്ള ഓഫീസ് പ്രവർത്തനത്തിനും നല്ല തൊഴിൽ സംസ്കാരത്തിനും 5 'S' ഫ്രെയിം വർക്ക് അനുവർത്തിക്കാവുന്നതാണ്.

1. തരംതിരിക്കൽ (SORT)

"എന്ത്, ഏതളവിൽ, എവിടെ, എപ്പോൾ, എങ്ങനെ" ആവശ്യമുണ്ട് എന്ന തരത്തിലുള്ള തരം തിരിക്കൽ ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാകും. തരംതിരിച്ച് ആവശ്യമില്ലാത്തവ ജോലി സ്ഥലത്തു നിന്നും ഒഴിവാക്കുക.

ആവശ്യമുള്ളവ	ആവശ്യമില്ലാത്തവ
• എപ്പോഴും ആവശ്യമുള്ളവ	• ഒട്ടുംതന്നെ ആവശ്യമില്ലാത്തവ
• ചിലപ്പോൾ മാത്രം ആവശ്യമുള്ളവ	• ആവശ്യമില്ല, പക്ഷെ വേണ്ടി വന്നേക്കാം
• വിരളമായി ആവശ്യമുള്ളവ	• ആസൂത്രിതമായി കളയേണ്ട വസ്തുക്കൾ

2. ക്രമീകരണം (SET)

ആവശ്യമുള്ളവയുടെ ക്രമം അനുസരിച്ച് വേഗത്തിൽ എടുക്കാൻ സൗകര്യപ്രദമായ രീതിയിൽ തരം തിരിക്കുക. ഏതു വസ്തുവിനും അതിന്റേതായ സ്ഥാനം ഉണ്ടാകണം. എല്ലാ വസ്തുക്കളും അതിന്റേതായ സ്ഥാനത്ത് തന്നെ ഉണ്ടാകും എന്നും ഉറപ്പു വരുത്തുക. കാഴ്ചയിൽ തന്നെ സാധനങ്ങളുടെ സ്ഥാനവും ക്രമവും മനസിലാകത്തക്ക വിധത്തിൽ ചിത്രീകരിക്കുക. ഒരോ വസ്തുവും അതിനായി നിർദ്ദേശിച്ച സ്ഥാനത്തു മാത്രം വയ്ക്കാൻ കഴിയുന്ന രീതിയിലായിരിക്കണം സജ്ജീകരണങ്ങൾ ക്രമീകരിക്കേണ്ടത്.

3. തിളക്കം (SHINE)

മറ്റുള്ളവർ ശ്രദ്ധിക്കാത്തിടങ്ങൾ ഉൾപ്പെടെ എല്ലാ ഭാഗവും ശുചിയാക്കണം, ഭംഗിയാക്കണം. കാഴ്ചയുടെ കൗതുകമല്ല, ഫലപ്രാപ്തി കൂടി ആശ്രയിച്ചുവേണം ഭംഗി വിലയിരുത്തപ്പെടേണ്ടത്. ജോലി സ്ഥലം ശുചിയാക്കുന്നത് എല്ലാവരുടേയും ഉത്തരവാദിത്തമാണ്. സ്ഥലം തിരിച്ച് ഉത്തരവാദിത്തം ഏല്പിക്കുകയും ദിവസവും 5 മിനിറ്റ് ശുചീകരണ പ്രവർത്തിയ്ക്കുവേണ്ടി മാറ്റി വെയ്ക്കുകയും ചെയ്യേണ്ടതാണ്.

4. നിലവാര നിർണ്ണയം (STANDARDISE)

ആദ്യത്തെ 3'S'കളും നടപ്പാക്കുകവഴി ലഭ്യമാകുന്ന അവസ്ഥയ്ക്ക് സ്ഥിരത ഉണ്ടാക്കാനാവശ്യമായ രീതികൾക്കും സമ്പ്രദായങ്ങൾക്കും നിലവാരം നിർണ്ണയിക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചുപോകാതെ ആദ്യത്തെ 3'S'ന്റേയും സമന്വയം ഉറപ്പാക്കണം.

5. സ്ഥിരത (SUSTAIN)

5 'S' ഒരു ശീലമാക്കുക. ജീവനക്കാരിൽ അച്ചടക്കത്തിന്റേയും സ്വഭാവത്തിന്റേയും ഭാഗമായി 5 'S' മാറ്റുക എന്നതാണ് ഇവിടെ ലക്ഷ്യമിടുന്നത്.

റെക്കോർഡ് സൂക്ഷിപ്പ് നിശ്ചയിക്കുമ്പോൾ പരിഗണിക്കേണ്ടേ കാര്യങ്ങൾ

(എ) ദൈനംദിന പ്രവർത്തനത്തിന് അനിവാര്യമല്ലാത്ത രേഖകളും രജിസ്റ്ററുകളും റെക്കോർഡ് റൂമിൽ സൂക്ഷിക്കണം.

(ബി) റെക്കോർഡ് റൂമിൽ സൂക്ഷിക്കുന്ന മുഴുവൻ രേഖകളുടെയും വിവരം തരംതിരിച്ച് ലേബൽ പതിച്ച് പട്ടികകളായി തയ്യാറാക്കണം. പട്ടികയുടെ പകർപ്പുകൾ ആവശ്യാനുസരണം (സോഫ്റ്റ് കോപ്പിയോ, ഹാർഡ് കോപ്പിയോ) ലഭ്യമാക്കണം.

(സി) ഓരോ ഇനം റെക്കോർഡുകളും പ്രത്യേകം വേർതിരിച്ച് സൂക്ഷിക്കണം. അവയിലേതിൽ നിന്നും ആവശ്യം വേണ്ടത് മാത്രമായി അനായാസം തിരിച്ചെടുക്കാവുന്നവിധം ആകണം ഷെൽഫുകൾ/അലമാരകൾ ക്രമീകരിക്കേണ്ടത്. റെക്കോർഡുകൾ എടുത്തു കഴിഞ്ഞാൽ അവ വേഗത്തിൽ തിരിച്ചറിയാൻ കഴിയുന്ന തരത്തിലാവണം അലമാരയിൽ/ഷെൽഫിൽ അടക്കി വെക്കേണ്ടത്.

(ഡി) റെക്കോർഡ് റൂമിൽ ലഭ്യമായ രേഖകൾ പരസഹായമില്ലാതെ കണ്ടെത്തുന്നതിന് കഴിയുന്ന വിധത്തിൽ ആകണം പട്ടികകൾ തയ്യാറാക്കേണ്ടതും ലേബലുകൾ ക്രമീകരിക്കേണ്ടതും.

(ഇ) റെക്കോർഡ് റൂമിൽ നിന്നും രേഖകൾ നൽകുന്നതിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് ഉചിതമായ വിധത്തിലുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടങ്ങൾ, 1998 നിഷ്കർഷിക്കുന്ന രജിസ്റ്ററും ക്രമീകരിക്കേണ്ടതാണ്.

(എഫ്) വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്താതെ റെക്കോർഡ് റൂമിൽ നിന്നും രേഖകൾ പുറത്തുപോകുവാനോ തിരികെ വെക്കുവാനോ പാടില്ല.

(ജി) പകർപ്പുകൾ നൽകുന്നതിന് കേരള പഞ്ചായത്ത് രാജ് (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടങ്ങൾ, 1998 ൽ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

അനുബന്ധം 5:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ചെടുത്തതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ സോഫ്റ്റ് വെയറുകളും അവയുടെ ഉപയോഗവും ചുവടെ കൊടുക്കുന്നു.

ക്ര.നം.	സോഫ്റ്റ് വെയറുകൾ	ഉപയോഗം
1	സുലേഖ	പദ്ധതി രൂപീകരണം, അംഗീകാരം, നിർവ്വഹണം, പുരോഗതി വിലയിരുത്തൽ
2	സേവന (സിവിൽ രജിസ്ട്രേഷൻ)	ജനന/മരണ/വിവാഹ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും
3	സേവന (പെൻഷൻ)	സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവ വഴി അവശ വിഭാഗത്തിനു സഹായം എത്തിക്കുന്നതിന്.
4	സഞ്ചിത	പഞ്ചായത്ത് രാജ് - മുനിസിപ്പൽ നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയടങ്ങിയ ഇലക്ട്രോണിക് വിജ്ഞാന കോശം.
5	സഞ്ചയ	വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ, പി.എഫ്.എ ലൈസൻസ്, റെന്റ് ഓൺ ലാന്റ് & ബിൽഡിംഗ് തുടങ്ങിയ റവന്യൂ സംവിധാനം കൈകാര്യം ചെയ്യുന്നതിന്.
6	സചിത്ര	തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ.
7	സാംഖ്യ	അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബ്ബിൾ എൻട്രി അക്കൗണ്ടിംഗ്.
8	സ്ഥാപന	ജീവനക്കാരുടെ സേവന-വേതന വിവരങ്ങൾ.
9	സൂചിക	തദ്ദേശസ്ഥാപനങ്ങളിലെ ഓഫീസ് മാനേജ്മെന്റ്
10	സുഗമ	പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്.
11	സങ്കേതം	കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന്.
12	സകർമ്മ	പഞ്ചായത്ത്/നഗരസഭ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി തുടങ്ങിയ ഔദ്യോഗിക കമ്മിറ്റി തീരുമാനങ്ങൾക്കുള്ള വിവര വിനിമയ പാക്കേജ്.
13	സംവേദിത	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റ് ലഭ്യമാക്കുന്നതിന്.
14	സുജല	കുടിവെള്ളക്കരം, മീറ്റർ റീഡിംഗ് തുടങ്ങിയ കാര്യങ്ങൾ

അനുബന്ധം 6 :

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടാനുദ്ദേശിക്കുന്ന വർഷത്തെ പ്രതീക്ഷിത ചെലവ്

	പ്രവർത്തനങ്ങൾ	പ്രതീക്ഷിത ചെലവ് (തുക രൂപ)*
1	ഐ.എസ്.ഒ കൺസൾട്ടന്റിന്റെ ഫീസ്	പരമാവധി 60,000 (അറുപതിനായിരം) രൂപ
2	ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ബോഡിയുടെ ഫീസ്	പരമാവധി 50,000 (അമ്പതിനായിരം) രൂപ.
3	പൗരസമൂഹ സർവ്വേ നടത്താനും, റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുമുള്ള ചെലവ്.	ഗ്രാമപഞ്ചായത്തിൽ (സാമ്പിൾ, വിവരശേഖരണരീതി എന്നിവയ്ക്ക് അനുസരിച്ച് മാറ്റം വരും)
4	പശ്ചാത്തല സൗകര്യങ്ങളും, കമ്പ്യൂട്ടർ സംവിധാനവും	ഗ്രാമപഞ്ചായത്തിലെ സാഹചര്യത്തിനനുസരിച്ച്.
5	റെക്കോർഡ് റൂം പ്രമാണങ്ങളും രേഖകളും ഡിജിറ്റലൈസ് ചെയ്യുന്നെങ്കിൽ	ഗ്രാമപഞ്ചായത്തിലെ സാഹചര്യത്തിനനുസരിച്ച്.
6	ബോധവൽക്കരണ പരിപാടികളും തുടർ പരിശീലന പരിപാടികളും	ഗ്രാമപഞ്ചായത്തിലെ സാഹചര്യത്തിനനുസരിച്ച്.
7	സർവീലൻസ് ഓഡിറ്റിന് കൺസൾട്ടന്റിന്റെ സഹായം ** ലഭ്യമാക്കുന്നതിന്	പരമാവധി 10,000 (പതിനായിരം)രൂപ
8	സർവീലൻസ് ഓഡിറ്റ് ഫീസ് (സർട്ടിഫിക്കേഷൻ ബോഡിച്ചു)	പരമാവധി 25,000 (ഇരുപത്തയ്യായിരം) രൂപ

* പരമാവധി 25 ജീവനക്കാർക്ക് എന്ന നിരക്കിൽ

** ആവശ്യമെങ്കിൽ മാത്രം.

.....

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പരിധി നിശ്ചയിച്ചും യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 3866/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 28.12.2015

പരാമർശം:- വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.11.2015 ലെ തീരുമാനം നമ്പർ 2.6.

ഉത്തരവ്

പരാമർശിത തീരുമാനത്തിന്റെ വെളിച്ചത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് പരമാവധി 10,000/- (പതിനായിരം രൂപ മാത്രം) രൂപയും തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ പരിധിയിൽ അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 5 Vol. V	തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday	2016 മാർച്ച് 1 1st March 2016 1191 കുംഭം 17 17th Kumbham 1191 1937 ഫാൽഗുനം 11 11th Phalguna 1937	നമ്പർ No. 512

GOVERNMENT OF KERALA

Revenue (U) Department

NOTIFICATION

G. O. (P) No. 191/2016/R.D.

Dated, Thiruvananthapuram, 1st March, 2016
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിനെ (എസ്.ഐ.ആർ.ഡി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനു (കില) മായി സംയോജിപ്പിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (എം.എസ്) നം.184/2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 29.11.2016..

ഉത്തരവ്

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിനെ (എസ്.ഐ.ആർ.ഡി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനു (കില) മായി സംയോജിപ്പിക്കുന്നതിന് തത്വത്തിൽ അനുമതി നൽകികൊണ്ടും തീരുമാനിക്കേണ്ട സുപ്രധാന വിഷയങ്ങൾ സഹിതം ഇത് സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (കില) ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തിരമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഡയറക്ടർ സമർപ്പിക്കേണ്ടതും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിനെ (എസ്.ഐ.ആർ.ഡി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) യുമായി സംയോജിപ്പിക്കുന്ന പ്രക്രിയ മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി.കെ.ബേബി
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
പൊതുഭരണ (എസ്.സി) വകുപ്പ് (23.11.2018 -ലെ ഇനം നം. 488 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ സ്വയം നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ **(ഡി.എ)** വകുപ്പ്

സംഖ്യാസാധാരണം **3299/2016**/തസ്വഭവ തീയതി. തിരുവനന്തപുരം **02.12.2016.**

പരാമർശം :-1) 14.01.2015 തീയതിയിൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം നം. 2.3

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ, സർക്കാർ/അർദ്ധ സർക്കാർ/ ഗവ. അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ മേൽ പറഞ്ഞ ചില സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരിൽ നിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത വിഷയം പരാമർശം (1)ലെ കോ-ഓർഡിനേഷൻ സമിതി വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി.

2. മേൽ സാഹചര്യത്തിൽ ടെണ്ടർ ഒഴിവാക്കിവാങ്ങുന്ന സാധന സാമഗ്രികൾ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.കെ.മോഹനകുമാർ

ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } പഞ്ചായത്ത് ഡയറക്ടർ മുഖേന
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } നഗരകാര്യ ഡയറക്ടർ മുഖേന
എല്ലാ മുൻസിപ്പാലിറ്റി ചെയർമാൻ
ഡയറക്ടർ, പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് കുടുംബശ്രീ മാനേജ്മെന്റ് ഗ്രൂപ്പുകൾക്ക് സേവന തുക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 3383/2016/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം.13/12/2016.

പരാമർശം - 1. 30/11/2016 ലെ സ.ഉ.(സാധാ)നം. 3247/2016/ത.സ്വ.ഭ.വ. നം, ഉത്തരവ്.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/11/2016 ലെ 9051/ഡി/2016 കെ.എസ്.എച്ച്.ഒ. നമ്പർ കുറിപ്പ്.

ഉത്തരവ്

സംസ്ഥാനത്തെ തെരുവു നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി, പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളെ അംഗീകരിച്ചും അവർക്ക് അർഹമായ സേവന പ്രതിഫലം പദ്ധതി തുകയിൽ നിന്നും നൽകുന്നതിനും പരാമർശം ഒന്ന് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം രണ്ടിലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകൾക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നായപിടിത്തത്തിന് നായ ഒന്നിന് 1000/- (ആയിരം രൂപ മാത്രം) നിരക്കിൽ സേവന തുക നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി,
ഡെപ്യൂട്ടി സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും,
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും,
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം,
ഡയറക്ടർ, കൃഷി (മൃഗസംരക്ഷണ) വകുപ്പ്, തിരുവനന്തപുരം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം,
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്,
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

'' ഭരണഭാഷ-മാതൃഭാഷ ''

കേരള സർക്കാർ

നം. പിഎസ് 2 /628/2016 - ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ(പിഎസ്)വകുപ്പ്,
തിരുവനന്തപുരം, തീയതി, 14. 12. 2016

സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ - തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന മുഴുവൻ ഉത്തരവുകളും സർക്കുലറുകളും തദ്ദേശ സ്വയം ഭരണ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : 29.11.2016 ലെ 246/16/PS/M – LSGD – നമ്പർ കുറിപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന മുഴുവൻ ഉത്തരവുകളും സർക്കുലറുകളും തദ്ദേശ സ്വയം ഭരണ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി സമയ ബന്ധിതമായി ഇൻഫർമേഷൻ കേരള മിഷനു നൽകേണ്ടതാണ്. കൂടാതെ അവ പി.ഡി. എഫ് ഫോർമാറ്റിൽ webmaster@ikm.org.in എന്ന ഇ-മെയിൽ ഐ.ഡി.യിൽ കൂടി അയച്ച് കൊടുക്കേണ്ടതുമാണ്.

ടി.പി.വിജയകുമാർ
സ്പെഷ്യൽസെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
എക്സിക്കുട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ് / പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.1068103(3)/ഡി.എ 2/2016-തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 20.12.2016.

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർ വാദം നടത്തുന്നതിന് അഡ്വക്കേറ്റ് മുഖേന ഹാജരാകാതിരിക്കുന്ന നടപടി ഒഴിവാക്കുന്നത്-സംബന്ധിച്ച്.

സൂചന:- അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ 7.12.16ലെ AAG-RT/31508/16/WP(C) നം. കത്ത്

ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ചോദ്യം ചെയ്തു കൊണ്ട് അവരെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന റിട്ട് പെറ്റീഷനുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലപാടുകൾ അഡ്വക്കേറ്റ് മുഖേന വിശദമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ മിക്ക റിട്ട് പെറ്റീഷനുകളിലും ഹർജിക്കാർക്ക് അനുകൂലമായി ഉത്തരവുണ്ടാവുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവുകൾ അസാധുവാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത് പൊതുജന താല്പര്യത്തിന് അനുകൂലമായി കാണാനാവില്ല. ടി കേസ്സുകളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് വേണ്ടി അഡ്വക്കേറ്റ് മുഖേന എതിർ വാദം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഉചിതതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കണമെന്നും ബഹു. ഹൈക്കോടതി തന്നെ അഭിപ്രായപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ എതിർ വാദം നടത്തുന്നതിന് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലയേല്പിക്കുകയോ അല്ലെങ്കിൽ ബഹു. ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റ് മുഖേന റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ അവരുടെ വാദം ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചുമതലയേൽപ്പിച്ചവർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എതിർ കക്ഷിയായി ബഹു. ഹൈക്കോടതി ഉൾപ്പടെ വിവിധ കോടതികൾ മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ എതിർ വാദം നടത്തുന്നതിന് അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കേസുകൾ വിചാരണയ്ക്കു പരിഗണിക്കുന്ന സമയം അഡ്വക്കേറ്റ് ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. കേസ് നടത്തിപ്പിലെ

വീഴ്ചകൾ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും ബഹു. ഹൈക്കോടതിയുൾപ്പെടെ വിവിധ കോടതികൾ മുമ്പാകെ നിലനില്ക്കുന്ന കേസുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിച്ച് ആയത് കാലാനുസൃതമാക്കുന്നുണ്ടെന്നും, കേസ് നടത്തിപ്പിന് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തി ആവശ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും, കേസുകൾ പരിഗണിക്കുന്ന വേളയിൽ അഡ്വക്കേറ്റ് ഹാജരായി എതിർവാദം നടത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ കാര്യനിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടുള്ള വിവരം പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കേണ്ടതാണെന്നും കർശനമായി നിർദ്ദേശിക്കുന്നു.

ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കും
ഡയറക്ടർ, ഐ & പി. ആർ. ഡി/വെബ് ആൻഡ് ന്യൂമീഡിയ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

ഉത്തരവിൻ പ്രകാരം

Sharadadevi

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

No: 10/2016/LSGD Local Self Government(DB) Department,
Thiruvananthapuram,Dated: 27/12/2016

CIRCULAR

Sub:- Local Self Government Department- Registering all LSG Institutions with PAN- Reg

Ref: Letter no.: A1- 187/16 dt.14/06/2016 of Secretary, District Panchayath, Kannur.

The registration of Institutions with PAN is mandatory to get Service Tax Registration Number. Also PAN registration is important in all other tax related payments. Hence all the Local Self Government Institutions are advised to take PAN in the name of Institutions.

MOHANAKUMAR. A .K,
Joint Secretary

To
Director of Panchayats,Thiruvananthapuram
Director of Urban Affairs,Thiruvananthapuram
Commissioner for Rural Development,Thiruvananthapuram
All District Panchayath Secretaries
The Principal Accountant General(A&E,Audit),Thiruvananthapuram
Executive Director, IKM,Thiruvananthapuram
Stock File/Office Copy

Forwarded / By Order
Section Officer

GOVERNMENT OF KERALA

Abstract

Local Self Government Department – State Institute of Rural Development(SIRD) renamed as "Kerala Institute of Local Administration (KILA) – Centre for Human Resource Development" and the post of Director re-designated as 'Regional Director ' – orders issued.

Local Self Government (IB) Department

G.O.(Rt) No.3522/2016/LSGD Dated, Thiruvananthapuram,27.12.2016.

Read :- 1. G.O.(Ms) No. 184/16/LSGD dated 29.11.2016.
2. Minutes of the Review meeting held on 01.12.2016 on the Policy announcement in the Governor's Address and important announcements in the Budget Speech.

ORDER

As per the G.O. read as 1st paper above inprinciple sanction was accorded to integrate State Institute of Rural Development (SIRD) with Kerala Institute of Local Administration (KILA).

In this circumstance, Government are pleased to rename SIRD as "Kerala Institute of Local Administration (KILA) – Centre for Human Resource Development" and to redesignate the post of Director as "Regional Director".

(By Order of the Governor),

T.K.JOSE
Principal Secretary to Government

To

The Commissioner for Rural Development, Thiruvananthapuram
The Director of Panchayats,Thiruvananthapuram
The Director, State Institute of Rural Development, Kottarakkara
The Director, Kerala Institute of Local Administration, Thrissur.
The Information Officer, Web & New Media
The Executive Director, Information Kerala Mission
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
SF/OC.

Forwarded / By Order,

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്ക് സമാനമായ **"പൊതുഅധികാരി"** (Public Authority) യായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (പി.എസ്.) വകുപ്പ്

സ.ഉ (സാ.) നം. 63/ 2017 / ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 09.01. 2017

പരാമർശം :- 1. 09.05.06 ലെ 11259/സി.ഡി.എം.5/2006/പൊ.ഭ.വ. നമ്പർ പ്രകാരവും 18.05.06 ലെ 893 ാം നമ്പർ അസാധാരണഗസറ്റ് വഴിയും പുറപ്പെടുവിച്ച S.R.O.385/2006 നമ്പർ വിജ്ഞാപനം

2. 18.12.07 ലെ G.O.(P)540/2007/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 22.12.07 ലെ 2290 ാം നമ്പർ അസാധാരണ ഗസറ്റ് വഴിയും പുറപ്പെടുവിച്ച S.R.O. 1074/2007 നമ്പർ വിജ്ഞാപനം

3. 21.04.2016 ലെ സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ 13019/SIC-Gen 4/2015 നമ്പർ ഉത്തരവ്

ഉത്തരവ്

പൊതുജനങ്ങൾ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ 10/- രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷകൾ ചില പഞ്ചായത്തുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിക്കാൻ വിസമ്മതിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങൾ പ്രകാരം അപേക്ഷ ഫീസ് അടയ്ക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ Public authorities other than Government Departments എന്നുള്ള വിഭാഗത്തിൽപ്പെടുമെന്നും ആയതിനാൽ കേരള വിവരാവകാശ (ഫീസിന്റെയും ചെലവിന്റെയും ക്രമീകരണം) ചട്ടങ്ങളിലെ 3 ാം ചട്ടത്തിലെ (2)ാം ഉപചട്ടത്തിലെ (സി)യും (ഡി)യും ഖണ്ഡങ്ങൾ പ്രകാരമായിരിക്കും വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടി വരികയെന്നും തന്മൂലം അപേക്ഷ ഫീസ് കോർട്ട് ഫീസ് സ്റ്റാമ്പായി സ്വീകരിക്കാൻ കഴിയുകയില്ലെന്നും പകരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഓഫീസിൽ ക്യാഷ് ആയിട്ടോ ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്ക് ചെക്ക്/പേ ഓർഡർ എന്നിവ ആയിട്ടോ മാത്രമേ അപേക്ഷാ ഫീസ് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നുമാണ് അപേക്ഷാ ഫീസ് കോർട്ട് ഫീസ് സ്റ്റാമ്പ് ആയി സ്വീകരിക്കാൻ വിസമ്മതിക്കുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ വ്യാഖ്യാനം. പഞ്ചായത്തുകൾ Public authorities other than Government Departments എന്ന വിഭാഗത്തിലാണോ Public Authority എന്ന വിഭാഗത്തിലോണോ ഉൾപ്പെടുന്നത് എന്നുള്ള കാര്യത്തിൽ വ്യക്തതയില്ലാത്തതാണ് ഇതിന് കാരണം. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചതിനാൽ അപേക്ഷ സ്വീകരിക്കാനാവില്ല എന്നത് നിലവിലുള്ള നിയമവും ചട്ടങ്ങളും പ്രകാരം നിലനിൽക്കുന്നതല്ല എന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ പരാമർശം രണ്ടിലെ ഉത്തരവിലൂടെ വിലയിരുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളെ Public Authority/ Public authorities other than

Government Departments എന്ന് വേർതിരിക്കുന്നത് ഒരു ഭരണപരമായ കാര്യം മാത്രമായതിനാൽ അതിൽ നിയമപ്രശ്നങ്ങളൊന്നും ഉൾപ്പെടുന്നില്ല. പൊതുജനങ്ങളുടേയും വിവരം തേടുന്നവരുടേയും സൌകര്യം കണക്കിലെടുത്ത് കൊണ്ട് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കുന്ന കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ സർക്കാർ വകുപ്പുകൾക്ക് സമാനമായ "**പൊതുഅധികാരി**" (Public Authority) യായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം,
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2015-16 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ. (സാധാ) നം. 180/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 21.01.2017

പരാമർശം: സർക്കാർ ഉത്തരവ് (സാധാ) നം.3561/2015/തസ്വഭവ തീയതി 30.12.2016.

ഉത്തരവ്

2015-16 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
മെമ്പർ (ഡീ സെൻട്രലൈസ്ഡ് പ്ലാനിംഗ്), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മികച്ച ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2015-2016

മികച്ച ഗ്രാമ പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. 3 ഗ്രാമസഭകൾ കൂടിയിരിക്കണം (ഗ്രാമ സഭ മിനിട്ട്സ് പൂർത്തിയായിരിക്കണം)
2. മൊത്തം വികസന ഫണ്ടിന്റെ 70% ചെലവഴിച്ചിരിക്കണം (എസ്.സി.പി/റ്റി.എസ്.പി എന്നീ ഇനങ്ങളിൽ 70%) (ലോകബാങ്ക്, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായം ഒഴികെ) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത കാരണങ്ങളാൽ ഫണ്ട് ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ബാദ്ധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും
3. 2015-16 സാമ്പത്തിക വർഷം നികുതി പിരിവ് 90% പൂർത്തീകരിച്ചിരിക്കണം
4. 2015-16 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ് നിശ്ചിത സമയ പരിധിക്കുള്ളിൽ (31.07.2016-ന് മുമ്പ്) സമർപ്പിച്ചിരിക്കണം
5. മെയിന്റനൻസ് ഫണ്ട് 70% ചെലവഴിച്ചിരിക്കണം
6. ആശ്രയ പദ്ധതി നടപ്പിലാക്കിയിരിക്കണം
7. സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടികൾ തദ്ദേശസ്ഥാപനത്തിന് എതിരെ ഉണ്ടായിരിക്കരുത്

അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

ഗ്രാമസഭ (4 മാർക്ക്)

(I) ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. ആകെ ഗ്രാമസഭാ യോഗങ്ങളിലെ ശരാശരി ജന പങ്കാളിത്തം അടിസ്ഥാനമാക്കിയായിരിക്കും ശതമാനം കണക്കാക്കുന്നത് പ്രത്യേക വിഷയം ആസ്പദമാക്കിയുള്ള ഗ്രാമ സഭകളും വിശേഷാൽ ഗ്രാമസഭകളും ഇതിൽ ഉൾപ്പെടുന്നില്ല.

1.	മൊത്തം വോട്ടർമാരുടെ 11% മുതൽ15% വരെ	-	1 മാർക്ക്
2.	15% മുകളിൽ 20% വരെ	-	2 മാർക്ക്
3.	20% മുകളിൽ 25% വരെ	-	3 മാർക്ക്
4.	25% മുകളിൽ	-	4 മാർക്ക്

(II) പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1/2 മാർക്കുവീതം പരാമാവധി 6 മാർക്ക് നൽകാവുന്നതാണ്. മെമ്പർമാരുടെ പങ്കാളിത്തം 80% ൽ അധികമായിരിക്കണം.

(III) സ്റ്റാന്റിംഗ് കമ്മിറ്റി/സ്റ്റിയറിംഗ് കമ്മിറ്റി (4 മാർക്ക്)

1. ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12-ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1/2 മാർക്ക് വീതം പരമാവധി 3 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം
2. സ്റ്റിയറിംഗ് കമ്മിറ്റിയോഗം 6 എണ്ണത്തിൽ കൂടുതൽ 1 മാർക്ക്

(IV) നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 2 മാർക്ക്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 6-ൽ കൂടുതൽ നടത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

(V) കുടുംബശ്രീ/ആശ്രയ/ ജാഗ്രത സമിതി/ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പദ്ധതികൾ (9മാർക്ക്)

കുടുംബശ്രീ പ്രവർത്തനങ്ങൾ കവറേജ്, പ്രാദേശിക സാമ്പത്തിക വികസനത്തിനായി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന സാമ്പത്തിക സഹായം, സംഘകൃഷിപദ്ധതി സംയോജനം, വിലയിരുത്തൽ, സമിതി പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി അപേക്ഷയോടൊപ്പം നൽകേതാണ്.

1. ആശ്രയ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം

(a)	81% - 90% വരെ	-	1/2 മാർക്ക്
(b)	90% -ന് മുകളിൽ 100% വരെ	-	1 മാർക്ക്
(c)	രണ്ടാംഘട്ടം തുടർപദ്ധതി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക്	-	1 1/2 മാർക്ക്

2. വനിതകളുടെ കൂട്ടായ്മയിലൂടെ സംഘകൃഷി ഏർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പുകളുടെ എണ്ണം

(a)	ഒരു ഗ്രൂപ്പ് മുതൽ 2 വരെ	-	$^1/_2$ മാർക്ക്
(b)	3 മുതൽ 5 വരെ	-	1 മാർക്ക്
(c)	6 മുതൽ 10 വരെ	-	1 $1/_2$ മാർക്ക്
(d)	കരാർ കൃഷി ഏറ്റെടുത്തവർക്ക്	-	1/2 മാർക്ക്

3. ജാഗ്രതാസമിതി

a. വാർഡ്തല സമിതി 1 മാർക്ക്

b. പഞ്ചായത്ത് തല സമിതി 1 മാർക്ക്

c. നിയമസഹായ സമിതി, 1 മാർക്ക്

d. നിർഭയ ഹെൽപ്പ് ഡെസ്ക്കുകൾ ഏർപ്പെടുത്തിയ ഗ്രാമ പഞ്ചായത്തുകൾ 1 മാർക്ക്

4. ബഡ്സ് സ്കൂൾ/ബേസിക് റിസോഴ്സ് സെന്റർ/പകൽവീട് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

(VI) വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (16 മാർക്ക്)

1. പദ്ധതി വിഹിതം ചെലവ് 70% ന് മുകളിൽ 100% വരെ ചുവടെപ്പറയും പ്രകാരം മാർക്ക് നൽകാവുന്നത് (5 മാർക്ക്)

71% മുതൽ 80% വരെ	-	1 മാർക്ക്
80% - ന് മുകളിൽ 85% വരെ	-	2 മാർക്ക്
85% - ന് മുകളിൽ 90% വരെ	-	3 മാർക്ക്
90% - ന് മുകളിൽ 95% വരെ	-	4 മാർക്ക്
95% - ന് മുകളിൽ 100% വരെ	-	5 മാർക്ക്

2. പദ്ധതി തുകയുടെ ജനറൽ വിഭാഗത്തിന്റെ 5% വരെ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് 1/2 മാർക്കും 5% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

3. ഉൽപാദനമേഖലയിലെ ചെലവ്, മൊത്തം പദ്ധതി തുകയുടെ 20% കൂടുതലാണെങ്കിൽ 2 മാർക്കും 30% കൂടുതലാണെങ്കിൽ 4 മാർക്ക്

4. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക, മൊത്തം പദ്ധതി തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1/2 മാർക്കും 15% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

5. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്കു മാത്രമായി പ്രയോജനം ചെയ്യുന്ന പ്രൊജക്ടുകൾ ഉ ണ്ടെങ്കിൽ 1 മാർക്ക്

6. വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി തുകയുടെ 5%മുതൽ 7% വരെയാണെങ്കിൽ 1/2 മാർക്കും 7% മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

7. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

8. 2015-16 വർഷത്തിലെ പദ്ധതിയുടെ ഡി.പി.സി അംഗീകാരം 31.03.2015-ന് മുമ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ - 2 മാർക്ക്

V11. **സാമൂഹ്യസുരക്ഷിതത്വ പെൻഷൻ (2 മാർക്ക്)**

1. വിവിധ സാമൂഹ്യ പെൻഷനുകൾക്കുവേണ്ടി 28.02.2016 നകം ലഭിച്ച അപേക്ഷകളിൻമേൽ തീർപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 2 മാർക്ക് നൽകാവുന്നതാണ്.

1.	80% - 90% വരെ	-	1/2 മാർക്ക്
2.	90% ന് - മുകളിൽ 100% ൽ താഴെ	-	1 മാർക്ക്
3.	100% വും തീർപ്പാക്കിയിട്ടുണ്ടെങ്കിൽ	-	2 മാർക്ക്

V111. **തനതു ഫണ്ട് (6 മാർക്ക്)**

1. ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവ് മുൻ വർഷത്തേക്കാൾ

(a)	20% മുതൽ 30% വരെ	-	1 മാർക്കും,
(b)	30% മുകളിൽ 40% വരെ	-	2 മാർക്കും
(c)	40% മുകളിൽ 50% വരെ	-	3 മാർക്കും
(d)	50% മുകളിൽ	-	4 മാർക്കും നൽകാവുന്നതാണ്.

2. പരസ്യനികുതി ബൈലാ പാസ്സാക്കി പിരിവ് നടത്തുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 2 മാർക്ക്

1X. **നികുതികളും ഫീസും പിരിവ് (8 മാർക്ക്)**

91% - 92% വരെ	-	1/2 മാർക്ക്
92% - ന് മുകളിൽ 93% വരെ	-	1 മാർക്ക്
93% - ന് മുകളിൽ 94% വരെ	-	2 മാർക്ക്
94% - ന് മുകളിൽ 95% വരെ	-	3 മാർക്ക്
95% - ന് മുകളിൽ 96% വരെ	-	4 മാർക്ക്
96% - ന് മുകളിൽ 97% വരെ	-	5 മാർക്ക്
97% - ന് മുകളിൽ 98% വരെ	-	6 മാർക്ക്
98% - ന് മുകളിൽ 100% താഴെ	-	7 മാർക്ക്
100% - ന്	-	8 മാർക്ക്

X. **മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)**

മെയിന്റൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

(1)	70% - 80%	-	1 മാർക്ക്
(2)	80%-ന് മുകളിൽ 90% വരെ	-	2 മാർക്ക്
(3)	90%-ന് മുകളിൽ 95% വരെ	-	3 മാർക്ക്
(4)	95%-ന് മുകളിൽ 100% താഴെ	-	4 മാർക്ക്
(5)	100% -	-	5 മാർക്ക്

X1. **ശുചിത്വം (8 മാർക്ക്)**

1) 2015-2016 വർഷത്തിൽ വാർഡ്തലത്തിൽ, 10,000/- രൂപ വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിലെ 100% ചെലവ് (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ) - 2 മാർക്ക്

2)ഖരമാലിന്യ സംസ്കരണത്തിന് മാർക്കറ്റ്, പൊതുജനാരോഗ്യ കേന്ദ്രം, സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മാലിന്യസംസ്കരണപ്ലാന്റുകൾ ഏർപ്പെടുത്തിയിട്ടു ണ്ടെങ്കിൽ 2 മാർക്ക് (പ്രവർത്തനക്ഷമമായിരിക്കണം)

3) മാർക്കറ്റ്/പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ഏർപ്പെടുത്തിയിട്ടു ണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം) 2 മാർക്ക്

4) പൊതുജനാരോഗ്യപ്രവർത്തനങ്ങൾ (കൊതുകുനിവാരണം, മെഡിക്കൽ ക്യാമ്പുകൾ പകർച്ച വ്യാധി നിയന്ത്രണ മാർഗ്ഗങ്ങൾ) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

XII. **നൂതനവും അനുകരണീയവുമായ പദ്ധതികൾ (5 മാർക്ക്)**

2015-16 വർഷത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 3 മാർക്കും, ഒന്നിൽ കൂടുതൽ ഉള്ള ഓരോ പദ്ധതിയ്ക്കും 1 മാർക്കു വീതം പരമാവധി 5 മാർക്ക് നൽകാവുന്നതാണ് (മുൻ വർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ) അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.

XIII **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (5 മാർക്ക്)**

a) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ നൽകിയ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയതിന്

1. 20% - മുതൽ 40% കുടുംബങ്ങൾക്ക്തൊഴിൽ നൽകിയതിന് - 1 മാർക്ക്
2. 40% - ന് മുകളിൽ 60% വരെ കുടുംബങ്ങൾക്ക്തൊഴിൽ നൽകിയതിന് - 2 മാർക്ക്
3. 60% - ന് മുകളിൽ - 3 മാർക്ക്

b) മെറ്റീരിയൽ കംബോണന്റ് 20%-40% വരെ ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ - 1 മാർക്ക്

c) മറ്റ് വകുപ്പുകൾ ചേർന്ന് ആസ്തിവികസന പ്രോജക്ടുകൾ എടുത്തിട്ടുണ്ടെങ്കിൽ - 1 മാർക്ക്

XIV. **ഫ്രണ്ട് ആഫീസ് (4 മാർക്ക്)**

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 4 മാർക്ക് നൽകേ ണ്ടതാണ്.

1. പൊതുജനങ്ങൾക്കായി കിയോസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

2. പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളസംവിധാനം എന്നിവ

ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1/2 മാർക്ക്
ഇല്ലെങ്കിൽ നെഗറ്റീവ് -1/2 മാർക്ക്

3. പൊതുജനങ്ങൾക്ക് ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടു ണ്ടെങ്കിൽ 1/2 മാർക്ക്
ഇല്ലെങ്കിൽ നെഗറ്റീവ് -1/2 മാർക്ക്
4. പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുങ്കിൽ 1/2 മാർക്ക്
5. വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടു ണ്ടെങ്കിൽ 1 മാർക്ക്
6. പരാതിപുസ്തകം/പരാതിപ്പെട്ടി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

XV <u>കമ്പ്യൂട്ടർവൽക്കരണം - (2 മാർക്ക്)</u>

1.സൂചിക(ബാക്ക് ഓഫീസ്) സേവന, (പെൻഷൻ) സേവന (ജനന-മരണ രജിസ്ട്രേഷൻ), സഞ്ചയ എന്നീ സോഫ്റ്റ് വെയറുകളിലൂടെ മാത്രം സേവനം നൽകുന്നുണ്ടെങ്കിൽ 1 മാർക്ക്

2.ഓൺലൈൻ ടാക്സ് പേമെന്റ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

3.ഓൺലൈൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

XVI <u>ISO സർട്ടിഫിക്കറ്റ് - (2 മാർക്ക്)</u>

2015-16 വർഷം ISO സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ 2 മാർക്ക്

XVII <u>പൊതുവിഷയങ്ങൾ (12 മാർക്ക്)</u>

1. പാലിയേറ്റീവ് കെയർ സംവിധാനം - ഭവന സന്ദർശന സൗകര്യം ഉ ണ്ടെങ്കിൽ 2 മാർക്ക്
2. പ്രവർത്തനക്ഷമമായ അറവ്ശാല ഉ ണ്ടെങ്കിൽ 2 മാർക്ക്
3. പൊതുശ്മശാനം സൗകര്യം ഒരുക്കിയിട്ടു ണ്ടെങ്കിൽ 2 മാർക്ക്
(പ്രവർത്തനക്ഷമമായിരിക്കണം)
4. ദുരിതാശ്വാസ നിധി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ 2 മാർക്ക്
5. എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്
6. ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ സമയബന്ധിതമായി 80% തീർപ്പാക്കിയിട്ടുണ്ടെങ്കിൽ 1 മാർക്ക്
7. പഞ്ചായത്ത് തലത്തിലുള്ള എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ഉ ണ്ടെങ്കിൽ 1 മാർക്ക്
8. ലോക്കൽ ഫണ്ട് ആഡിറ്റ് 2005 വരെയുള്ള എല്ലാ ആഡിറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ 1/2 മാർക്ക്
9. ലോക്കൽ ഫണ്ട് ആഡിറ്റ് 2010 വരെയുള്ള എല്ലാ ആഡറ്റ് പരാമർശങ്ങളും പരിഹരിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്

ആകെ 100 മാർക്ക്

==========

മികച്ച ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2015-2016
മികച്ച ജില്ലാ പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് 2015-2016 വർഷത്തിൽ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. മൊത്തം വികസന ഫണ്ടിന്റെ 70% ചെലവഴിച്ചിരിക്കണം
2. 2015-16 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ് നിശ്ചിത സമയപരിധിക്കുള്ളിൽ (31.07.2016-ന് മുമ്പ്) സമർപ്പിച്ചിരിക്കണം.
3. മെയിന്റനൻസ് ഫണ്ട് 70% ചെലവഴിച്ചിരിക്കണം
4. സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടികൾ തദ്ദേശസ്ഥാപനത്തിന് എതിരെ ഉണ്ടായിരിക്കരുത്

അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി ചുവടെപ്പറയുന്ന മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

(I) **പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)**

എ) ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1/2 മാർക്കു വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്.

ബി) അജണ്ട നോട്ട് എല്ലാ കമ്മിറ്റികൾക്കും നൽകിയിട്ടുണ്ടെങ്കിൽ 1 മാർക്ക്

സി) തീരുമാന രജിസ്റ്റർ എല്ലാ കമ്മിറ്റികൾക്കും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ (എല്ലാ കമ്മിറ്റികളുടെയും തീരുമാനങ്ങൾ തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ) 1 മാർക്ക്

(II) **സ്റ്റാന്റിംഗ് കമ്മിറ്റി (4 മാർക്ക്)**

1. ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ/പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12-ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1/2 മാർക്ക് വീതം പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം

(III) **കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം (3 മാർക്ക്)**

എ) കൈമാറ്റം ചെയ്യപ്പെട്ട വകുപ്പിലെ സ്ഥാപനമേധാവികളുടെ യോഗം 3 മുതൽ 6 വരെ - 2 മാർക്ക്

ബി) 6-ൽ കൂടുതൽ ചേർത്തിട്ടുണ്ടെങ്കിൽ - 3 മാർക്ക്

(IV) ഇ-ഗവേർണൻസ് (6 മാർക്ക്)

എ)	2015-16 വർഷത്തെ പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് സുഗമ സോഫ്റ്റ് വെയർ മുഖേന ചെയ്തിട്ടുണ്ടെങ്കിൽ	-	2 മാർക്ക്
ബി)	ഓഫീസിൽ എല്ലാ സെക്ഷനുകൾക്കും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	-	2 മാർക്ക്
സി)	2015-16 വർഷത്തെ പ്രവൃത്തികൾ/വാങ്ങലുകൾ ഇ-ടെന്റൻ മുഖേന നടത്തിയിട്ടുണ്ടെങ്കിൽ	-	2 മാർക്ക്

(V) ഫ്രണ്ട് ആഫീസ് (7 മാർക്ക്)

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ജില്ലാ പഞ്ചായത്തുകൾക്ക് പരമാവധി 7 മാർക്ക് നൽകാവുന്നതാണ്.

എ) പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ	-	1 മാർക്ക്
ബി) ഫ്രണ്ട് ആഫീസ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ	-	2 മാർക്ക്
സി) പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ള സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	-	1 മാർക്ക്
ഡി) പൊതുജനങ്ങൾക്ക് ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	-	1 മാർക്ക്
ഇ) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ	-	1 മാർക്ക്
എഫ്) വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	-	1 മാർക്ക്

VI. വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (34 മാർക്ക്)

എ) **പദ്ധതി ചെലവ്**

70%-ന് മുകളിൽ - 75% വരെ	-	1 മാർക്ക്
75%-ന് മുകളിൽ 80% വരെ	-	2 മാർക്ക്
80%-ന് മുകളിൽ 85% വരെ	-	3 മാർക്ക്
85%-ന് മുകളിൽ 90% വരെ	-	4 മാർക്ക്
90%-ന് മുകളിൽ 95% വരെ	-	5 മാർക്ക്
95%-ന് മുകളിൽ 100% -ന് താഴെ	-	6 മാർക്ക്
100%	-	7 മാർക്ക്

1. ഉൽപ്പാദനമേഖലയിലെ ചെലവ് മൊത്തം പദ്ധതി തുകയുടെ 20% മുതൽ 30% വരെ 2 മാർക്കും 30% ത്തിൽ കൂടുതലാണെങ്കിൽ - 5 മാർക്ക്
2. വനിതാ ക്ഷേമ പ്രവർത്തനങ്ങളക്ക് ചെലവാക്കിയ തുക മൊത്തം പദ്ധതി വിഹിതം തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1 മാർക്കും 15% നു മുകളിൽ 2 മാർക്കും നൽകാവുന്നതാണ്.

3. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്കുമാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ - 2 മാർക്ക്
4. വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി വിഹിതം തുകയുടെ 5% മുതൽ 7% വരെയാണെങ്കിൽ 1 മാർക്കും 7% മുകളിൽ 2 മാർക്കും നൽകാവുന്നതാണ്.
5. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്
6. പദ്ധതിയുടെ ഡി.പി.സി അംഗീകാരം 31.03.2015-നോ അതിനുമുമ്പോ

ലഭിച്ചിട്ടുണ്ടെങ്കിൽ	-	4 മാർക്ക്
01.04.2015-ന് ശേഷം 31.05.2015 വരെ	-	3 മാർക്ക്

7. ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ

സംയുക്ത പ്രോജക്ടുകൾ ഉണ്ടെങ്കിൽ	-	1 മാർക്ക്

8. ഏറ്റെടുത്ത പ്രോജക്ടുകളുടെ പൂർത്തീകരണം

75% - 80%വരെ	-	1 മാർക്ക്
80%-ന് മുകളിൽ 85% വരെ	-	2 മാർക്ക്
85%-ന് മുകളിൽ 90% വരെ	-	4 മാർക്ക്
90%-ന് മുകളിൽ 95% വരെ	-	6 മാർക്ക്
95%-ന് മുകളിൽ 100% വരെ	-	8 മാർക്ക്
100%	-	10 മാർക്ക്

VII. മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)

മെയിന്റൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

(1)	70% - 80%	-	1 മാർക്ക്
(2)	80%-ന് മുകളിൽ 90% വരെ	-	2 മാർക്ക്
(3)	90%-ന് മുകളിൽ 95% വരെ	-	3 മാർക്ക്
(4)	85%-ന് മുകളിൽ 100% താഴെ	-	4 മാർക്ക്
(5)	100% -	-	5 മാർക്ക്

VIII. ലോക്കൽ ഫണ്ട് ആഡിറ്റ് (5 മാർക്ക്)

ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കിയതിന്റെ ശതമാനം.

(1)	10% - 20% വരെ	-	1 മാർക്ക്
(2)	20%-ന് മുകളിൽ 30% വരെ	-	2 മാർക്ക്
(3)	30%-ന് മുകളിൽ 40% വരെ	-	3 മാർക്ക്
(4)	40%-ന് മുകളിൽ 50% താഴെ	-	4 മാർക്ക്
(5)	50% - ന് മുകളിൽ	-	5 മാർക്ക്

IX. **അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് (5 മാർക്ക്)**

അക്കൗണ്ട് ജനറൽ ആഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കിയതിന്റെ ശതമാനം

(1)	10% - 20% വരെ	-	1 മാർക്ക്
(2)	20%-ന് മുകളിൽ 30% വരെ	-	2 മാർക്ക്
(3)	30%-ന് മുകളിൽ 40% വരെ	-	3 മാർക്ക്
(4)	40%-ന് മുകളിൽ 50% താഴെ	-	4 മാർക്ക്
(5)	50% - ന് മുകളിൽ	-	5 മാർക്ക്

X **എസ്.സി.പി പ്രോജക്ടുകൾ ചെലവ് (5 മാർക്ക്)**

(1)	60% - 70% വരെ	-	1 മാർക്ക്
(2)	70%-ന് മുകളിൽ 80% വരെ	-	2 മാർക്ക്
(3)	80%-ന് മുകളിൽ 90% വരെ	-	3 മാർക്ക്
(4)	90%-ന് മുകളിൽ 100% ന് താഴെ	-	4 മാർക്ക്
(5)	100% - ന് മുകളിൽ	-	5 മാർക്ക്

XI. **റ്റി.എസ്.പി പ്രോജക്ടുകൾ ചെലവ് (5 മാർക്ക്)**

(1)	60% - 70% വരെ	-	1 മാർക്ക്
(2)	70%-ന് മുകളിൽ 80% വരെ	-	2 മാർക്ക്
(3)	80%-ന് മുകളിൽ 90% വരെ	-	3 മാർക്ക്
(4)	90%-ന് മുകളിൽ 100% താഴെ	-	4 മാർക്ക്
(5)	100% - ന് മുകളിൽ	-	5 മാർക്ക്

XII. **നൂതനവും അനുകരണീയവുമായ പദ്ധതികൾ (5 മാർക്ക്)**

2015-16 വർഷത്തിൽ നൂതനവും അനുകരണീയവുമായ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 3 മാർക്കും ഒന്നിൽ കൂടുതലുള്ള ഓരോ പദ്ധതിയ്ക്കും 1 മാർക്കു വീതം പരമാവധി 5 മാർക്ക് നൽകാവുന്നതാണ് (മുൻ വർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ) അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.)

XIII. **ഐ.എ.വൈ ഭവന നിർമ്മാണം (5 മാർക്ക്)**

ജില്ലാ വിഹിതമായി വകയിരുത്തേണ്ട തുകയിൽ 100% വകയിരുത്തി, നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിൽ - 5 മാർക്ക്

XIV **ISO അംഗീകാരം - (5 മാർക്ക്)**

ISO അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ (2014-15 സാമ്പത്തിക വർഷവും പ്രാബല്യത്തിലുണ്ടായിരിക്കണം) - 5 മാർക്ക്

ആകെ - 100 മാർക്ക്

മികച്ച ബ്ലോക്ക് പഞ്ചായത്ത് തെരെഞ്ഞെടുപ്പ് 2015-16

മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് 2015-16 വർഷത്തിൽ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം.

1) മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് വികസന ഫണ്ടിന്റെ 80% തുക ചെലവഴിച്ചിരിക്കണം.

2) 2015-16 സാമ്പത്തിക വർഷം വരെയുള്ള AFS സമർപ്പിച്ചിരിക്കണം

3) മെയിന്റനൻസ് ഫണ്ടിന്റെ (നോൺ റോഡ്) കാര്യത്തിലും 80% തുക ചെലവഴിച്ചിരിക്കണം.

4) അവാർഡ് കാലയളവിൽ (2015-16) സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടികൾ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് എതിരേ ഉണ്ടായിരിക്കരുത്.

മേൽ വിവരിച്ച അനിവാര്യമായ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

മികച്ച ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർക്കും.

1) പദ്ധതി വിഹിതം 81% മുതൽ 90% വരെ ചെലവാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും 1/2 മാർക്ക് വീതവും 91 മുതൽ 100% വരെ ചെലവാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓരോ ശതമാനത്തിനും 1 മാർക്ക് വീതം പരമാവധി 15 മാർക്ക് നൽകാവുന്നതാണ്.

2) എസ്.സി.പി/ടി.എസ്.പി പദ്ധതിയുടെ ചെലവിനത്തിലും മുൻ ഖണ്ഡിക അനുസരിച്ച് പ്രത്യേകം മാർക്ക് നൽകാവുന്നതാണ്. ടി.എസ്.പി വിഹിതം ഇല്ലാത്ത ബ്ലോക്കു പഞ്ചായത്തുകൾക്ക് എസ്.സി.പി വിഹിതത്തിൽ ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ മാർക്ക് നൽകേണ്ടതാണ്. മാർക്കിന്റെ ശരാശരി എടുക്കുന്നതാണ്. 81% മുതൽ 100% വരെയുള്ള ചെലവിന് മുൻ ഖണ്ഡികയിലെ മാനദണ്ഡമനുസരിച്ച് മാർക്ക് നൽകാവുന്നതാണ്. (പരമാവധി മാർക്ക് 15)

3) വനിതാ ഘടക പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയ ബ്ലോക്കു പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകാവുന്നതാണ്. ഇക്കാര്യത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 5 മാർക്ക് അധികം നൽകാവുന്നതാണ്. (പരമാവധി 10 മാർക്ക്)

4) ഭിന്നശേഷിയുള്ളവർ, വൃദ്ധർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവഴിച്ച തുക 5% മുതൽ 7% വരെയാണെങ്കിൽ 3 മാർക്കും 7% ന് മുകളിൽ 5 മാർക്കും നൽകാവുന്നതാണ്.

5) നൂതന പദ്ധതികൾ വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്. (മുൻ കാലങ്ങളിൽ സമർപ്പിച്ചിട്ടില്ലാത്തതും, ശുചിത്വമേഖലയുമായി ബന്ധപ്പെടാത്തതുമായ പ്രോജക്ടുകൾ),

6) ഇന്ദിരാ ഭവന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തേണ്ട അധിക വിഹിതം പൂർണമായോ, 95 ശതമാനത്തിൽ അധികമോ വകയിരുത്തിയിട്ടുണ്ടെങ്കിൽ 10 മാർക്ക് നൽകാവുന്നതാണ്. ഈ ഇനത്തിൽ വകയിരുത്തൽ 90-95 ശതമാനം ആണെങ്കിൽ 5 മാർക്കും 81-89 ശതമാനമാണെങ്കിൽ 3 മാർക്കും നൽകാവുന്നതാണ്. (പരമാവധി മാർക്ക് 10)

7) ഐ.എ.വൈ (കേന്ദ്രവിഹിതം) ചെലവ് 91% മുതൽ 100% വരെ ഓരോ ശതമാനത്തിനും 1 മാർക്ക് വീതം പരമാവധി 10 മാർക്ക് നൽകാവുന്നതാണ്.

8) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ചെലവ് താഴെപ്പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

80%-85% വരെ	-	1 മാർക്ക്
86%-90% വരെ	-	2 മാർക്ക്
91%-95% വരെ	-	3 മാർക്ക്
96%-99% വരെ	-	4 മാർക്ക്
100%	-	5 മാർക്ക്

9) ശുചിത്വമേഖലയിലെ നൂതന പദ്ധതികൾ വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരമാവധി 3 മാർക്ക് നൽകാവുന്നതാണ്. (മുൻകാലങ്ങളിൽ സമർപ്പിച്ചവ ആകരുത്).

10) വാർഷിക ധനകാര്യ കണക്കുകൾ 15.05.2016 നകം ലോക്കൽ ഫണ്ട് അധികൃതർക്ക് നൽകിയിട്ടുണ്ടെങ്കിൽ 2 മാർക്ക് നൽകാവുന്നതാണ്.

11) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പദ്ധതികളുടെ സംയോജനത്തിലൂടെ (convergence) സ്ഥായിയായ ആസ്തികൾ സൃഷ്ടിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരമാവധി 5 മാർക്ക് നൽകാവുന്നതാണ്. (ഐ.എ.വൈ വീടുകളുടെ നിർമ്മാണത്തിനായുള്ള ഐ.എ.വൈ-എം.ജി.എൻ.ആർ.ഇ.ജി.എസ് (convergence) ഒഴികെയുള്ളവ)

12) കംപ്ട്രോളർ & ആഡിറ്റ് ജനറൽ, ലോക്കൽ ഫണ്ട് ആഡിറ്റ്, പെർഫോമൻസ് ആഡിറ്റ് എന്നീ ആഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളിലെ ഖണ്ഡിക തീർപ്പാക്കൽ നടപടികൾ തൃപ്തികരമായി പൂർത്തീകരിച്ച (2015-16 സാമ്പത്തിക വർഷം) ബ്ലോക്കു പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകാവുന്നതാണ്. (രേഖകളുടെ പിൻബലമുണ്ടായിരിക്കണം, പൂർത്തീകരിച്ച ശതമാനത്തിന് താഴെ സൂചിപ്പിച്ചിട്ടുള്ള പ്രകാരം മാർക്കിടാവുന്നതാണ്.)

10 മുതൽ 20 % വരെ	-	2 മാർക്ക്
21 മുതൽ 30 % വരെ	-	4 മാർക്ക്
31 മുതൽ 40% വരെ	-	6 മാർക്ക്
41 മുതൽ 50% വരെ	-	8 മാർക്ക്
50 % ന് മുകളിൽ	-	10 മാർക്ക്

"ഭരണഭാഷ - മാതൃഭാഷ"

ഇ2-2/2016

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 28.01.2017
ഇ-മെയിൽ: directorofpanchayatsest@gmail.com
ഫോൺ - 0471 2321054

സർക്കുലർ

വിഷയം : പഞ്ചായത്ത് വകുപ്പ് - ആഫീസ് പ്രവർത്തനം - പദ്ധതി നിർവ്വഹണം - അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വാർഷിക പദ്ധതി അന്തിമമാക്കൽ, പഞ്ചവത്സര പദ്ധതി രൂപീകരണം, നവ കേരള മിഷൻ, വസ്തു നികുതി പിരിവ് തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ എല്ലാ ജീവനക്കാരുടേയും ഏകോപിപ്പിച്ചുള്ള സേവനം നിലവിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവുകൾ ലഭിച്ച ചില ജീവനക്കാർ വിടുതൽ ചെയ്യുകയോ അവർക്ക് നിശ്ചയിച്ചിട്ടുള്ള ഓഫീസുകളിൽ സേവനത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് അതീവ ഗൗരവമായി കാണുന്നു. ആയത് ഗ്രാമപഞ്ചായത്തുകളുടെ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകുന്നുണ്ട്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെ സുഗമമായ പ്രവർത്തനത്തിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2017 മാർച്ച് 31 വരെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴികെയുള്ള കാര്യങ്ങൾക്ക് യാതൊരു തരത്തിലുള്ള അവധിയും അനുവദിക്കേണ്ടതില്ല.
2. സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ചിട്ടും വിടുതൽ ചെയ്യാത്ത ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, അവരെ നിയമിച്ചിട്ടുള്ള ആഫീസുകളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്. ഇനി വിടുതൽ ചെയ്യുന്ന ജീവനക്കാർക്ക് പ്രവേശനകാലം ലഭിക്കുന്നതല്ല.
3. മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാതെ ലീവിലുള്ള ജീവനക്കാരുടെ സംഗതിയിൽ പ്രസ്തുത ലീവ് റദ്ദ് ചെയ്ത വിവരവും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
4. പ്രസ്തുത വിടുതൽ/ പ്രവേശനം സംബന്ധിച്ച വിവരം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈ ആഫീസിൽ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതാണ്.
5. സെക്രട്ടറിമാരുടെ ദീർഘമായ ലീവ് അനുവദിക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
പി. ബാല കിരൺ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)

പകർപ്പ്: എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്
എല്ലാ പഞ്ചായത്ത് അസ്സിസ്റ്റന്റ് ഡയറക്ടർമാർ
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

കേരള സർക്കാർ

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

പരിപത്രം

നമ്പർ 897/പൊളിറ്റിക്കൽ.1/2016/പൊഭവ. *തിരുവനന്തപുരം, 2017 ജനുവരി 29.*

വിഷയം:— പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് ഔദ്യോഗിക പരിപാടികളിൽ ബഹു. മന്ത്രിമാരുടെ സ്ഥാനം നിശ്ചയിക്കുന്നതും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകൾ ചേർക്കുന്നതും—സംബന്ധിച്ച്.

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പരിപാടികളിൽ മന്ത്രിമാരുടെ ഇരിപ്പിടം ക്രമീകരിക്കുമ്പോഴും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകളും വകുപ്പുകളും ചേർക്കുമ്പോഴും മുഖ്യമന്ത്രിയുടെ പേരിന് ശേഷം മന്ത്രിമാരുടെ പേരുകൾ അക്ഷരമാല ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഔദ്യോഗിക പരിപാടികളിൽ മുഖ്യമന്ത്രിയുടെ തൊട്ടടുത്ത് പരിപാടി നടത്തുന്ന വകുപ്പിന്റെ മന്ത്രിക്ക് സ്ഥാനം നൽകേണ്ടതാണ്.

ഇക്കാര്യം വീഴ്ചകൂടാതെ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിലാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

എസ്. എം. വിജയാനന്ദ്,
ചീഫ് സെക്രട്ടറി.

പകർപ്പ് :—ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്.

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/നിയമ-ധനകാര്യ വകുപ്പു സെക്രട്ടറി മാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

GCPT. 3/364/2017/S-13.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്).

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്.

രജിസ്ട്രാർ, കേരള/കാലിക്കറ്റ്/കുസാറ്റ്/കണ്ണൂർ/മഹാത്മാഗാന്ധി-സർവ്വകലാശാലകൾ.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.

രജിസ്ട്രാർ, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, പി. ഒ., എറണാകുളം.

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ.

രജിസ്ട്രാർ, കേരള വെറ്റിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ക്യാമ്പ് ഓഫീസ്.

കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ.

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2015-16 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തുകൊണ്ടുള്ള പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

==========

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ. (സാധാ) നം. 449 /2017/തസ്വഭവ തിരുവനന്തപുരം, തീയതി 16.02.2017

==========

പരാമർശം: 1. സ.ഉ. (സാധാ) നം.180/2017/തസ്വഭവ തീയതി 21.01.2017.
2. സ.ഉ. (സാധാ) നം.442/2017/തസ്വഭവ തീയതി 16.02.2017.

ഉത്തരവ്

2015-16 വർഷം മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 2015-16 വർഷത്തെ മികച്ച ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളായി തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)

ഒന്നാം സ്ഥാനം: ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)
മൂന്നാം സ്ഥാനം: പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ഒന്നാം സ്ഥാനം പങ്കിട്ട ചെമ്പിലോട്, ശ്രീകൃഷ്ണപുരം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 22.5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവുംസ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മൂന്നാം സ്ഥാനം നേടിയ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്. ഒന്നാം സ്ഥാനം രണ്ട് ഗ്രാമപഞ്ചായത്തുകൾ പങ്കിട്ടതിനാൽ രണ്ടാം സ്ഥാനത്തിന് പ്രത്യേകം അവാർഡ് നൽകുന്നതല്ല.

ജില്ലാ തലം (ഗ്രാമപഞ്ചായത്ത്)

ജില്ല	സ്ഥാനക്രമം	ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം	1 2	മാണിക്കൽ ഇല്ല
കൊല്ലം	1 2	കുലശേഖരപുരം തഴവ
പത്തനംതിട്ട	1 2	തുമ്പമൺ ഇല്ല
ആലപ്പുഴ	1 2	വീയപുരം കുമാരപുരം
കോട്ടയം	1 2	മുത്തോലി ഇല്ല
ഇടുക്കി		അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല
എറണാകുളം	1 2	ചോറ്റാനിക്കര ഇല്ല
തൃശ്ശൂർ	1 2	പുമംഗലം ഒരുമനയൂർ
പാലക്കാട്	2	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടി ഇല്ല
മലപ്പുറം	1 2	പുലാമന്തോൾ മാറാഞ്ചേരി
കോഴിക്കോട്	1 2	അരിക്കുളം നാദാപുരം
വയനാട്	1 2	വൈത്തിരി ഇല്ല

കണ്ണൂർ		അർഹതയുള്ള ചെമ്പിലോട്, പെരിങ്ങോം വയക്കര എന്നിവ സംസ്ഥാനതലത്തിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ നേടി
കാസർഗോഡ്		അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ അർഹതാ മാനദണ്ഡങ്ങൾ പാലിച്ച മറ്റ് ഗ്രാമപഞ്ചായത്തുകൾ ഇല്ലാത്തതിനാൽ രണ്ടാം സ്ഥാനത്തിനുള്ള അവാർഡ് നൽകുന്നതല്ല. ജില്ലാതലത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

സംസ്ഥാനതലം (മികച്ച ബ്ലോക്ക് പഞ്ചായത്ത്)

ഒന്നാം സ്ഥാനം: എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (കണ്ണൂർ ജില്ല)
രണ്ടാം സ്ഥാനം: കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് (കൊല്ലം ജില്ല)
മൂന്നാം സ്ഥാനം: പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് (എറണാകുളം ജില്ല)

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

സംസ്ഥാനതലം (മികച്ച ജില്ലാ പഞ്ചായത്ത്)

ഒന്നാം സ്ഥാനം: കൊല്ലം ജില്ലാ പഞ്ചായത്ത്
രണ്ടാം സ്ഥാനം: മലപ്പുറം ജില്ലാ പഞ്ചായത്ത്

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-91-(05) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

മഹാത്മാപുരസ്കാരം

2015-16 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാപരസ്കാരത്തിന് താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

സംസ്ഥാനതലം

സ്ഥാനക്രമം	ഗ്രാമപഞ്ചായത്ത്	ജില്ല
ഒന്നാം സ്ഥാനം	തളിക്കുളം	തൃശ്ശൂർ
രണ്ടാം സ്ഥാനം	എങ്ങണ്ടിയൂർ	തൃശ്ശൂർ
മൂന്നാം സ്ഥാനം	കടുങ്ങല്ലൂർ	എറണാകുളം

ജില്ലാതലം

ജില്ല	സ്ഥാനക്രമം	ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം	1 2	കടയ്ക്കാവൂർ പള്ളിച്ചൽ
കൊല്ലം	1 2	നെടുവത്തൂർ മയ്യനാട്
പത്തനംതിട്ട	1 2	മൈലപ്ര കുറ്റൂർ
ആലപ്പുഴ	1 2	ബുധനൂർ വെൺമണി
കോട്ടയം	1 2	മീനച്ചൽ കുറവിലങ്ങാട്

ഇടുക്കി	1 2	ഇടമലക്കുടി മണക്കാട്
എറണാകുളം	1 2	എടവനക്കാട് ചേരാനല്ലൂർ
തൃശ്ശൂർ	1 2	നാട്ടിക വാടാനപ്പള്ളി
പാലക്കാട്	1 2	കാരക്കുറിശ്ശി നാഗലശ്ശേരി
മലപ്പുറം	1 2	തേഞ്ഞിപ്പാലം വള്ളിക്കുന്ന്
കോഴിക്കോട്	1 2	കൊടിയത്തൂർ മടവൂർ
വയനാട്	1 2	പൊഴുതന എടവക
കണ്ണൂർ	1 2	കോളയാട് ആറളം
കാസർഗോഡ്	1 2	ബേളൂർ പടന്ന

മേൽപ്പറയും പ്രകാരം തെരഞ്ഞെടുത്ത സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉള്ള മികച്ച ത്രിതലപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് സർക്കാരിന്റെ 06.02.2016-ലെ 7/ഇ.പി.ബി1/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ പാലിച്ച് സാക്ഷ്യപത്രവും മൊമെന്റോയും നൽകുന്നതാണ്. പരാമർശം (2) ലെ ഉത്തരവ് മേൽപറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് 'കില'തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് അംഗീകരിച്ചു കൊണ്ടും പ്രസ്തുത ചെക്ക് ലിസ്റ്റ് ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.605/2017/തസ്വഭവ. തിരുവനന്തപുരം, തിയതി,03.03.2017.

പരാമർശം:- കില ഡയറക്ടറുടെ 23.12.2016, 28.12.2016 എന്നീ തീയതികളിലെ കില-റ്റി1/2016/101/2618 നമ്പർ കത്ത്

ഉത്തരവ്

ഗ്രാമപഞ്ചായത്തിൽ നിന്നും ജനന മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, കെട്ടിടങ്ങൾക്കുള്ള നിർമ്മാണ പെർമിറ്റുകൾ,വിവിധ സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി, വിവിധ സ്ഥാപനങ്ങൾക്കുള്ള ലൈസൻസുകൾ തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനുള്ള നിബന്ധകൾ അടങ്ങുന്ന ഒരു ചെക്ക് ലിസ്റ്റ് 24.09.2016 -ൽ കിലയുടെ ഫാക്കൽറ്റികളെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരേയും പങ്കെടുപ്പിച്ച് കൊണ്ട് 'കില'യിൽ നടത്തിയ ശില്പശാലയിൽ തയ്യാറാക്കിയിട്ടുണ്ടെന്നും, പ്രസ്തുത ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളിൽ നിന്നും സേവനം നൽകുന്നതാകയാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും അഴിമതിയും ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്നും പ്രസ്തുത ചെക്ക് ലിസ്റ്റ് (കൈപുസ്തകം) പഞ്ചായത്തിൽ ഉപയോഗിക്കുന്നതിന് അംഗീകാരം നൽകണമെന്നും ഇത് ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം ഇൻഫർമേഷൻ കേരള മിഷന് നൽകണമെന്നും പരാമർശം പ്രകാരം കില ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾക്കായി 'കില' തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് അംഗീകരിച്ചു കൊണ്ടും പ്രസ്തുത ചെക്ക് ലിസ്റ്റ് ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകിയുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

കെ.എസ്. ബിന്ദു
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കില
പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 662/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 09.03.2017

പരാമർശം:- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 06.03.2017 തീയതിയിലെ യോഗ തീരുമാനം.

ഉത്തരവ്

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ 06.03.2017 തീയതിയിലെ യോഗ തീരുമാനത്തിൽ പൂർണ്ണമായോ ഭാഗികമായോ വരൾച്ച പ്രഖ്യാപിച്ച പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനം	31.03.2017 വരെ ചെലവഴിക്കാവുന്ന തുക	01.04.2017 മുതൽ 31.05.2017 വരെ ചെലവഴിക്കാവുന്ന തുക
ഗ്രാമപഞ്ചായത്തുകൾ	5 ലക്ഷം	10 ലക്ഷം
മുനിസിപ്പാലിറ്റികൾ	10 ലക്ഷം	15 ലക്ഷം
കോർപ്പറേഷൻ	15 ലക്ഷം	20 ലക്ഷം

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയോടെ വരൾച്ച കാരണം കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മുകളിൽ സൂചിപ്പിച്ച പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി ഇതിനാൽ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.പി. വിജയകുമാർ,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് റവന്യൂ വകുപ്പ് / പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in, FAX: 2318152 web: www.keralapcb.nic.in

KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

പിസിബി/റ്റി4/115/97 തീയതി: 17.03.2017

സർക്കുലർ

വിഷയം: വ്യവസായ ശാലകളെ മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച പട്ടികയിൽ ഉൾപ്പെടാത്ത വ്യവസായ ശാലകളെ റെഡ്/ഓറഞ്ച്/ഗ്രീൻ/വൈറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന: 31.01.2017 - ലെ 201 -മത് ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ്.

വ്യവസായ ശാലകളെ മലിനീകരണ സാധ്യതയുടെ അടിസ്ഥാനത്തിൽ റെഡ്/ഓറഞ്ച്/ഗ്രീൻ/വൈറ്റ് എന്നിങ്ങനെയായി തരംതിരിച്ച പുതുക്കിയ പട്ടിക കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് 31.08.2016 - ലെ പിസിബി/റ്റി4/115/97 (3) നമ്പർ സർക്കുലർ പ്രകാരം നടപ്പിലാക്കി. എന്നാൽ ടി തരം തിരിക്കലിൽ ഉൾപ്പെടാത്ത, സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ ശാലകളെ ബോർഡിന്റെ അധികാര പരിധിയിൽ കൊണ്ടു വരുന്നതിനായി ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും ടി സമിതി സംസ്ഥാനത്തുള്ള ഇത്തരം യൂണിറ്റുകളുടെ വിവരം ശേഖരിച്ച് മലിനീകരണ സാധ്യത വിലയിരുത്തി ബോർഡിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളുടെ പട്ടിക തയ്യാറാക്കുകയും ടി പട്ടികയും ആയതിന്മേലുള്ള സമതിയുടെ ശുപാർശകളും 201-ാമത് ബോർഡ് മീറ്റിംഗിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. വിശദമായ ചർച്ചകൾക്കു ശേഷം ബോർഡ് ചില മാറ്റങ്ങളോടെ പട്ടിക അംഗീകരിച്ചു. അംഗീകരിച്ച റെഡ്/ഓറഞ്ച്/ഗ്രീൻ/വൈറ്റ് വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ച വ്യവസായ ശാല /യൂണിറ്റുകളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി പട്ടികയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ബോർഡിന്റേതായ അനുമതികൾ നല്കുന്നതിന് മേൽ കാറ്റഗറൈസേഷൻ പാലിക്കേണ്ടതാണ്. ടി കാറ്റഗറൈസേഷൻ സർക്കുലർ തീയതി മുതൽ നിലവിൽ വരുന്നതാണ്.

ഒപ്പ്
ചെയർമാൻ

ഉള്ളടക്കം: മേൽ പ്രകാരം
പകർപ്പ്:

1. എല്ലാ മേഖലാ/ജില്ലാ ആഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും.
3. IT Cell (ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
4. ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെ കോൺഫിഡ്യൻഷ്യൽ അസിസ്റ്റന്റ്.
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എൻവയൺമന്റൽ എഞ്ചിനീയർ

Annexure

List of units recommended by the Categorization Committee to include under red/orange/green/white category

Red Category Industries

Sl. No.	Items categorized	Category
1	Clay processing (including chemical processing)	Red
2	Common Effluent Treatment Plant (CETP), Common Hazardous Waste Treatment, Storage, and Disposal Facilities (CTSDF) , Common Bio-medical Waste Treatment Facility (CBMWTF)	Red
3	Fish oil extraction	Red
4	Heavy Engineering including ship building	Red
5	Husk retting	Red
6	Incineration plants (Municipal Solid Waste)	Red
7	Instant tea/coffee, coffee processing - (with boiler)	Red
8	Latex Centrifuging Units	Red
9	Manufacture of rubber latex threads (With latex centrifuging)	Red
10	Manufacturing of coir items from coconut husk (involving dyeing & bleaching)	Red
11	Shipyard	Red
12	Solid waste processing plant(Centralised) De-centralised	Red Orange
13	LPG Bottling Plant	Red

Orange Category Industries

14	Aluminium powder coating	Orange
15	Aluminium vessel making using aluminium scrap	Orange
16	Automobile body building	Orange
17	Burial ground	Orange
18	Chicken stall	Orange
19	Coir defibering/ginning	Orange
20	Coir Stenciling	Orange
21	Dredged sand processing unit	Orange
22	**Engineering fabrication units** (dry process without any heat treatment/ metal surface finishing operations/ painting) - already in white category **Others**	Orange
23	Fish Market	Orange
24	Fishing Harbours	Orange
25	Flats/Apartments/Commercial abuilding (area 2000m2 - < 20,000m2 Industries generating domestic effluent only	Orange Orange
26	Food additives, nutrients and flavours	Orange
27	Gas/ Electric/ firewood crematorium	Orange
28	Inland waterways Projects	Orange
29	Kalyanamandapam/Auditorium	Orange
30	M- sand	Orange
31	Manufacture of crepe/ crumb rubber	Orange

32	Manufacture of rubber latex threads (Without latex centrifuging)	Orange
33	Matti sand	Orange
34	Pesticides/Insecticides/Fungicides/ Herbicides/Agrochemical formulation	Orange
35	Pulping and Fermenting of coffee beans, cocco beans	Orange
36	Resorts & House boats	Orange
37	Rubber Gloves/Rubber Band Making	Orange
38	Vault for burials	Orange

Green Category Industries

39	Aluminium roofing sheet making	Green
40	Ayurvedic Health Club	Green
41	Bakery/ sweet products making with production capacity< 1tpd	Green
42	Beauty Clinics	Green
43	Boat building (without spray painting)	Green
44	Cattle farm	Green

45	DG set attached toMobile towers	Green (As per CPCB categorisation, if following conditions are satisfied DG sets shall be exempted from the purview of consent management. i) Normal operation - 12 hrs/day ii) Consumption of diesel - 1680 litre for IMVA DG set at full load @ 0.21 litres/KVA/hr. iii) Stand alone DG sets having total capacity 1 MVA or less and equipped with acoustic enclosures along with adequate stack height. In order to ensure all above proper monitoing is necessary. Thus it is categorised under Green category. If above 3 conditions are fullfiled/satisfied at the time of operation, consent to operate is not necessary. At that time, they shall be obtained registration of the Board for 15 years under white category.
46	E-waste collection centres	Green
47	Fibre glass moulding (Bio gas plant, chairs, boat body - making)	Green
48	Flour Mill (Wet process excluding roller flour mill)	Green
49	Glass cutting	Green
50	Organic manure (Mechanic process)	Green
51	Petrol bunk	Green
52	Polyurethene footwear	Green
53	Pressure testing unit	Green

54	Restaurants having seating capacity upto 100 seats Restaurants having seating capacity 100 & above Restaurants having waste water generation above 100 KLD	Green Orange Red
55	Ribbed smoked rubber sheets excluding coagulation If with latex coagulation	Green Orange
56	Rubberised coir sheets without latex backing	Green
57	Rubberised coir sheets	Green
58	Sculpture making (wooden)	Green
59	Tile Adhesive/Wall putty/ joint filler making	Green
60	Water theme Park	Green
61	Cement Godown/ Chemical Godown/ Medical Godown/ Fish Stall	Green

White Category Industries

62	Aerated water (Soda making)	White
63	Apparel making using polyurethene foam	White
64	Aqua Culture	White
65	Artificial teeth making	White
66	Carpentary work with the help of hand tools only(Without electrically operated machines)	White
67	CNG out let	White

68	De coiling (straightening of iron bars) without pickling	White
69	Gate & Grill making (involving grinding, cutting, hammering but no painting work)	White
70	Gold die casting	White
71	LPG Godowon	White
72	Paper products making such as Cover, envelope etc.	White

കേരള സർക്കാർ

നം. 201/ ഡിസി1/2016/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പ്
തിരുവനന്തപുരം, തീയതി. 01/04/2016.

സർക്കുലർ

വിഷയം:- തസ്വഭവ- മാലിന്യ വിമുക്ത കേരളം- മഴക്കാലപൂർവ്വ ശുചിത്വ ക്യാമ്പയിൻ 2016- മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 15.03.2016-ൽ സംസ്ഥാനതല വർക്ക്ഷോപ്പിലെ തീരുമാനം

മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആരോഗ്യ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി എല്ലാതലങ്ങളിലും സംഘടിപ്പിക്കുന്ന സുരക്ഷിത ശുചീകരണ മാലിന്യ പരിപാലന പ്രവർത്തനങ്ങളിലൂടെ പരിസര ശുചിത്വ ഉറപ്പാക്കണം. ഇതിനായി എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ , നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തകരെ ഈ കാമ്പയിന്റെ ഭാഗമാക്കുന്നതിന് കഴിയും. പകർച്ചവ്യാധി പ്രതിരോധവും നിയന്ത്രണവും ലക്ഷ്യമിട്ടുകൊണ്ട് ആരോഗ്യവകുപ്പിന്റെ മാർഗനിർദ്ദേശങ്ങളിലെ പരിപാടികളും ചുവടെപറയുന്ന നിർദ്ദേശങ്ങളോടൊപ്പം ഏകോപിപ്പിച്ചു സംഘടിപ്പിക്കണം. കൂടാതെ വിദ്യാഭ്യാസം, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത്, തൊഴിൽ തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവും തദ്ദേശസ്ഥാപനതലത്തിൽ ഉറപ്പുവരുത്തണം.

പഞ്ചായത്ത്/നഗരസഭാതല പ്രീമൺസൂൺ കാമ്പയിൻ

പഞ്ചായത്തുകളുടേയും, നഗരസഭകളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുതല പ്രവർത്തകരേയും, സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡ് തലത്തിൽ സംഘടിപ്പിക്കേണ്ട ശുചിത്വപ്രവർത്തനങ്ങളുടെ കണ്ടെത്തലും, ആസൂത്രണവും കർമ്മപരിപാടികളും തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുകയെന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം . ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനം വരെ നീണ്ടു നിൽക്കുന്ന വിപുലമായ കർമ്മ പരിപാടികൾ സംഘടിപ്പിക്കണം. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കാമ്പയിന്റെ ഭാഗമായി

സംഘടിപ്പിക്കേണ്ടതാണ്.

1. വാർഡ്തല ശുചിത്വ കൂട്ടായ്മ

വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതി വിളിച്ചുചേർത്ത് ശുചിത്വ മാപ്പിംഗും, കർമ്മപദ്ധതി രൂപീകരണവും നടപ്പാക്കുന്നതിന് വാർഡ് മെമ്പർമാർ/ കൗൺസിലർമാർ നേതൃത്വം നൽകണം. വാർഡ് തലത്തിൽ വായനശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, യുവജനസംഘടനകൾ, മഹിളാസംഘടനകൾ, കുടുംബശ്രീ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സ്ഥാപന പ്രതിനിധികൾ, ഗ്രാമ/നഗരതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള 'വാർഡ്തല ശുചിത്വ കൂട്ടായ്മയിൽ വച്ചാവണം പ്രവർത്തനങ്ങളുടെ ആസൂത്രണം . ഏപ്രിൽ മാസത്തിൽ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും ശുചിത്വ കൂട്ടായ്മകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ ഓരോ വാർഡിലേയും ഔദ്യോഗിക ചുമതല വിവിധ ഉദ്യോഗസ്ഥർക്ക് നൽകി ഉത്തരവ് നൽകേണ്ടതാണ്.

2. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം.

വാർഡ്തലത്തിലെ ശുചിത്വകൂട്ടായ്മയിൽ വച്ച് ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. വാർഡിന്റെ വിസ്തൃതിയും, വീടുകളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തി സ്ക്വാഡുകളുടെ എണ്ണം നിശ്ചയിക്കാം. സ്ക്വാഡിന്റെ നേതൃത്വം എ.ഡി.എസ് ചുമതലക്കാർ, ആശാവർക്കർ എന്നിവരിലൊരാൾക്കായിരിക്കണം.

ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ :-

- ഭവന സന്ദർശനത്തിലൂടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും അവയുടെ പ്രാധാന്യവും ബോധ്യപ്പെടുത്തുക. (പകർച്ചവ്യാധികൾ ഒഴിവാക്കാൻ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് കൃത്യമായി പറഞ്ഞുകൊടുക്കണം)
- സ്ഥാപനങ്ങൾ (സർക്കാർ/ സ്വകാര്യസ്ഥാപനങ്ങൾ സന്ദർശിച്ച് ശുചീകരണ ബോധവൽക്കരണം നൽകുക.
- ആഴ്ചയിൽ ഒരു ദിവസം 'ഡ്രൈ ഡേ' ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.
- കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടുപിടിച്ച് അവ നശിപ്പിക്കുക.
- പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.
- ശുചിത്വ മാപ്പിംഗ് നടത്തുക. റിപ്പോർട്ട് തയ്യാറാക്കുക.
- മഴക്കാല പൂർവ്വശുചീകരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക.

- ശുചിത്വ സ്കാഡുകൾക്ക് നേതൃത്വം വഹിക്കുന്നവർ ആഴ്ചയിലൊരിക്കൽ പ്രവർത്തന പുരോഗതി വിലയിരുത്തുക.
- ഉറവിടമാലിന്യ സംസ്കരണ നടപടികൾ പ്രചരിപ്പിക്കുക. സ്വന്തമായി കമ്പോസ്റ്റിംഗ് ചെയ്യുന്നതിന് പ്രേരിപ്പിക്കുക.
- മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും മാരകരോഗങ്ങൾക്ക് കാരണമാകുമെന്ന സന്ദേശം നൽകുക.
- ബഹുനില കെട്ടിടങ്ങൾ പണിയുന്നിടത്തും പുതുക്കി പണിയൽ നടത്തുന്ന സ്ഥാപനങ്ങളും സന്ദർശിച്ച് കൊതുക്, എലി, തുടങ്ങിയവ പെരുകാനുള്ള സാഹചര്യങ്ങൾ പരിശോധിക്കുക.
- തോട്ടം മേഖലകൾ, ചേരി/ടൈബൽ കോളനികൾ/അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുക.

3. *വാർഡ്തല ശുചിത്വ മാപ്പിംഗ്*

സംസ്ഥാനത്തെ എല്ലാ നഗര/ഗ്രാമ വാർഡിലും മാലിന്യ പ്രശ്നങ്ങൾ ഉള്ളതും വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ളതുമായ സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ. സ്ഥാപനത്തിൽ നിന്നും വീടുകളിൽ നിന്നും മലിനജലം പൊതുഓടയിലേയ്ക്ക് തുറന്ന് വിടുന്ന പ്രശ്നങ്ങൾ, കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ, ജൈവമാലിന്യം, പ്ലാസ്റ്റിക്കും മറ്റ് ദ്രവിക്കാത്ത മാലിന്യങ്ങളും വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ, വൃത്തിയില്ലാത്ത വീടും പരിസരവും , കെട്ടിട നിർമ്മാണ സ്ഥലങ്ങൾ, റബ്ബർത്തോട്ടങ്ങൾ, വർക്കഷോപ്പുകൾ മുതലായവ കണ്ടെത്തി രേഖപ്പെടുത്തുകയാണ് ശുചിത്വമാപ്പിംഗിന്റെ ലക്ഷ്യം. ശുചിത്വ സ്കാഡുകൾ നേരിട്ട് അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഈ റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് വാർഡ് തല ശുചിത്വ റിപ്പോർട്ട് തയ്യാറാക്കും. ഇത് വാർഡുതല ചുമതലാ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരിക്കും. നഗര/ഗ്രാമതലത്തിൽ ക്രോഡീകരിക്കുന്നതിന് വേണ്ടി നഗരസഭ/ ഗ്രാമപഞ്ചായത്ത് തലത്തിൽ ഹെൽത്തി സൂപ്പർവൈസർ /ഹെൽത്ത് ഇൻസ്പെക്ടർ/വി.ഇ.ഒ എന്നീ ഉദ്യോഗസ്ഥരെ കൺവീനറാക്കി മൂന്നംഗ കമ്മിറ്റിയെ ഗ്രാമപഞ്ചായത്ത് /നഗരസഭാ കമ്മിറ്റി ചുമതലപ്പെടുത്തണം.

4. *പഞ്ചായത്ത്/നഗരസഭാതല കർമ്മ പരിപാടി*

പഞ്ചായത്ത് /നഗരസഭാതല റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക പഞ്ചായത്ത്/നഗരസഭ സമിതി വിളിച്ചു ചേർക്കുക. താഴെപ്പറയുന്ന പൊതുവിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും നിർവ്വഹണചുമതലാ ഉദ്യോഗസ്ഥരെ നിശ്ചയിക്കേണ്ടതുമാണ്.

- റോഡുകൾ, ഓടകളുടെ വൃത്തിയാക്കൽ

- തോട്, കുളം, കിണർ തുടങ്ങിയവയുടെ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ
- ടാങ്കുകൾ വൃത്തിയാക്കൽ
- വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ
- 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കുന്നതിനുള്ള നടപടികൾ. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംഭരണവും, റീസൈക്കിൾ ചെയ്യുന്നതിനായി പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുന്നതിനുള്ള നടപടികളും.
- കുറ്റിച്ചെടിയും , കുളവാഴ, മുട്ടപ്പായൽ തുടങ്ങിയ ജലസസ്യങ്ങളും മറ്റും മാറ്റൽ.
- കൊതുക്, എലി, മറ്റ് മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ.
- ഉറവിട മാലിന്യ സംസ്കരണവും സംയോജിത മാലിന്യസംസ്കരണ പദ്ധതികളും തയ്യാറാക്കൽ
- കൊതുകിന്റെ ഉറവിട നശീകരണം/ഡ്രൈഡേ ആചരണം
- കൊതുക് പെരുകാൻ സാഹചര്യം ഉള്ള സ്ഥാപനങ്ങൾ കണ്ടെത്തലും, പ്രതിവിധികളും.
- പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ നിരീക്ഷണം, നിയന്ത്രണം.
- ജലദൗർലഭ്യമുള്ളിടത്ത് ശരിയായ ജലസംഭരണം, ജലവിതരണം
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി
- വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- ആരോഗ്യ സ്ഥാപനങ്ങളിലെ പകർച്ചവ്യാധികൾക്കുള്ള ചികിത്സാ സൗകര്യങ്ങളും, ഔഷധ ലഭ്യതയും.

5. ***'ഡ്രൈഡേ ' സന്ദേശം***

'ഡ്രൈഡേ' സന്ദേശം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പൽ വാർഡ് അംഗങ്ങൾ, മറ്റ് വകുപ്പുകളിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ, കുടുംബശ്രീ, ആശ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ടീമുകൾ രൂപീകരിച്ച് ചുമതല നൽകുകയും

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പുരോഗതി പരിശോധിക്കുകയും വേണം. ഡ്രൈഡേ ആചരണം ഇപ്രകാരം ആകാം.

വെള്ളിയാഴ്ച	:	എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും
ശനിയാഴ്ച	:	എല്ലാ ഓഫീസുകൾ, ആശുപത്രി മറ്റു സ്ഥാപനങ്ങൾ
ഞായറാഴ്ച	:	എല്ലാ വീടുകൾ, പൊതുയിടങ്ങൾ

6. ***വിവര വിജ്ഞാന വ്യാപനം: ബോധവൽക്കരണ പ്രവർത്തനങ്ങൾ***

ഓരോ വാർഡിലും ഗാർഹികതലത്തിലും സ്ഥാപനതലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ

ത്തണ്ടത്.

6.1 **ഗാർഹിക തലം**

6.1.1 ശുചിത്വാരോഗ്യ പ്രവർത്തനങ്ങളിൽ കൊതുക്, പ്രാണികൾ, എലികൾ എന്നിവ പെരുകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി വീടും പരിസരവും മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത ഓരോ വീട്ടുകാരെയും ബോധ്യപ്പെടുത്തുന്നതിനും അത് അവരുടെ ഉത്തരവാദിത്വമാക്കി മാറ്റുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാവണം

6.1.2 താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാവണം ഗാർഹിക തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

- വീടിന് അനുബന്ധമായുള്ള പുരയിടത്തിൽ ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിന്ന്, മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കുട്, പ്ലാസ്റ്റിക് കപ്പ്, പ്ലാസ്റ്റിക് ഷീറ്റ് , ഉടഞ്ഞ ഗ്ലാസ്, കപ്പികൾ, കപ്പിയുടെ അടപ്പുകൾ എന്നിവ ഉൾപ്പെടെ വെള്ളംകെട്ടി നിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും ഒഴിവാക്കൽ.
- മേൽപ്പറഞ്ഞ ഉറവിടങ്ങളിലെ ജലം വറ്റി ഉണങ്ങിക്കിടക്കുകയാണെങ്കിലും മഴ തുടങ്ങുമ്പോൾ അപകടകാരികളായതിനാൽ ഉണങ്ങിയ ഉറവിടങ്ങളുടെ നിർമ്മാർജ്ജനം പ്രധാനമാണ്.
- വെള്ളം കോരാത്തതും മോട്ടോർ സ്ഥാപിച്ചിട്ടുള്ളതുമായ കിണറുകളിൽ വെള്ളത്തിന്റെ മുകൾത്തട്ട് ചലിക്കാത്തതുകൊണ്ട് കൊതുക് വളരാൻ ഇടയാകും. ഇവയിൽ ക്ലോറിനേറ്റ് ചെയ്യുകയോ ഗപ്പി മത്സ്യം വളർത്തുകയോ, കൊതുക് കടക്കാത്തവിധം വലകൊണ്ട് മൂടുകയോ വേണം. മലിനജലം മാത്രമല്ല ശുദ്ധജലവും കെട്ടിക്കിടക്കാനിടയാകുന്നത് അപകടകരമാണെന്ന് ശ്രദ്ധയിൽപ്പെടുത്തുക.
- ജലദൗർലഭ്യമുള്ളിടത്ത് ടാങ്കുകളിലും പാത്രങ്ങളിലും സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലം കൊതുകുകടക്കാത്തവിധം ഭദ്രമായി അടച്ചുസൂക്ഷിക്കുകയോ മറ്റ് മുൻകരുതലുകൾ സ്വീകരിക്കുകയോ വേണം.
- ചെടിച്ചട്ടി, ചെടിച്ചട്ടിക്കടിയിലെ ട്രേ, എയർകൂളർ, റഫ്രിജറേറ്ററിന് അടിവശം എന്നിവിടങ്ങളിൽ കൊതുക് മുട്ടയിട്ട് വളരാൻ സാഹചര്യമില്ലെന്ന് ഉറപ്പാക്കുക.
- കോൺക്രീറ്റ് വീടുകളിൽ ടെറസിലും കൈവരിക്കുള്ളിലും ചപ്പുചവറുകൾ ഇല്ലെന്നും മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നു എന്നു ഉറപ്പാക്കുക.
- മാലിന്യങ്ങളും അഴുക്കുവെള്ളവും ഒഴിവാക്കുക.
- അടുക്കള, കുളിമുറി, കിണറ്റിൻകര എന്നിവിടങ്ങളിൽ നിന്നും ഒഴുകി വരുന്ന ജലം കെട്ടിനിൽക്കുന്നില്ലെന്നും പൊതുഓടകളിലേയ്ക്ക് ഒഴുക്കി വിടുന്നില്ലെന്നും ഉറപ്പാക്കുക.
- എല്ലാ വീടുകളിലും ഗാർഹിക മാലിന്യങ്ങളുടെ തരംതിരിക്കൽ, ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണം

ഉറപ്പാക്കൽ. ജൈവമാലിന്യത്തിൽ നിന്നും ജൈവവളം ഉത്പാദനം.

- ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളിൽ (കമ്പോസ്റ്റ് പിറ്റ്, മൺകല കമ്പോസ്റ്റിംഗ്, പൂച്ചെട്ടി കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഭരണി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, മോസ്പിറ്റ്, ബയോ പെഡസ്റ്റൽ കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ് , ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ) ഏതെങ്കിലും ഉപയോഗിക്കണം.
- അജൈവമാലിന്യങ്ങൾ തരംതിരിച്ച് പുന:ചംക്രമണ മൂല്യമുള്ളവയെല്ലാം പാഴ്സ്തു വ്യാപാരികൾക്ക് കൈമാറൽ.
- പ്ലാസ്റ്റിക് കിറ്റുകളും , കവറുകളും ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്ന തുണിസഞ്ചികൾ ഉപയോഗിക്കുക.

6.13 ശുചിത്വ സ്ക്വാഡുകൾ ഭവന സന്ദർശനം നടത്തുമ്പോൾ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ സന്ദേശം ഓരോ കുടുംബത്തിലും എത്തിക്കേണ്ടതാണ്. മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് ആശാ വർക്കേഴ്സ്, കുടുംബശ്രീ, ഹെൽത്ത് വോളന്റിയേഴ്സ്, യുത്ത് കോ-ഓർഡിനേറ്റർ, എസ്.സി / എസ്.ടി പ്രമോട്ടർ, സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി ടീമുകൾ രൂപീകരിക്കുകയും ഓരോ ടീമും സന്ദർശിക്കേണ്ട വീടുകൾ നിശ്ചയിച്ച് നിർദ്ദേശം നൽകുകയും വേണം. ഈ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്കായിരിക്കും. ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരും പ്രവർത്തകരും ആരൊക്കെയാണെന്ന് പ്രഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും അവരുടെ സേവനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

6.14 <u>മൺസൂൺ ആരംഭിക്കുന്നതിന് മുമ്പും മഴക്കാലം ആരംഭിച്ച് അഞ്ച് ദിവസം കഴിയുമ്പോഴും തുടർന്ന് ആഴ്ചയിലൊരിക്കലും ടീമംഗങ്ങൾ ഭവന സന്ദർശം നടത്തണം.</u>

6.15 കൂടുതൽ ആളുകൾ ഒത്തുചേരുന്ന താഴെപ്പറയുന്ന വേദികൾ ബോധവൽക്കരണ സന്ദേശം എത്തിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

- കുടുംബശ്രീയുടെ അയൽക്കൂട്ട യോഗങ്ങൾ
- കുടുംബശ്രീയുടെ ബാലസഭായോഗങ്ങൾ
- അംഗണവാടികളിലെ മദേഴ്സ് കമ്മിറ്റി യോഗങ്ങൾ
- എൻ.സി.സി, സൗകൗട്ട്സ്, എൻഎസ്.എസ് മുതലായവ

- തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി പ്രദേശം
- റസിഡന്റ്സ് അസോസിയേഷൻ യോഗങ്ങൾ
- സ്കൂൾ പി.റ്റി.എ കമ്മിറ്റികൾ
- ഉത്സവങ്ങളുമായി ബന്ധപ്പെട്ട കൂട്ടങ്ങൾ

6.2 ***സ്ഥാപനതലം***

6.2.1 സർക്കാർ /സ്വകാര്യ സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും മാലിന്യമുക്തമാക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം അത്തരം സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവർക്കാണ്. സ്ഥാപനങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ പാഴ് വസ്തുക്കൾ പരിസരത്ത് കൂട്ടിയിടുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതിനുള്ള സ്ഥാപന മേധാവികളുടെ യോഗം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ / ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കണം. യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

6.2.2 മേൽ പ്രതിപാദിച്ച പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ലഘുലേഖകൾ, ബാനറുകൾ. മൈക്ക് അനൗൺസ്മെന്റുകൾ, റോഡ്ഷോകൾ, നവീന സാങ്കേതിക വിദ്യകളായ എസ്.എം.എസ്, എഫ്.എം. റേഡിയോ സന്ദേശം, ഫോൺ കോൾ ടോൺ തുടങ്ങിയവ വിവര വിജ്ഞാന വ്യാപനത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

7. ***ഗ്രീൻ പ്രോട്ടോകോൾ***

മാലിന്യ പ്രശ്നം ഉണ്ടാക്കുന്ന ഭീഷണിയുടെ തോത് കുറയ്ക്കുന്നതിനുള്ളൊരു ഉത്തമ പ്രവർത്തന സമീപനമാണ് ഗ്രീൻ പ്രോട്ടോകോൾ. മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക, ജൈവമാലിന്യം കമ്പോസ്റ്റ് ചെയ്യുക. പുനരുപയോഗിക്കാൻ കഴിയുന്ന സാധനങ്ങൾ ഉപയോഗിക്കുക, അജൈവമാലിന്യം തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണത്തിനായി പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറുകയെന്നതാണ് തന്ത്രം. സർക്കാർ ഓഫീസുകൾ. പൊതുസ്ഥാപനങ്ങൾ, പൊതുപരിപാടികൾ, ഉത്സവങ്ങൾ, സ്വകാര്യവിശേഷങ്ങൾ, എന്നിങ്ങനെ എല്ലായിടത്തും ഗ്രീൻ പ്രോട്ടോകോൾ നടത്തുന്നതിന് ബന്ധപ്പെട്ട് അധികാരികളും, പൊതുപ്രവർത്തകരും മുൻകൈ എടുക്കണം. (വിശദാംശങ്ങൾ ശുചിത്വമിഷനിൽ ലഭ്യമാണ്. പ്ലാസ്റ്റിക്/പേപ്പർ കപ്പുകൾ/പ്ലേറ്റുകൾ എന്നിവ ഒഴിവാക്കി സ്റ്റീൽ/മൺ/ഗ്ലാസ് കപ്പ് /പ്ലേറ്റുകൾ ഉപയോഗിച്ചാൽ തന്നെ മാലിന്യം വലിയൊരളവിൽ കുറയുകയും അത്തരം മാലിന്യം പൊതുസ്ഥലം, ഓട, തോട്, പുഴയിലേയ്ക്ക് വലിച്ചെറിയുന്നതും കത്തിക്കുന്നതും മൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ചെയ്യും. പ്രീമൺസൂൺ കാമ്പയിനുമായി ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ എന്നിവർക്ക് സ്വന്തം വീട്ടിൽ കമ്പോസ്റ്റിംഗ് ചെയ്യും ഗ്രീൻപ്രോട്ടോകോൾ തങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനം , പൊതുസ്ഥാപനം, പൊതു/സ്വകാര്യ ചടങ്ങുകൾക്കും

ബാധകമാക്കി മാതൃകയാകാൻ കഴിയും.

സംസ്ഥാനത്തെ എല്ലാ ഡോക്ടർമാരും രോഗികളോട് മാലിന്യം വലിച്ചെറിയരുത്, കത്തിക്കരുത്. പ്ലാസ്റ്റിക്കിനു പകരം പുനരുപയോഗിക്കാവുന്ന വസ്തുക്കൾ ശീലമാക്കുക എന്ന ഉപദേശം നൽകുന്നതിന് ബോധപൂർവ്വമായ ശ്രമവും ഉണ്ടാകണം.

8. ആസൂത്രണം

തദ്ദേശസ്ഥാപനത്തിൽ ഏറ്റെടുക്കേണ്ട ഊർജ്ജിത പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതിയെ കൂടുതൽ കർമ്മോന്മുഖമാക്കേണ്ടതാണ്. വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഏപ്രിൽ മാസം തന്നെ എല്ലാ ഗ്രാമ/നഗര പ്രദേശങ്ങളിലും വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതി ചേരണം. അവരിൽ നിന്നും ശുചിത്വ സ്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും വാർഡുതല കർമ്മപരിപാടി രൂപീകരണവും നടക്കണം. വാർഡുതല കർമ്മപരിപാടികളെ പഞ്ചായത്ത്/നഗരസഭതലത്തിൽ ഏകോപിപ്പിച്ച് തദ്ദേശസ്ഥാപനഭരണ സമിതിയുടെ അംഗീകാരം നേടി സമയബന്ധിതമായി പൂർത്തിയാക്കണം. ജില്ലാ, നഗരസഭാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിലെ പ്രസിഡന്റ്/ചെയർമാൻമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉള്ള രോഗനിയന്ത്രണ സമിതികളുടെയും ഇന്റർസെക്ടർ സമിതികളുടെയും യോഗങ്ങളും നടക്കുന്നുവെന്നും ഇക്കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കണം. സംഘടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ കളക്ടറും, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അതാത് സെക്രട്ടറിമാരും കൺവീനർമാർ ആയിരിക്കും. ജില്ലയിലെ പ്രവർത്തനങ്ങളാകെ ഏകോപിപ്പിക്കുന്നതിന് ജില്ലാകളക്ടർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും ഉത്തരവാദിത്വങ്ങൾ നൽകുകയും വേണം. ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന കോർകമ്മിറ്റിയും രൂപീകരിക്കാം.

9. പരിശീലനം

കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും അവയുടെ ഫലപ്രദമായ നടത്തിപ്പിനും ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിശീലനം നൽകേണ്ടതാണ്.

9.1 സംസ്ഥാനതല നേതൃപരിശീലനം

ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുപ്പ് ചുമതലകളില്ലാത്ത ഗ്രാമവികസനം, പഞ്ചായത്ത് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, കോർപ്പറേഷൻ ഹെൽത്ത് ഓഫീസർമാർ, ആരോഗ്യവകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) എൻ.എച്ച്.എം, പൊതുജനാരോഗ്യ ടീം. എസ്.എസ്.എ, കുടുംബശ്രീ ജില്ലാമിഷൻ, ജില്ലാ ശുചിത്വ മിഷൻ, നഗരസഭാ ഹെൽത്ത് ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ടീമിന് പരിശീലനം.

ജില്ലാതല നേതൃത്വ പരിശീലനം

ജില്ലാ ശുചിത്വമിഷൻ ടീം, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കൂടാതെ ബ്ലോക്കിൽ നിന്നും ആരോഗ്യവകുപ്പ്, ഹോമിയോ, ആയുർവേദം , എസ്.എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ ജില്ലാമിഷൻ ടീം, നഗരസഭാ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ടീമിന് പരിശീലനം. ഇതു കൂടാതെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കുള്ള പ്രത്യേക ഓറിയന്റേഷൻ വർക്ക്ഷോപ്പും സംഘടിപ്പിക്കണം.

9.3 **ബ്ലോക്ക്/നഗരസഭാതല പരിശീലനം**

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, വാർഡ്തലത്തിൽ നിന്നും 2 പേർ (സാനിട്ടേഷൻ സമിതി കൺവീനർ/ ഉദ്യോഗസ്ഥപ്രതിനിധി, വാർഡുതലത്തിൽ നേതൃത്വം കൊടുക്കുന്ന ജനപ്രതിനിധി), ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അഗ്രികൾച്ചറൽ ഓഫീസർ, വി.ഇ.ഒ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്ക് പരിശീലനം. ഓരോ നഗരസഭാതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളെയും കുടുംബശ്രീ പ്രവർത്തകരേയും ഉൾപ്പെടുത്തി പ്രത്യേകം പരിശീലനം. പരിശീലനത്തിന് അംഗസംഖ്യ കൂടുന്ന സാഹചര്യത്തിൽ ബാച്ചുകളുടെ എണ്ണം കൂട്ടി പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

10. ***ഏകോപനം***

പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് /ചെയർപേഴ്സൺ അദ്ധ്യക്ഷനും മെഡിക്കൽ ഓഫീസർ കൺവീനറായും, മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ അധ്യക്ഷനും, ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കോ-ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും വിവിധ വകുപ്പുകളും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന സമിതി ഏകോപനചുമതല നിർവ്വഹിക്കണം. സന്നദ്ധ പ്രവർത്തകരെ നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുണ്ട് വാർഡ്തല സമിതികളും ഈയടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണം. ജില്ലാതലത്തിൽ ജില്ലാകളക്ടർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിലുള്ള സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കണം.

11. ***വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ***

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

- മഴക്കാല പൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകന നേതൃത്വം.
- ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ ആരോഗ്യകർമ്മ പദ്ധതികൾ തയ്യാറാക്കുകയും സമയബന്ധിതമായി ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുകയും ചെയ്യുക.
- ഗ്രാമീണ മേഖലയിൽ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും, പട്ടണപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിൽ പദ്ധതിയിലും പദ്ധതി മാർഗ രേഖകൾ പ്രകാരം അനുവദനീയമായ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച ശുപാർശകൾ നടപ്പിലാക്കണം.

- വാർഡ് തലത്തിൽ ആശ, സന്നദ്ധ പ്രവർത്തകർ, തെഴിലാളികൾ തുടങ്ങിയവരെ നിയോഗിച്ച പ്രതിരോ. നിയന്ത്രണ പ്രവർത്തനത്തിന് വഴിയൊരുക്കുക, സ്ക്വാഡുകൾ രൂപീകരിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആരോഗ്യ വിഭാഗം ജീവനക്കാരെയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക.
- ബോധവൽക്കരണ പ്രവർത്തനങ്ങൽ കാര്യക്ഷമമാക്കുക.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ്/അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലാളികൾക്ക് പകർച്ചവ്യാധികൾ. എലിപ്പനി തുടങ്ങിയവക്കെതിരായി മുൻകരുതൽ നടപടി സ്വീകരിക്കുക.
- ഡ്രൈഡേ ആചരണം വീടുകളിൽ മാത്രമല്ല സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ, നിർമ്മാണ മേഖലകൾ. പൊതു സ്ഥലങ്ങൾ തുടങ്ങിയവയിലും നടക്കുന്നുവെന്ന് ഉറപ്പാക്കുക.
- ഗ്രാമപഞ്ചായത്തുകൾ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കിറ്റ് നിരോധിക്കുക.
- കല്യാണ മണ്ഡപങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ അടിസ്ഥാനപ്പെടുത്തി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ഭക്ഷണം, കുടിവെള്ളം നൽകാൻ നടപടി സ്വീകരിക്കുക.
- മേളകൾ, ഉത്സവങ്ങൾ ഗ്രീൻപ്രോട്ടോകോൾ പാലിക്കുവാൻ നിർദ്ദേശിക്കുക. മാതൃകകൾ സൃഷ്ടിക്കുക.
- തദ്ദേശസ്വയംഭരണ സ്ഥാപനതല സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുക.
- ശുദ്ധജല ദൗർലഭ്യം പരിഹരിക്കുക.
- പകർച്ചവ്യാധി സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൽക്കും എതിരെ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് ആക്ട് തുടങ്ങിയവയുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുക.
- വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ കർമ്മോന്മുഖമാക്കുക.
- ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കുന്ന നടപടികൾക്ക് നേതൃത്വം നൽകുക.

2. *ആരോഗ്യ വകുപ്പിന്റെ പങ്ക് (ഹോമിയോ, ആയുർവേദമടക്കം)*

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും വേണ്ട സാങ്കേതിക, ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ സഹകരിക്കുക.
- രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന/പ്രതിവാര റിപ്പോർട്ടുകൾ വിശകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർനടപടികൾ സ്വീകരിക്കൽ
- അംഗീകൃത ചികിത്സ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗചികിത്സയും പരിചരണവും.
- രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗനിയന്ത്രണം സാധ്യമാക്കൽ

- പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനിവാർഡ്, ഔട്ട്റീച്ച് ക്ലിനിക്ക്, മെഡിക്കൽ ക്യമ്പ് തുടങ്ങിയവ സജ്ജീകരിക്കൽ.
- ഹൈറിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മ പരിപാടികൾ
- ആവശ്യനുസരണം മരുന്ന്, മാനവശേഷി, ഫണ്ട്, പരിശോധന കിറ്റുകൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
- മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം പ്രതിവാര ഡ്രൈഡേ ഒബ്സർവേഷൻ തുടങ്ങിയവയ്ക്ക് ഇതരവകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കാമ്പയിനുകൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്ക്വാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കളിയാകുക.
- ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തൽ
- തോട്ടം മേഖലയിൽ ഉറവിട നശീകരണത്തിന് കർമ്മപരിപാടി
- ജലദൗർലഭ്യം ഉള്ളിടത്തും ഹൈറിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
- ജൂൺ, ജൂലയ്, ആഗസ്റ്റ് - പ്രതിവാര ഡ്രൈഡേ ഒബ്സർവേഷൻ

വെള്ളിയാഴ്ച	-	സ്കൂളുകളിൽ
ശനിയാഴ്ച	-	ഓഫീസിൽ
ഞായറാഴ്ച	-	വീടുകളിലും, പൊതുസ്ഥലങ്ങളിലും

- വിദ്യാർത്ഥികൾക്ക് പ്രത്യേകപരിപാടികൾ, മത്സരങ്ങൾ
- മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ
- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ
- ഫീൽഡ്തല പ്രവർത്തനങ്ങൾ ഉറപ്പാക്കൽ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം, വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ, ശുചിത്വ പോഷണ സമിതികളുടേയും വിവിധ തലങ്ങളിൽ (സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗനിയന്ത്രണ/അവലോകന സമിതികളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം സഫലമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും മറ്റുള്ളവർക്കും ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക
- അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യമാക്കുക. ഉദ: കൈപുസ്തകം

- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ.

3. *വിദ്യാഭ്യാസ വകുപ്പ്*

- ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൽ നടപ്പിലാക്കാനുള്ള തന്ത്രങ്ങൾ സംയുക്തമായി ആലോചിച്ച് രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, എസ്.എസ്.എ. ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി പരിശീലകർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിനെക്കുറിച്ച് അവബോധം നൽകുക. സ്കൂൾതലത്തിൽ മാലിന്യ പരിപാലനം അടക്കമുള്ള ശുചിത്വാരോഗ്യ പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുക.
- വീടുകൾ, വിദ്യാലയം, വിദ്യാലയം സ്ഥിതിചെയ്യുന്ന വാർഡ്, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവ മാലിന്യമില്ലാതെ ശുചിയായും വെടിപ്പായും സൂക്ഷിക്കുന്നതിനു സ്കൂൾ കുട്ടികളുടെയും, അധ്യാപകരുടെയും സ്കൂൾതല സംഘടനകളുടേയും പങ്കാളിത്തം ഉറപ്പാക്കുക. നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ മോണിറ്റിറിംഗ് നടത്തുക. മാലിന്യത്തിൽ നിന്നുള്ള ജൈവവളം ഉപയോഗിച്ച ജൈവകൃഷി നടത്തുവാൻ സ്കൂൾ കുട്ടികൾ വഴി കുടുംബാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.
- ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- ക്ലീൻ ആന്റ് ഹെൽത്തി ഹോം എന്ന നിലവാരത്തിലേയ്ക്ക് വീടിനേയും, വിദ്യാലയത്തേയും ഉയർത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹകരണം നൽകുക.
- വിദ്യാലയത്തിൽ ശുദ്ധജലലഭ്യത, ആവശ്യത്തിന് സാനിട്ടറി ടോയ് ലറ്റ് ലഭ്യത തുടങ്ങിയവ ഉറപ്പാക്കുക.
- അധ്യാപകരേയും വിദ്യാർത്ഥികളേയും സ്വന്തം വാർഡ്തല പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക.
- പകർച്ച വ്യാധികൾ, മാലിന്യ സംസ്കരണം, ജൈവിക നിയന്ത്രണം, ജൈവകൃഷി എന്നിവ സംബന്ധിച്ച ലഘു പ്രോജക്ടുകൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുക.
- വിദ്യാലയത്തിൽ പകർച്ചവ്യാധികൾ ഉണ്ടാകുകയാണെങ്കിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെടുക.

4. *കൃഷിവകുപ്പ്*

- രോഗപ്രതിരോധ നിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കാർഷകർക്കിടയിലും ക്ഷീരകർഷകർക്കിടയിലും അവബോധമുണ്ടാക്കുക.
- കൃഷി ഓഫീസുകൾവഴി ജന്തുജന്യ രോഗമായ എലിപ്പനിയുടെ പ്രതിരോധത്തിന് ഊന്നൽ നൽകി

പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

- കഴി കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക, കർഷകർക്കും, കുടുംബശ്രീ പ്രവർത്തകർക്കും വേണ്ടി ഓർഗാനിക് ഫാമിങ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- കൊതുകുകൾക്കെതിരെ കീടനാശിനികൾ തളിക്കാൻ സ് പ്രേയർ ലഭ്യമാക്കുക.
- കൃഷിതോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, നഴ് സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
- എലി നശീകരണം, എലിമട നിർമ്മാർജ്ജനം.
- തൊഴിലാളികളും കർഷകരും വ്യക്തഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

5. *സാമൂഹ്യനീതി വകുപ്പ്*

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാനാവശ്യമായ അംഗണവാടി ടീച്ചർ, ഹെൽപ്പർ തുടങ്ങിയവരെയും സൂപ്പർ വൈസർമാരായും വോളണ്ടിയർമാരായും നിയോഗിക്കുക.
- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക.
- ക്ലാസുകളും, ബോധവത്കരണവും നടത്തുക.
- അംഗണവാടികളിലും മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക.
- അങ്കണവാടികളിൽ സൃഷ്ടിക്കേണ്ട ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച പ്ലാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുക.

6. *മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പുകൾ*

- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവത്കരണം ക്ഷീരകർഷകർക്ക് പാൽ സൊസൈറ്റിയും, മൃഗാശുപത്രിയും ഡിസ്പെൻസറിയും ക്ഷീരസംഘങ്ങൾ വഴിയും നൽകുക.
- മൃഗങ്ങൾക്ക് ആവശ്യമായ വാക്സിനേഷൻ നൽകുക.
- എലിപ്പനിയ്ക്ക് കാരണമാകുന്ന ജന്തുക്കളെപ്പറ്റി പഠനം നടത്തുക.
- എലികൾ, പന്നികൾ, ജലപക്ഷികൾ തുടങ്ങിയവയെ സൂക്ഷ്മ നിരീക്ഷണം നടത്തുക.
- മൃഗങ്ങളിൽ നിന്നും രോഗം പകരാൻ കൂടുതൽ സാധ്യതയുള്ളവർക്ക് പ്രതിരോധ വാക്സിനേഷൻ നൽകുക.
- ചെക്ക് പോസ്റ്റുകളിൽ ആവശ്യഘട്ടങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിക്കുക.
- കശാപ്പുശാലകൾ ശാസ്ത്രീയവും ആധുനികവുമാക്കുക, ലൈസൻസ് നിർബന്ധമാക്കുക.

7. നഗരകാര്യവകുപ്പ്

- കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും രോഗനിയന്ത്രണ അവലോകന സമിതികൾ യോഗം ചേരുക. രോഗപ്രതിരോധ നിയന്ത്രണ നടപടി സ്വീകരിക്കുക.
- പ്രദേശിക പ്രത്യേകതകൾക്കനുസരിച്ച സമഗ്ര മാലിന്യ നിർമ്മാർജ്ജന ശുചിത്വാരോഗ്യ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക.
- കോർപ്പറേഷനിലെയും മുനിസിപ്പാലിറ്റികളിലേയും ആരോഗ്യ വിഭാഗം ഫീൽഡു ജീവനക്കാരെ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. മാനവശേഷി കുറവുള്ള സ്ഥലങ്ങളിൽ ആവശ്യത്തിന് ആരോഗ്യ പ്രവർത്തകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയോഗിക്കുക. നഗര പ്രദേശങ്ങളിലെ പ്രഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ് ജീവനക്കാരുമൊത്ത് സംയുക്തമായി പ്രവർത്തിക്കുവാൻ സഹചര്യമൊരുക്കുക.
- മേളകളിലും ഉത്സവങ്ങളിലും ഗ്രീൻപ്രോട്ടോകോൾ പാലിക്കുവാൻ നിർദ്ദേശിക്കുക, മാതൃക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- എല്ലാ കല്യാണ മണ്ഡപങ്ങളിലും ഗ്രീൻ പ്രേട്ടോകോൾ ഉറപ്പാക്കി പ്രകൃതി സൗഹൃദ വസ്തുക്കളിൽ ഭക്ഷണം, കുടിവെള്ളം നൽകുന്നുവെന്ന് ഉറപ്പാക്കുക.
- ഒരു വ്യക്തിയും സ്ഥാപനവും പകർച്ചവ്യാധിയുണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പു വരുത്തണം. ആവശ്യമെങ്കിൽ ശിക്ഷാനടപടികൾ സ്വീകരിക്കുക.
- കെട്ടിട നിർമ്മാണം, റോഡു നിർമ്മാണം, പൊതു മരാമത്തുകൾ, കുടിവെള്ള വിതരണം. മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്ക് പകർച്ചവ്യാധി പ്രതിരോധിക്കുവാൻ ഉതകുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുക.
- മഴയില്ലാത്ത സമയത്ത് അവശേഷിക്കുന്ന കൊതുക് ഉറവിടങ്ങളെ കണ്ടുപിടിച്ച് ഇല്ലായ്മ ചെയ്യുക. ഉണങ്ങിയ ഉറവിടമാലിന്യങ്ങൾ ഉചിതമായി നീക്കം ചെയ്യുക. നിരത്തുകളും ഓടകളും വൃത്തിയായി സൂക്ഷിക്കുക.
- 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കിറ്റ് നിരോധിക്കുക.

8. പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകൾ

- നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾ നടത്തുമ്പോഴും അതിന് ശേഷവും ഈച്ച്, കൊതുക്, എലി തുടങ്ങിയവയുടെ വംശവർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തണം.
- ഓടകളുടെ ഇൻസ്പെക്ഷൻ നടത്തി ഓടകളിൽ ജലം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പാക്കണം. മാലിന്യം കൊണ്ട് അടഞ്ഞുപോയ ഓടകളിലെ മാലിന്യം മുൻകൂറായി നീക്കുക.
- കെട്ടിട നിർമ്മാണം നടക്കുന്നിടത്ത് കെട്ടിടത്തിനകത്തും പുറത്തും ജലം കെട്ടി നിൽക്കുന്നില്ല എന്ന്

ഉറപ്പാക്കുക.

- റോഡ് / കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ കൊതുകിന്റെ ഉറവിടം ആകാതെ ശ്രദ്ധിക്കുക. ഉപയോഗശേഷമുള്ളവ ശാസ്ത്രീയമായി നീക്കം ചെയ്യുക.

9. ജല അതോറിറ്റി/ജലവിഭവ വകുപ്പ്

- തുടർച്ചയായി ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക.
- കുടിവെള്ളം രോഗാണു വിമുക്തമാക്കുക.
- ജലവിതരണ കുഴലുകളുടെ അറ്റകുറ്റപണി നടത്തുക.
- ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക.
- ജല ദൗർലഭ്യമുള്ളിടത്ത് സംഭരിക്കപ്പെടുന്ന ജലം കൊതുകിന്റെ ഉറവിടമാകാതെ ശ്രദ്ധിക്കുക.
- ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുക.

10. തൊഴിൽ വകുപ്പ്

- മറുനാടൻ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം, രജിസ്ട്രേഷൻ, ഹെൽത്ത് കാർഡ് വിതരണം എന്നിവ ഏർപ്പെടുത്തുക.
- ആരോഗ്യകരമായ ചുറ്റുപാടിലും പകർച്ചവ്യാധി സാദ്ധ്യതയില്ലാത്ത അന്തരീക്ഷത്തിലുമാണ് തൊഴിലാളികൾ താമസിക്കുന്നതും പണിയെടുക്കുന്നതും എന്ന് ഉറപ്പുവരുത്തുക.
- തൊഴിലാളികളുടെ താമസകേന്ദ്രങ്ങളിലും പ്രധാന തൊഴിൽമേഖലകളിലും രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണം, മലമ്പനി, മന്തുരോഗ പരിശോധനകൾ തുടങ്ങിയവ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുക.
- തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും, പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട നടപടികൾ.

12. മോണിറ്ററിംഗ്

വാർഡ്തല പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി അവലോകനം ചെയ്യേണ്ടതാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവലോകന സമിതിയുടെ യോഗം രണ്ടാഴ്ചയിലൊരിക്കൽ ചേരണം. ജില്ലാ അസൂത്രണ സമിതി ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

ഗാർഹികതലത്തിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളിലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. അതിന് സാമൂഹ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥശാല-കലാസമിതി പ്രവർത്തകർ, തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ശുചീകരണ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. കമ്മിറ്റിയംഗങ്ങൾ ആഴ്ചയിലൊരിക്കൽ സ്ഥാപന പരിസരം സന്ദർശിക്കേണ്ടതും

പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുന്ന രീതിയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

ജില്ലാ ഇൻസ്പെക്ഷൻ ടീം

ജില്ലാകളക്ടർമാർ, ജില്ലാതല ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ച് ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല വാർഡുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ശുപാർശ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

13. പ്രവർത്തന കലണ്ടർ

ക്രമ നം.	പ്രവർത്തനം	കാലഗണന
1	സംസ്ഥാന ശില്പശാല	02/04/16
2	ജില്ലാതല ശില്പശാലകൾ	05.04.2016-08.04.2016
3	ബ്ലോക്ക് തല ശില്പശാലകൾ	06.04.2016-09.04.2016
4	തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല	12.04.2016-16.04.2016
5	വാർഡ്തല ആരോഗ്യശുചിത്വ പോഷണ സമിതി യോഗങ്ങൾ	16.04.2016-21.04.2016
6	വാർഡ്തല ശുചിത്വമാപ്പിംഗ് ദിനം	25/04/16
7	വാർഡ്തല ശുചിത്വപദ്ധതി തയ്യാറാക്കലും, അംഗീകരിക്കലും	26/04/16
8	വാർഡ്തല പദ്ധതി പഞ്ചായത്ത് അംഗീകരിക്കൽ	30/04/16 -നു മുന്നേ
9	ഫീൽഡ്തല ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ	02/05/16-മുതൽ

14. ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

- ഫണ്ട് വിവിധ സ്രോതസ്സുകളിൽ നിന്ന് പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകൾ ശേഖരിക്കുന്നു
- പഞ്ചായത്തിന്/നഗരസഭയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കാവുന്ന പരമാവധി തുക: രൂ.25,000 x പഞ്ചായത്തിലെ/നഗരസഭയിലെ വാർഡുകളുടെ എണ്ണം (കോർപ്പറേഷനുകൾക്ക് രൂ.35,000 x വാർഡുകളുടെ എണ്ണം)
- ഓരോ വാർഡിനും രൂ. 25000/-രൂപയിൽ അധികരിക്കാത്ത തുക, വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകതയനുസരിച്ച്, ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് ചെലവഴിക്കാവുന്നതാണ്. (കോർപ്പറേഷനുകൾക്ക് ഒരു വാർഡിന് രൂ. 35,000/- വരെയും ചെലവഴിക്കാവുന്നതാണ്)
- വാർഡൊന്നിന് ലഭിക്കാവുന്ന തുക : ശുചിത്വമിഷൻ - 10,000/-രൂപ, (കോർപ്പറേഷൻ വാർഡുകൾക്ക്

20,000/-രൂപ), എൻ.ആർ.എച്ച്.എം.-10,000/- രൂപ,തനത് ഫണ്ട് - 5,000/-രൂപ.

- ശുചിത്വമിഷന്റെ വിഹിതമായ 10,000/- രൂപ സർക്കാർ തീരുമാനപ്രകാരം പഞ്ചായത്ത് / നഗരസഭ (കോർപ്പറേഷനുകൾക്ക് 20,000/-രൂപ) കൈമാറുന്നു. മുൻവർഷത്തെ യൂട്ടിലൈസേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതുതട്ടിക്കഴിച്ച ശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന NRHM വിഹിതത്തിനും തദ്ദേശസ്വയംഭരണ വിഹിതത്തിനും ബാധകമായിരിക്കും. തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിയ്ക്ക് കൈമാറുന്നു.
- 2016 ജൂൺ 30-ന് മുമ്പ് ചെലവഴിക്കപ്പെടുന്ന തുക മാത്രമേ മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുന്നു.
- വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ് തല ആരോഗ്യ ശുചിത്വപോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതും ലഭിക്കുന്ന സ്രോതസടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.
- വാർഡ് തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ് തല പ്രവർത്തന രേഖ തയ്യാറാക്കണം.
- വാർഡ് തല ശുചിത്വ സമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം.
- വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത് /നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും. അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയതിനുശേഷം കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്.
- പഞ്ചായത്ത് /നഗരസഭ/കോർപ്പറേഷൻ കമ്മിറ്റി അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ കോപ്പി അംഗീകാര രേഖകളോടെ വാർഡ് ശുചിത്വസമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.
- പ്രവർത്തനങ്ങളും ചെലവുകളും അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.

15. സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല മഴക്കാല പൂർവ്വ ക്യാമ്പയിനുകളും, ശുചിത്വപ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്, ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിക്കുന്നതുമാണ്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ്

ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ വിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്. പ്രീമൺസൂൺ കാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രതിവാര പുരോഗതി ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനിലെ ഓഫീസ് ബോർഡിൽ സെക്രട്ടറിമാർ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എ പി എം. മുഹമ്മദ് ഹനീഷ്
ഗവ. സെക്രട്ടറി

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8. സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീണർ, തിരുവനന്തപുരം
13. ഡയറക്ടർ. സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
14. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
16. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17. ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
19. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ, തിരുവനന്തപുരം
20. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

22. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
23. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
24. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
25. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
26. എല്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
27. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
28. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
29. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും
30. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
31. സ്റ്റേറ്റ് പെർഫോൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
32. ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
33. സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
35. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെചേമ്പർ
36. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
37. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - 1. പഞ്ചായത്തു സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്

4. തദ്ദേശ സ്വയംഭരണ)ഡി.എ/ഡി.ബി/ഡി.സി/എഫ്.എം) വകുപ്പുകൾക്ക്

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്ത കേരളം - മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ - ഒരാഴ്ചത്തെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1780/2016/തസ്വഭവ തിരുവനന്തപുരം, തീയതി 28. 05.2016

പരാമർശം - (1) 01/04/2016- തീയതിയിലെ 201/ഡിസി1/2016/തസ്വഭവ നമ്പർ സർക്കുലർ.

(2) 23/05/2016-ലെ സ.ഉ.(സാധാ)നം.1724/2016/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിന് ശുചീകരണ/പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പറയുന്ന എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ വേണ്ട നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ജൂൺ 1 മുതൽ ഒരാഴ്ചക്കാലം മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും ഒരാഴ്ചത്തെ പ്രചാരണ/ ശുചീകരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും, ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് പ്രാദേശികമായി വിവിധ സന്നദ്ധ സംഘടനകൾ, അനുബന്ധ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികൾ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് വിപുലമായ ബോധവൽക്കരണ പരിപാടികളും ശുചീകരണ പരിപാടികളും സംഘടിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

2. മൺസൂൺ പൂർവ്വകാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി പരാമർശം (2)-ൽ പറയുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഇല്ലാതെ തന്നെ

പ്രവർത്തനങ്ങൾ നടത്തുവാനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു. ഇപ്രകാരം നടത്തപ്പെടുന്ന പ്രവൃത്തികൾ സാമൂഹ്യ പരിശോധനയ്ക്ക് (സോഷ്യൽ ആഡിറ്റ്) വിധേയമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

പി ഐ ഷെയ്ക്ക് പരീത്
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റികൾക്കും /എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്ത കേരളം - മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ - ഒരാഴ്ചത്തെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് **28.05.2016** ലെ സ.ഉ.(സാധാ)നം.**1780/2016/**തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1850/2016/തസ്വഭവ തിരുവനന്തപുരം, തീയതി 04.06.2016

പരാമർശം - (1) 01/04/2016- തീയതിയിലെ 201/ഡിസി1/2016/തസ്വഭവ നമ്പർ സർക്കുലർ.

(2) 23/05/2016-ലെ സ.ഉ.(സാധാ)നം.1724/2016/തസ്വഭവ നമ്പർ ഉത്തരവ്.

(3) 28.05.2016-ലെ സ.ഉ.(സാധാ)നം.1780/2016/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

മൺസൂൺ പൂർവ്വകാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി പരാമർശം (2)-ൽ പറയുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഇല്ലാതെ തനതു പ്രവർത്തനങ്ങൾ നടത്തുവാനുള്ള അനുമതി സൂചന (3) പ്രകാരം നൽകിയിരുന്നു. എന്നാൽ ചില പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടോ ജനറൽ പർപ്പസ് ഫണ്ടോ ഇല്ലാത്ത പഞ്ചായത്തുകൾക്ക് വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകി ഉത്തരവാകുന്നു.

ശുചിത്വമിഷനിൽ നിന്നും ചെലവായ തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് വികസനഫണ്ടിലേയ്ക്ക് ടി തുക വകയിരുത്തുന്നതിനും ഉത്തരവാകുന്നു. ഇപ്രകാരം ഫണ്ട് ചെലവഴിയ്ക്കുന്നതിന് സുലേഖാ/സാംബ സോഫ്റ്റ് വെയറുകളിൽ വേണ്ട സൗകര്യം ഇൻഫർമേഷൻ കേരള മിഷൻ ഏർപ്പെടുത്തേണ്ടതാണ്

ഇപ്രകാരം തുക ചെലവഴിച്ചതിനുശേഷം ഡി.പി.സി-യുടെ അംഗീകാരം നേടേണ്ടതാണെന്നും ഉത്തരവാകുന്നു. പരാമർശം (3)-ലെ ഉത്തരവ് തദനുസരണം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
റ്റി.കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം
എല്ലാ മുൻസിപ്പാലിറ്റികൾക്കും /എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (തസ്വഭവ) പി.എ-യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇറസായ സ്ഥലത്ത് മല വിസർജ്ജനം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കുമുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2245/ 2016/തസ്വഭവ തിരുവനന്തപുരം, തീയതി 26.07.2016

പരാമർശം - (1) 13.06.2016 ലെ സ.ഉ.(സാധാ) നം 76/2016/തസ്വഭവ നമ്പർ ഉത്തരവ്

(2) കണ്ണൂർ ജില്ലാ കളക്ടറുടെ 01.07.2016 ലെ കുറിപ്പ്

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം പൊതു സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കപ്പെട്ട ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയെ പൊതു സ്ഥലത്ത് മലവിസർജ്ജനം പൂർണ്ണമായും ഒഴിവാക്കപ്പെട്ട ജില്ലയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടികളിന്മേൽ നേരിട്ട ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നു പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന കാര്യങ്ങൾ ഒരു പൊതു ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്യുന്നു

1. സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായി ഏറ്റവും ദുർഘടമായ പ്രദേശങ്ങളിൽ അതാത് പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ടും വ്യക്തിഗത ഗാർഹിക കക്കൂസ് നിർവഹണം അംഗീകൃത യൂണിറ്റ് കോസ്റ്റിനുള്ളിൽ പരിമിതപ്പെടുത്തിയും ഫലപ്രദമായും സാങ്കേതിക മികവ് ഉറപ്പാക്കിയുള്ള നിർമ്മാണ രീതികൾ അവലംബിച്ചും നിർമ്മാണം നടത്തുന്നതിനു വേണ്ട ഉചിത തീരുമാനം അതാത് ജില്ലാ ശുചിത്വ സമിതികൾക്ക് എടുക്കാവുന്നതും പ്രസ്തുത തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് ഗാർഹിക കക്കൂസ നിർമ്മാണത്തിനും ധനവിനിയോഗത്തിനും നടപടികൾ കൈക്കൊള്ളാവുന്നതാണ്. ഇക്കാര്യത്തിൽ ഗുണഭോക്താവിന്റെ സമ്മതം ഉറപ്പാക്കേണ്ടതുണ്ട്. കുറ്റമറ്റ ഡൈജസ്റ്റർ ഭാഗം, വാട്ടർ സീൽ ക്ലോസറ്റ്, ഈടുറ്റ ടോയിലറ്റ് മുറി, മേൽക്കൂര, വാതിൽ, ടോയിലറ്റ് മുറിയിൽ വെള്ളം സംഭരിക്കുന്നതിനുള്ള സൗകര്യം എന്നീ അവശ്യ സൗകര്യങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പാക്കേണ്ടതാണ്.

2. ദുർഘട പ്രദേശങ്ങളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളും നിർമ്മിക്കുന്ന വ്യക്തിഗത ഗാർഹിക കക്കൂസുകൾക്കുള്ള ഇൻസെന്റീവ് തുകയായ രൂപ 15400/-നുപരിയായി ആവശ്യമായി വരുന്ന അധിക തുക CSR പ്രകാരം ജില്ലാ കളക്ടർമാർക്ക് കണ്ടെത്താവുന്നതാണ്. ഓരോ കുടുംബത്തിനും അധികമായി നൽകേണ്ട തുക എത്രയെന്ന് നിശ്ചയിക്കുന്നതിന് ജില്ലാ

കളക്ടർ നിശ്ചയിക്കുന്ന സാങ്കേതിക വിദഗ്ധ ടീം ഓരോ ഗുണഭോക്തൃ ഭവനവും സന്ദർശിച്ച് വിലയിരുത്തേണ്ടതും അധിക തുക നൽകപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റ് തുക സഹിതം ജില്ലാ കളക്ടറുടെയും ശുചിത്വമിഷന്റെയും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. തുടർന്ന് ജില്ലാ ശുചിത്വമിഷന്റെ തീരുമാനപ്രകാരം അധിക തുക നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേനചെലവഴിക്കാവുന്നതാണ്.

3. കുന്നിൻ പ്രദേശം, പട്ടിക വർഗ/ആദിവാസി വിഭാഗങ്ങളുടെ വാസസ്ഥലങ്ങളിലെ ഗാർഹിക/ കമ്മ്യൂണിറ്റി ടോയിലറ്റുകൾ, തൊഴിലുറപ്പ് പദ്ധതി, എൻ.ജി.ഒ. CSR വഴി ജില്ലാ ശുചിത്വ സമിതിയുടെ അംഗീകാര പ്രകാരം അതത് ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് നിർവ്വഹണം നടത്താവുന്നതാണ്. ഇതര സർക്കാർ വകുപ്പുകളിലെ ഗാർഹിക കക്കൂസ് നിർമ്മാണ സഹായവും അതാത് വകുപ്പുകൾ മുഖേന ലഭ്യമാക്കുന്നതിന് ജില്ലാ ശുചിത്വ സമിതി നടപടിയെടുക്കേണ്ടതും നിർവ്വഹണം 2016 നവംബർ 1ന് മുൻപായി പൂർത്തീകരിക്കുമെന്നുറപ്പാക്കേണ്ടതാണ്.

4. വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കുന്നതിന് സ്ഥല സൗകര്യമില്ലാത്ത ചേരി പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് പണിയാവുന്നതും ആയതിന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം) മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം കൂടി ഉപയോഗിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ടി.കെ.ജോസ്

ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Local Self Government Department- Suchitwa Mission – Man Power Support – Extension of service of Personnel recruited through Centre for Management Development– Sanctioned - Orders issued.

LOCAL SELF GOVERNMENT (IA) DEPARTMENT

G.O.(Rt)No. 2677/2016/LSGD. Dated,Thiruvananthapuram, 09.09.2016

Read:- 1) GO(Rt)No.144/2015/LSGD dated 17.01.2015.

2) Letter No.2726/B/14/SM dated 24.06.2016 from the Executive Director, Suchitwa Mission.

ORDER

In the circumstances reported by the Executive Director, Suchitwa Mission in his letter read as paper 2nd read above, Government are pleased to accord sanction to extend the term of service of the personnel recruited through Centre for Management Development sanctioned as per the Government Order read above for one more year w.e.f 15.09.2016 subject to the condition that a work and conduct certificate shall be obtained from the Dist Panchayath President in case of personnel posted in districts and from the ED, Suchitwa Mission in State Mission. Sanction is also accorded to outsource one more post of Programme Officer in Alappuzha District in accordance with the GO read above.

By Order of the Governor
K. S. BINDU
Under Secretary to Govt.

To

The Executive Director, Suchitwa Mission.
The Principal Accountant (Audit), Kerala,Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram
- ഓരോ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി വാർഡിനും രൂ.25000/- രൂപയിൽ അധികരിക്കാത്ത തുക, വാർഡ്തല പ്രവർത്തന രേഖയുടെ ആവശ്യകതയനുസരിച്ച്, ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് ചെലവഴിക്കാവുന്നതാണ്. കോർപ്പറേഷനുകൾക്ക് ഒരു വാർഡിന് രൂ.35000/- വരെയും ചെലവഴിക്കാവുന്നതാണ്.
- വാർഡൊന്നിന് ലഭിക്കാവുന്ന തുക : ശുചിത്വമിഷൻ വിഹിതം - ഗ്രാമപഞ്ചായത്ത്, നഗരസഭ 10000/- രൂപ, കോർപ്പറേഷൻ വാർഡിന് 20000/- രൂപ, എൻ.ആർ.എച്ച്.എം. വിഹിതം- 10000/- രൂപ, തനത് ഫണ്ട് - 5000/- രൂപ
- ശുചിത്വമിഷന്റെ വിഹിതമായ 10000/- രൂപ സർക്കാർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/നഗരസഭ (കോർപ്പറേഷനുകൾക്ക് 20000/- രൂപ) കൈമാറുന്നു. മുൻവർഷത്തെ യൂട്ടിലൈസേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതുതട്ടിക്കഴിച്ച ശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന NRHM വിഹിതത്തിനും തദ്ദേശഭരണ വിഹിതത്തിനും ബാധകമായിരിക്കും. തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിക്ക് കൈമാറുന്നു
- 2017 ജൂൺ 30 ന് മുമ്പ് ചെലവഴിക്കപ്പെടുന്ന തുക മാത്രമേ മഴക്കാലപൂർവ്വ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളൂ.
- വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി അക്കൗണ്ടിൽ വരുത്തേതും ലഭിക്കുന്ന സ്രോതസടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.
- വാർഡ്തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ്തല പ്രവർത്തന രേഖ തയ്യാറാക്കണം
- വാർഡ്തല ശുചിത്വസമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം
- വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും, അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയതിനുശേഷം കമ്മറ്റി അംഗീകരിക്കേണ്ടതുമാണ്.
- പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കമ്മറ്റി അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേതും രാമത്തെ കോപ്പി അംഗീകാര രേഖകളോടെ വാർഡ് ശുചിത്വസമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.

- പ്രവർത്തനങ്ങളും ചെലവുകളും അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.
- ഇക്കാര്യത്തിലേയ്ക്ക് ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. ആയതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്കായിരിക്കും.

10. സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല മഴക്കാല പൂർവ്വ ക്യാമ്പയിനുകളും, ശുചിത്വപ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്. ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിയ്ക്കുന്നതുമാണ്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടീഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്. പ്രീമൺസൂൺ കാമ്പയിൻ പ്രവർത്തനങ്ങളുടെ പ്രതിവാര പുരോഗതി ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനിലെ ഓഫീസ് ബോർഡിൽ സെക്രട്ടറിമാർ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എസ്.എം വിജയാനന്ദ്
ചീഫ് സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
14 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ
18 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
19 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
20 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21 മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
22 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
23 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)

24 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
25 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
26 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
27 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
28 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
29 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
30 ഡയറക്ടർ, ലോക്കൽ ഫ് ഓഡിറ്റ്, തിരുവനന്തപുരം
31 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
32 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
33 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
35 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
36 അക്കൗന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
37 ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
3. ആരോഗ്യവകുപ്പ്/വിദ്യാഭ്യാസ വകുപ്പ്/കൃഷിവകുപ്പ്/സാമൂഹ്യനീതി വകുപ്പ്/ മൃഗസംരക്ഷണം, ക്ഷീര വികസന വകുപ്പ്/ഫിഷറീസ്/പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പ്/ജലവിഭവം വകുപ്പ്/തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാരുടെ പി.എ യ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
5. തദ്ദേശസ്വയംഭരണ (ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം) വകുപ്പുകൾക്ക്

GOVERNMENT OF KERALA

Abstract

Information Technology Department -Installation of Mobile Towers – Structure of STC & DTC for addressing Public Grievance - Imposition of One time Administration Fee - Modified – Orders Issued .

INFORMATION TECHNOLOGY (B) DEPARTMENT

G.O.(Ms)No. 31/2014/ITD. Dated, Thiruvananthapuram, 5 -11 -2014.

Read: 1. GO(Ms) No. 14/2014/ITD, dated 15-03-2014.
2. G.O (Ms) No.25/2014/ITD, dated 02-08-2014.
3. Minutes of the meeting held by the Principal Secretary, ITD on 21.10.2014.

ORDER

As per G.O read as first paper above, State Government had decided to follow the revised guidelines issued by Government of India for installation of Mobile Towers in the state with effect from 15-03-2014. Subsequently as per GO read as second paper above Telecom Committees (State Telecom Committee & District Telecom Committee) were constituted for addressing public grievances and Rs. 5000/- was imposed as one time administration fee for granting permission to install mobile tower besides the application fee and permit fee levied by Local Self Government Institutions.

2. In the annual conference of District Collectors and Head of Departments held on 13-10-14 the District Collectors had pointed out the difficulties for convening such an unwieldly District Telecom Committee for addressing public grievance. Telecom Service Providers operating in the state. in the meeting held on 21-10-2014 convened by the Principal Secretary(IT), have inter alia requested to (i) downsize the STC &DTC as it is felt unwieldly and (ii) withdraw the one time administration fee of Rs. 5000/- ordered as per GO read as second paper above on the ground that LSGIs are already collecting fee for the same purpose.

3. Government, after having examined the matter in detail, are pleased to reconstitute the State Telecom Committee(STC) and District Telecom Committee (DTC) to address public grievance in connection with the mobile towers, in all 14 districts as detailed below:

I. District Telecom Committee (DTC)

1. District Collector of the Concerned District - Chairman
2. District Medical Officer of Concerned District - Member
3. TERM Cell representative of the Concerned district - Member
4. Secretary of the Concerned LSGI who issues permit - Member
5. District Environmental Engineer, Pollution Control Board (PCB) of the Concerned District - Member
6. An eminent public person from the concerned District to be nominated by the chairman of DTC - Member

II. State Telecom Committee (STC)

1. Principal Secretary, Information Technology Department - Chairman
2. Secretary, Health Department - Member
3. Secretary, Local Self Government Department - Member
4. Deputy Director General(TERM) – Kerala - Member
5. Chairman, State Pollution Control Board - Member
6. An eminent public person to be nominated by the chairman of STC - Member

4. A representative of the concerned Telecom Service Provider may be invited to STC/DTC, as the case may be, to present their case. The DTC shall act as a public grievance redressal mechanism where as STC shall act as an advisory body relating to the common issues pertaining to mobile tower installation and it will look after general issues relating to mobile towers which has state wide application. STC shall no longer be an appellate body of DTC. DTC shall take a decision on public grievances as early as possible, preferably within 15 days and communicate the same to LSGI concerned. STC shall meet once in six months. Government also clarify that no prior clearance from the DTC is required for issuance of permit by the concerned Local Self Government Institution for installation of mobile tower.

5. The decision to collect an amount of Rs. 5000/- (Rupees Five Thousand only) as one time administration fee imposed as per G.O read as second paper above stands withdrawn.

6. The GO read as second paper above stands modified to the above extend.

(BY ORDER OF THE GOVERNOR)
Siva Sankar M
Secretary to Government

To

The Chief Secretary.
The Secretary, Department of Telecommunication, Government of India *(with C/L)*
The Additional Chief Secretary, Home Department.
The Additional Chief Secretary, Environment Department.
The Principal Secretary, Local Self Government Department.(*To issue copies of this GO to all LSGI*)
The Principal Secretary, Revenue Department.
The Secretary, Public Works Department.
The Secretary, Health Department.
The Secretary, LSGD(Urban).
The Director, Health Services, Thiruvananthapuram.
The Director of Panchayat, Thiruvananthapuram.
The Director, Urban Affairs, Thiruvananthapuram.
The Chief Engineer, PWD(Building and Local Works), Thiruvananthapuram.
The Chief Engineer, PWD(Roads & Bridges), Thiruvananthapuram.
The Chief Town Planner, Thiruvananthapuram.
The Chairman, State Pollution Control Board,Thiruvananthapuram.
The Director, Kerala State IT Mission,Thiruvananthapuram.
All District Collectors.
The DDG,TERM Cell, Gandhi Nagar, Ernakulam, Kerala.
The Chief General Manager, BSNL, Thiruvananthapuram.
The State Head of each Telecom/ Infrastructure Service Provider.
The Principal Accountant General (Audit/A&E) Kerala, Thiruvananthapuram.
All members of STC/DTC.
Web & New Media, I&PRD, Thiruvananthapuram.(*for publishing in website*).
Stock File / Office Copy.

Forwarded/By Order

Section Officer

OFFICE OF THE COMMISSIONER OF LAND REVENUE
RECEIVED
25 NOV 2015

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ഐ റ്റി/ഹൈടെക് പാർക്കുകൾക്കുള്ളിലെ കൃഷിയോഗ്യമല്ലാത്ത നെൽവയലുകളുടെ പരിവർത്തനത്തിനു അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

സ.ഉ.(എം എസ്) നം. 624/15/റവന്യൂ. തിരുവനന്തപുരം, തീയതി 21.11.2015

പരാമർശം - സ. ഉ (അച്ചടിച്ചത്) നം. 84/2015/റവന്യൂ, തീയതി 26..02..2015

സർക്കാർ പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽപ്പെടുത്തി 1999-ലെ ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിന്റോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ഏരിയ ഡവലപ്പ്മെന്റ് ആക്ടിന്റെ പരിധിയിൽ ഇൻഡസ്ട്രിയൽ ഏരിയയായി പ്രഖ്യാപിക്കുന്ന പ്രൈവറ്റ് ഐ.റ്റി/ഹൈടെക് പാർക്കുകൾക്കുള്ളിലെ കൃഷിയോഗ്യമല്ലാത്ത നെൽവയലുകളെ ചില നിബന്ധനകളോടെ പരിവർത്തനപ്പെടുന്നതിന് തീരുമാനിച്ചിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള എസ്.ആർ.ഒ 107/2015 തീയതി 27..02..2015 വിജ്ഞാപന പ്രകാരം ഉയർന്ന നിക്ഷേപ സാദ്ധ്യതയുള്ളതും പൊതുവായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ പ്രൈവറ്റ് ഇന്റഗ്രേറ്റഡ് ആന്റ് ഹൈടെക് പാർക്കുകളെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ആവശ്യാർത്ഥം പൊതു ആവശ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതു ആവശ്യങ്ങൾക്കായി നിലം നികത്തുന്നതോ പരിവർത്തനപ്പെടുത്തുന്നതോ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പ്രസക്തമായ ചട്ടങ്ങൾ പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശികതല സമിതി മുമ്പാകെ ഇതിനായുള്ള അപേക്ഷ സമർപ്പിക്കപ്പെടേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ കാർഷികോല്പാദന കമ്മീഷണർ കൺവീനറായിട്ടുള്ള സംസ്ഥാന സമിതിയുടെ ശുപാർശ പ്രകാരം സർക്കാർ അന്തിമതീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

കേരള സർക്കാർ

നം.12900/ആർ.എ 1/2015/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:02.12.2015

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന:
1. 20.06.2007 ലെ നമ്പർ 24136/ആർ.എ 1/2007/തസ്വഭവ സർക്കുലർ.
2. 24.07.2010 ലെ നമ്പർ 22044/ആർ.എ 1/2010/തസ്വഭവ സർക്കുലർ.
3. 13.02.2012 ലെ നമ്പർ 818/ആർ.എ 3/2012/തസ്വഭവ സർക്കുലർ.
4. 30.10.2012 ലെ നമ്പർ 59177/ആർ.എ 1/2013/തസ്വഭവ സർക്കുലർ.
5. 30.12.2013 ലെ നമ്പർ 75419/ആർ.എ 1/2013/തസ്വഭവ സർക്കുലർ.
6. 19.05.2014 ലെ നമ്പർ 29342/ആർ.എ 1/2014/തസ്വഭവ സർക്കുലർ.
7. 22.08.2014 ലെ നമ്പർ 46871/ആർ.എ 1/2014/തസ്വഭവ സർക്കുലർ.

സംസ്ഥാനത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുകയും, തുടർന്ന് ഇവ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നത് സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലറുകൾ പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എങ്കിലും ഇപ്പോഴും കെട്ടിടനിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർനടപടികൾ കൈക്കൊള്ളുന്നതിലും പല തദ്ദേശ സ്ഥാപനങ്ങളിലും വ്യത്യസ്ത രീതികളാണ് അവലംബിച്ചു വരുന്നതെന്നും, തെറ്റായ നടപടിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ഫയലുകളും, രജിസ്റ്ററുകളും, റിപ്പോർട്ടുകളും ശരിയായി തയ്യാറാക്കുന്നതിലും പാലിക്കുന്നതിലും അപാകതകൾ കണ്ട് വരുന്നെന്നും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകൾ കണക്കിലെടുത്ത് കെട്ടിടനിർമ്മാണ അപേക്ഷകൾ പരിശോധിക്കുന്നതിൽ കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സൂചന ഒന്നിലെ 20.06.2007 ലെ 24136/ആർ.എ 1/2007/തസ്വഭവ നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്. രജിസ്റ്ററിലെ പേജ് നമ്പർ നമ്പർ ക്രമത്തിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ വ്യക്തമായും പൂർണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിലെ വരികളെല്ലാം പൂർണമായി വിനിയോഗിക്കേണ്ടതാണ്. രേഖപ്പെടുത്തലുകൾക്കിടയിൽ ശൂന്യമായി ഇടുന്ന പേജുകളും വരികളും റദ്ദ് ചെയ്ത് ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(തുടർച്ച.....2)

2. കെട്ടിടനിർമ്മാണ അപേക്ഷകൾ (പെർമിറ്റ്/ക്രമവൽക്കരണം/ഒക്കുപ്പൻസി) ഫ്രണ്ട് ഓഫീസിൽ അപേക്ഷാ ഫീസ് സഹിതം സ്വീകരിക്കേണ്ടതും, ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. അപ്പൻഡിക്സ് എ-യിലുള്ള എല്ലാ കെട്ടിടനിർമ്മാണ അപേക്ഷകളും, അപൂർണമോ, അപാകതയുള്ളതോ ആണെങ്കിൽകൂടി ആയത് കറണ്ട് നമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സമയക്രമത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. രജിസ്റ്ററിലെ കോളം 1 ൽ ക്രമനമ്പരും, കോളം 2 ൽ കറണ്ട് നമ്പരും, ഓഫീസിൽ അപേക്ഷ ലഭിച്ച തീയതിയും നിർബന്ധമായും ചേർത്തിരിക്കണം.

3. ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്കുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്.

4. കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

5. കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ (വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ മുതലായവയടക്കം) ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. പേജുകൾ വേർപെടും പിൻ ചെയ്യും മറ്റു പേജുകളിൽ ഒട്ടിച്ചും ഫയലുകളിൽ വയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണം. നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും പരസ്പര പരാമർശമുള്ളതായിരിക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജ് നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

6. അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ, പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവ്വെ/റീസർവ്വെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോയെന്നത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമെങ്കിൽ റിപ്പോർട്ടിനായി ഒരു മാതൃകാ ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്.

(തുടർച്ച.....3)

7. ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകന്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം, എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്നപക്ഷം പെർമിറ്റ് ഫീസ്/കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്നപക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

8. 30.10.2012 ലെ നമ്പർ 59177/ആർ.എ 1/2013/തസ്വഭവ, 30.12.2013 തീയതിയിലെ നമ്പർ 75419/ആർ.എ 1/2013/തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്/സീൽ പതിപ്പിക്കേണ്ടതാണ്.

9. അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമാക്കിയിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകനു നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധമായി ഫയലിലെ നോട്ട് ഭാഗത്തും കെട്ടിടനിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

10. കെട്ടിടനിർമ്മാണ അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലുകൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

11. സാങ്കേതിക വിഭാഗത്തിന്റെയും ബന്ധപ്പെട്ട സെക്ഷനിലെയും പരിശോധനയ്ക്കു ശേഷം അനുമതി നൽകാവുന്നതാണെങ്കിൽ ഫയൽ പെർമിറ്റ് അധികാരിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും അംഗീകാരം നൽകാവുന്നതെങ്കിൽ പെർമിറ്റ് ഫീസ് അടയ്ക്കുന്നതിനു അപേക്ഷകനു നിർദ്ദേശം നൽകുന്നതിനു അധികാരി ഉത്തരവാകേണ്ടതുമാണ്.

12. 22.08.2014 ലെ 46871/ആർ.എ 1/2014/തസ്വഭവ നമ്പർ സർക്കുലറിൽ അനുശാസിക്കും പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിനു മുൻപായി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മുൻകൂർ അനുമതികൾ എല്ലാം ലഭ്യമാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത അനുമതികളുടെ നമ്പരും തീയതിയും പെർമിറ്റിലും അപ്രൂവ്ഡ് പ്ലാനിലും രേഖപ്പെടുത്തേണ്ടതുമാണ്.

13. മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ ഫയലിൽ രേഖപ്പെടുത്തി, കരടു പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും ഫീസ് അടവും രജിസ്റ്റർ ഒത്തുനോക്കി പരിശോധിച്ച് അധികാരി പെർമിറ്റ് അംഗീകരിക്കാവുന്നതാണ്. അംഗീകൃത പ്ലാനുകളിൽ പെർമിറ്റ് നമ്പർ, തീയതി, വ്യവസ്ഥകൾ (ഉണ്ടെങ്കിൽ), കാലാവധി, പെർമിറ്റ് ഫീസ് വിശദാംശങ്ങൾ എന്നിവ പെർമിറ്റ് അധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിൽ പെർമിറ്റ് നമ്പർ, തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്ന് അപേക്ഷകന് അംഗീകൃത പ്ലാനുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പെർമിറ്റ് എന്നിവ നൽകേണ്ടതാണ്.

(തുടർച്ച.....4)

14. 13.02.2012 ലെ 818/ആർ.എ 3/2012/തസ്വഭവ നമ്പർ സർക്കുലറിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ സൂക്ഷ്മപരിശോധന നടത്തിയ ശേഷം കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചുകൊണ്ടു മാത്രമേ നിർമ്മാണാനുമതി നൽകാവൂ എന്ന് അനുശാസിക്കുന്നു. ഇത് പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

15. കെട്ടിടനിർമ്മാണ അനുമതി പത്രത്തിന്റെയും (പെർമിറ്റ്), അംഗീകൃത പ്ലാനുകളുടെയും കോപ്പി നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അംഗീകൃത പ്ലാനിലും പെർമിറ്റിലും, പെർമിറ്റ് നമ്പർ, വ്യവസ്ഥകൾ, കാലാവധി, നിരാക്ഷേപ പത്രങ്ങളുടെ വിവരങ്ങൾ, ലേഔട്ട് അംഗീകാരത്തിന്റെ വിശദാംശങ്ങൾ (ആവശ്യമെങ്കിൽ) അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥരുടെ ഒപ്പും പേരു വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

16. കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. കൂടുതൽ രേഖകൾ/വിശദാംശങ്ങൾ ആവശ്യമുള്ളപക്ഷം അപേക്ഷകനെ യഥാസമയം രേഖാമൂലം അറിയിക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കറസ്പോണ്ടൻസ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

17. കെ.എം.ബി.ആർ.ലെ ചട്ടം 143, കെ.പി.ബി.ആർ. ചട്ടം 134 പ്രകാരമുള്ള ക്രമവൽക്കരണ അപേക്ഷയിൽ അപേക്ഷാഫാറം, അപേക്ഷാഫീസ്, ക്രമവൽക്കരണം അനുവദിക്കുന്നതോ നിരസിക്കുന്നതോ ആയ അറിയിപ്പ്, കോമ്പൗണ്ടിംഗ് ഫീസ്, അപ്പൻഡിക്സ് ഐയിലുള്ള ക്രമവൽക്കരണ ഉത്തരവ്, അപ്പൻഡിക്സ് ജെയിലുള്ള രജിസ്റ്റർ മുതലായവ ബാധകമായ രീതിയിൽ ഉറപ്പാക്കേണ്ടതാണ്.

18. അനുവദിക്കപ്പെട്ട പെർമിറ്റ് കെ.എം.ബി.ആർ.ലെ ചട്ടം 15 എ/കെ.പി.ബി.ആർ.ലെ ചട്ടം 17 പ്രകാരം നീട്ടുന്നതിനോ (എക്സ്റ്റൻഷൻ) പുതുക്കുന്നതിനോ (റിന്യൂവൽ) അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്നപക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്രങ്ങൾ, കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

19. അനുവദിക്കപ്പെട്ട പെർമിറ്റിലെ അംഗീകൃത പ്ലാനിലെ നിർമ്മാണ സ്ഥലം, സ്ഥല വിസ്തീർണം, നിർമ്മിക്കുന്ന കെട്ടിടത്തിന്റെ (കെട്ടിടങ്ങളുടെ) വിസ്തീർണം, ഉയരം, ഉപയോഗം, സ്ഥാനം, നിലകളുടെ എണ്ണം, കെട്ടിടങ്ങളുടെ ലേഔട്ട് മുതലായവയിൽ എന്തെങ്കിലും വ്യതിയാനം (ചട്ടം കെ.എം.ബി.ആർ/കെ.പി.ബി.ആർ 10 നു കീഴിൽ അനുവദനീയമായ പ്രവൃത്തികൾ ഒഴികെയുള്ളവ) ഉണ്ടെങ്കിൽ പുതിയ പെർമിറ്റാണ് നൽകേണ്ടത്. പെർമിറ്റ് നീട്ടിക്കൊടുക്കുകയോ പുതുക്കുകയോ ചെയ്യാവുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷ പുതിയ അപേക്ഷയായി പരിഗണിക്കേണ്ടതും പുതിയ പെർമിറ്റ് അനുവദിക്കുന്ന രീതിയിലെ ചട്ടങ്ങൾ ബാധകമാക്കുകയും ചെയ്യേണ്ടതാണ്.

(തുടർച്ച.....5)

20. നിലവിൽ സാധുവായ പെർമിറ്റുള്ള പ്ലോട്ടിൽ മറ്റൊരു നിർമ്മാണത്തിന് അനുമതിക്കായി അപേക്ഷ ലഭിക്കുമ്പോൾ നിലവിലെ എല്ലാ നിർമ്മാണങ്ങളും (പൂർത്തിയായവയുടെ നമ്പർ, നിർമ്മാണത്തിലിരിക്കുന്നവയുടെ പെർമിറ്റ് നമ്പർ, ഇവ സഹിതം) പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഒരേ സ്ഥാനത്ത് സാധുവായ രണ്ടു പെർമിറ്റുകൾ ഒരേസമയം ഉണ്ടാകുവാൻ പാടുള്ളതല്ല. ആവശ്യമുള്ളപക്ഷം പെർമിറ്റ് സറണ്ടർ ചെയ്ത ശേഷം ആയത് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ പുതിയ പെർമിറ്റ് നൽകാവൂ.

21. കംപ്ലീഷൻ പ്ലാനുകളും കംപ്ലീഷൻ സർട്ടിഫിക്കറ്റും ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് സെക്രട്ടറി അപേക്ഷകന് നൽകേണ്ടതാണ്. തുടർന്ന് കെട്ടിടനമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

22. ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കപ്പെടുന്ന നിർമ്മാണങ്ങളിൽ ഭാഗികമായുള്ള കെട്ടിടഭാഗത്തിനു ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ പെർമിറ്റ് പ്രകാരമുള്ള പൂർത്തിയായ കെട്ടിടത്തിനു ബാധകമായ എല്ലാ ചട്ടങ്ങളും പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും ആയത് രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതും തുടർ നിർമ്മാണം നടത്തുന്ന മുറയ്ക്ക് അന്തിമ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതുമാണ്.

23. കെട്ടിടത്തിൽ പ്രവർത്തന ലൈസൻസ് നൽകുന്ന അവസരത്തിൽ നിർദ്ദിഷ്ട ഉപയോഗം കെട്ടിടത്തിനു അനുമതി നൽകിയ അതേ ഒക്കുപ്പൻസി വിഭാഗത്തിൽ തന്നെയുള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. വിനിയോഗമാറ്റം ഉള്ളപക്ഷം കെട്ടിടം വിനിയോഗമാറ്റത്തിന് ചട്ടപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

24. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ 19.05.2014 തീയതിയിലെ 29342/ആർ.എ 1/2014/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. 24.07.2010 തീയതിയിലെ 22044/ആർ.എ 1/2010/തസ്വഭവ നമ്പർ സർക്കുലറിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

25. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എ.പി.എം.മുഹമ്മദ് ഹനീഷ്
സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).

(തുടർച്ച.....6)

3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
5. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
6. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
7. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
9. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വൈബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
6. തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.
7. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നം.130/ആർ.എ 1/2016/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:19.04.2016

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ കരട്/ ഡാറ്റാ ബാങ്കിൽ നെൽവയൽ/ നിലം അല്ലെങ്കിൽ തണ്ണീർത്തടമായി ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് - സ്പഷ്ടീകരണം നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 22.01.2011 ലെ 4545/ആർ.എ 1/തസ്വഭവ സർക്കുലർ.
2. ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഡബ്ല്യു.എ.നം.1416/14 (അഡാനി ഇൻഫ്രാ സ്ട്രക്ചർ ആന്റ് ഡവലപ്പേഴ്സ് V. സ്റ്റേറ്റ് ഓഫ് കേരള) എന്ന കേസിലെ 02.02.2015 ലെ വിധിന്യായം.
3. ബഹു.സുപ്രീം കോടതിയുടെ സി.എ.നം.2749/15 (RDO ഫോർട്ട് കൊച്ചി V. ജലജാ ദിലീപ്) എന്ന കേസിലെ 10.03.2015 ലെ വിധിന്യായം.
4. ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി(സി)32992/15 (കുര്യച്ചൻ V. ജില്ലാ കളക്ടർ) എന്ന കേസിലെ 15.12.2015 ലെ ഉത്തരവ്.
5. ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.37344/15 ബന്ധപ്പെട്ട കേസുകൾ (സോമരാജൻ V. ജില്ലാ കളക്ടർ) എന്ന കേസുകളുടെ 21.12.2015 ലെ വിധിന്യായം.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നില്ല എന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന ഒന്നിലെ സർക്കുലർ പ്രകാരം തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച്, പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

ബഹു.ഹൈക്കോടതിയുടെ സൂചന രണ്ട് പ്രകാരമുള്ള ഉത്തരവിലും, ബഹു.സുപ്രീംകോടതിയുടെ സൂചന മൂന്ന് പ്രകാരമുള്ള ഉത്തരവിലും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള കരട് ഡാറ്റാ ബാങ്ക്/ഡാറ്റാ ബാങ്ക് എന്നിവയിൽ 'നെൽവയൽ', 'നിലം' അല്ലെങ്കിൽ 'തണ്ണീർത്തടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള

(തുടർച്ച.....2)

ഭൂമിയ്ക്ക് കേരള നെൽവയൽ തണ്ണീർത്തട നിയമം ബാധകമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ സൂചന നാലിലെ ഉത്തരവിൻ പ്രകാരം കരട് ഡാറ്റാ ബാങ്കിലോ/ഡാറ്റാ ബാങ്കിലോ 'നെൽവയൽ','നിലം' അല്ലെങ്കിൽ 'തണ്ണീർത്തടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് പെർമിറ്റ്/അനുമതി/ എൻ.ഒ.സി.നൽകുന്നത് നിയമവിരുദ്ധമാണ് എന്നു പരാമർശിക്കുന്നു. ആയതിനാൽ കരട് ഡാറ്റാ ബാങ്ക്/ഡാറ്റാ ബാങ്ക് തുടങ്ങിയവ പരിശോധിച്ച് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കെട്ടിടനിർമ്മാണ പെർമിറ്റ്/അനുമതി/എൻ.ഒ.സി. എന്നിവ നൽകാവൂ എന്നും, ഇത്തരം ഭൂമിയിൽ നിയമവ്യവസ്ഥകൾ മറികടന്ന് അനുമതി/പെർമിറ്റ്/എൻ.ഒ.സി. നൽകിയാൽ സെക്രട്ടറി/ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമലംഘനത്തിനും നഷ്ടപരിഹാരത്തിനും വ്യക്തിപരമായി ഉത്തരവാദികളായിരിക്കും എന്നും, കൂടാതെ വകുപ്പുതല അന്വേഷണവും, വിജിലൻസ് കേസും നേരിടേണ്ടി വരുമെന്നും നിർദ്ദേശിക്കുന്ന ഒരു സർക്കുലർ പുറപ്പെടുവിക്കാനും ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

കൂടാതെ ബഹു.സുപ്രീം കോടതിയുടെ സൂചന 3-ലെ ഉത്തരവിൽ BTR, റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി, കരട് ഡാറ്റാ ബാങ്ക്/ഡാറ്റാ ബാങ്കിൽ നെൽവയൽ,നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താത്തവയുമായ വസ്തുക്കൾക്ക് കേരള ഭൂവിനിയോഗ ഉത്തരവ് ബാധകമായിരിക്കും എന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ ബഹു.ഹൈക്കോടതിയുടെ സൂചന 5-ലെ ഉത്തരവ് പ്രകാരം 2015 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം വകുപ്പ് 3 എ(3A) നിലവിൽ വന്നതിനുശേഷം, 12.08.2008 മുമ്പ് നികത്തിയ നെൽവയലുകൾ, ഭൂവിനിയോഗ ഉത്തരവ് പ്രകാരം അനുമതി നൽകാൻ കളക്ടർക്ക് അധികാരം ഇല്ല എന്നും, 2015-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ വകുപ്പ് 3 എ പ്രകാരം ക്രമവൽക്കരിച്ച് ഉത്തരവ് സമ്പാദിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കെട്ടിടനിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക്/ഡാറ്റാ ബാങ്കിൽ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനുമതി ലഭിക്കാതെ കെട്ടിടനിർമ്മാണ പെർമിറ്റ്/അനുമതി/എൻ.ഒ.സി. എന്നിവ നൽകാൻ പാടുള്ളതല്ല. തണ്ണീർത്തടമായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ യാതൊരു അനുമതിയോ പെർമിറ്റോ, എൻ.ഒ.സി.യോ നൽകാൻ പാടുള്ളതല്ല.

2. 1-ാം നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ 14-ാം വകുപ്പിന്റെ ലംഘനമായി കരുതുന്നതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയും വിജിലൻസ് കേസിനും ശുപാർശ ചെയ്യുന്നതുമാണ്. കൂടാതെ നഷ്ടപരിഹാരത്തിന് വ്യക്തിപരമായി ഉത്തരവാദിയാകുന്നതുമായിരിക്കും.

3. റവന്യൂ രേഖകൾ/BTR എന്നിവയിൽ 'നിലം' എന്നു രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കരട് ഡാറ്റാ ബാങ്കിലോ/ഡാറ്റാ ബാങ്കിലോ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താത്തതുമായ ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി

(തുടർച്ച.....3)

നൽകുന്നതിനു മുമ്പ്, കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015-ലെ നെൽവയൽ തണ്ണീർത്തട നിയമം വകുപ്പ് 3 എ പ്രകാരമുള്ള ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവോ ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

എ.പി.എം.മുഹമ്മദ് ഹനീഷ്
സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ)
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
5. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
7. റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
8. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
9. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
10. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ (തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
11. പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുവാൻ)
12. റവന്യൂ വകുപ്പ്
13. കൃഷി വകുപ്പ്
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

1. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. തദ്ദേശസ്വയംഭരണ നഗരകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5. തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറി I ന്റെ സി.എ.യ്ക്ക്
5. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
6. തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.
7. തദ്ദേശസ്വയംഭരണ (ആർ.ഡി/ആർ.ബി) വകുപ്പുകൾ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 5 Vol. V	തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday	2016 ജൂലൈ 8 8th July 2016 1191 മിഥുനം 24 24th Mithunam 1191 1938 ആഷാഢം 17 17th Ashadha 1938	നമ്പർ No.	1225

GOVERNMENT OF KERALA

Revenue (B) Department

NOTIFICATION

G. O. (P) No. 377/2016/RD.

Dated, Thiruvananthapuram, 29th June, 2016.

S. R. O. No. 469/2016.—In exercise of the powers conferred by sub-section (1) of Section 7 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), the State Government, hereby, authorise the District Collector for constituting an Expert Group separately in respect of each project, having seven members, within their respective Districts for evaluating the Social Impact Assessment report.

(1) Each Expert Group shall consist of the following members:—

(a) two non-official social scientists nominated by the District Collector;

33/2284/2016/S-10.

(b) two representatives, one shall be a woman amongst them, of Grama Panchayat, Municipality or Municipal Corporation nominated by the District Collector from the affected area;

(c) two experts on rehabilitation nominated by the District Collector; and

(d) a technical expert in the subject relating to the project nominated by the District Collector in consultation with the requiring body.

(2) The District Collector shall nominate a person from amongst the members of the expert group as Chairperson of the group.

By order of the Governor,

DR. VISHWAS MEHTA,
Additional Chief Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport).

The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) has come into force on 1st January, 2014.

As per sub-section (1) of Section 7 of the said Act, the Social Impact Assessment (SIA) report have to be evaluated by an independent multi disciplinary Expert Group to be constituted by the Government. Since it is not practical to evaluate all the SIA reports at State Level, Government have decided to authorise the District Collectors to constitute Expert Groups at District level for each project for the extent of land which the District Collectors are authorised to acquire.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.

ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ
ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

No. 4324/എ2/2016/ശാ.സാ.വ.

ശാസ്ത്ര ഭവൻ, പട്ടം
തിരുവനന്തപുരം-4, തീയതി : 22.08.2016

സർക്കുലർ

വിഷയം:- കേരള തീരദേശ പരിപാലന അതോറിറ്റി -അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 12-8-16 ലെ സ.ഉ(ആർ.റ്റി) നം.39/16/ശ.സ.വ.

കേരള തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചുകൊണ്ട് കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് 8/6/2016-ൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. കേരള സർക്കാർ പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അതോറിറ്റിയുടെ ചെയർമാനും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയുമാണ്. പുതിയ അതോറിറ്റിയെ കേരള സർക്കാർ പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി വേണ്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ താൽക്കാലികമായി താഴെപറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(i) അതോറിറ്റിയുടെ കീഴിൽ വരുന്ന അപേക്ഷകൾ മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി, ശാസ്ത്ര സാങ്കേതിക വകുപ്പ്, ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം -4 എന്ന വിലാസത്തിൽ സ്വീകരിക്കുന്നതാണ്.

(ii) അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ചും തീരദേശ നിയന്ത്രണപ്രകാരമുള്ള അപേക്ഷകൾ സംബന്ധിച്ചതുമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി 0471-2548290 എന്ന നമ്പരിൽ ഒരു സഹായകേന്ദ്രം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)
അഡീഷണൽ സെക്രട്ടറി,
എക്സ് ഓഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി.

പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,
നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
} സർക്കുലർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും സെക്രട്ടറിമാർക്ക് നൽകേണ്ടതാണ്

ഡയറക്ടർ, പി.ആർ.ഡി-(പത്ര/ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകുന്നതിനായി).
മെമ്പർ സെക്രട്ടറി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം-4.
പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്(മെമ്പർ, കെ.സി.ഇസഡ്. എം.എ)
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്(മെമ്പർ, കെ.സി.ഇസഡ്. എം.എ)
പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് (മെമ്പർ, കെ.സി.ഇസഡ്. എം.എ)
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് (മെമ്പർ, കെ.സി.ഇസഡ്. എം.എ)
പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ തുറമുഖ വകുപ്പ് (മെമ്പർ, കെ.സി.ഇസഡ്. എം.എ)
ചെയർമാൻ, സംസ്ഥാന മലിനീകരണ ബോർഡ്, തിരുവനന്തപുരം
സെക്രട്ടറി, നഗരകാര്യ വകുപ്പ്
പ്രൊഫ. എൻ.ആർ. മേനോൻ, ഡീൻ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകാലാശാല.

ഡോ. എൻ.പി. കൂര്യൻ, മുൻ ഡയറക്ടർ, എൻ.സി.എസ്.എസ്.
ഡോ. കെ.പി. ലാലദാസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ബയോ-ഡൈവേർസിറ്റി ബോർഡ്.
അഡ്വ. പ്രകാശ്.സി. വടക്കൻ. വടക്കൻ ഹൗസ്, അന്തിനാട് പി.ഒ, പാല, കോട്ടയം.
ഡോ. എം.ഐ. ആൻഡ്രൂസ്, കോട്ടയം.
മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ ബോർഡ്, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പി.എ യ്ക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
മത്സ്യ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.
ചെയർമാൻ, കെ.സി.ഇ.എഡ്. എം.എയുടെ പി.എ യ്ക്ക്.
സംസ്ഥാന മലിനീകരണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ പി.എ യ്ക്ക്,
ശാസ്ത്ര സാങ്കേതിക വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക് ,
അണ്ടർ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്
പരിസ്ഥിതിവകുപ്പിന്.
തദ്ദേശ സ്വയംഭരണ വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Sectt. 37. 3/462/2015/1 Lakh. GPM © Govt. of Kerala

GOVERNMENT OF KERALA

നം.75964/ആർ.എ 1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:29 08.2016

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

ഡയറക്ടർ,
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

സർ,

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ - പെർമിറ്റിനുള്ള അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കൽ - സംബന്ധിച്ച്.

സൂചന :
1. താങ്കളുടെ 17.11.2014 ലെ 9/2014/STRC/KILA നമ്പർ കത്ത്.
2. 23.12.2010 ലെ 36587/ആർ.എ 1/09/തസ്വഭവ നമ്പർ സർക്കുലർ.
3. 26.03.2012 ലെ 6961/ആർ.എ 1/11/തസ്വഭവ നമ്പർ സർക്കുലർ.
4. 15.06.2013 ലെ 32131/ആർ.എ 1/തസ്വഭവ നമ്പർ സർക്കുലർ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ 300 ച.മീറ്റർ വരെ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകേണ്ട ചുമതല അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്ത് സൂചന (2)ലെ സർക്കുലർ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പെർമിറ്റ് നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതിയുടെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തന്നെ നിർമ്മാണാനുമതി നൽകേണ്ടതാണെന്ന് സൂചന (3)ലെ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സാങ്കേതിക വിദഗ്ദ്ധരുടെ ശിപാർശയും, സ്ഥലപരിശോധന നടത്താതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ നിർമ്മാണാനുമതിയും നൽകുമ്പോൾ ധാരാളം ചട്ടലംഘനമുള്ള നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതായും ഇത് ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും കണ്ടെത്തിയതിനാൽ കെട്ടിനിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ദ്ധർ പരിശോധന നടത്തിയിതനുശേഷം നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ നിർമ്മാണാനുമതി നൽകാവൂയെന്ന് സൂചന (4)ലെ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിരുന്നു.

സൂചന (1)ലെ കത്തിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ, കെട്ടിടനിർമ്മാണാനുമതിക്കുള്ള എല്ലാ അപേക്ഷകളും അസിസ്റ്റന്റ് എഞ്ചിനീയറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരിശോധിച്ച് സ്ഥലപരിശോധന നടത്തി നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർമ്മാണാനുമതി നൽകുന്നതായിരിക്കും ഉചിതമെന്നും, ടി വിഷയത്തിന്മേലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൻ

(തുടർച്ച.....2)

പ്രകാരം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ,1999-ന് അനുസൃതമായി കെട്ടിടനിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ-300m², അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-750m², എക്സിക്യൂട്ടീവ് എഞ്ചിനീയർ-1500m², സൂപ്രണ്ടിംഗ് എഞ്ചിനീയർ-2500m² എന്നീ പ്രകാരം നൽകുന്നതിനാൽ കില പറയുന്ന കാലതാമസം ഉണ്ടാകാൻ ഇടയില്ലെന്നും ആയതിനാൽ സർക്കുലറിൽ ഭേദഗതി ആവശ്യമില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ സാങ്കേതിക റിപ്പോർട്ട് ആവശ്യമായി വരുന്ന വിഷയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉണ്ടായിരിക്കെ ഓവർസിയറുടെ റിപ്പോർട്ട് മാത്രം അടിസ്ഥാനമാക്കി സെക്രട്ടറി നടപടി സ്വീകരിക്കുന്നത് വ്യാപകമായ തെറ്റിദ്ധാരണകൾക്ക് ഇടയാക്കുന്നതാണെന്നും ആയതിനാൽ ആവശ്യമുള്ള എല്ലാ ടെക്നിക്കൽ റിപ്പോർട്ടുകളും അസിസ്റ്റന്റ് എഞ്ചിനീയറിലൂടെ മാത്രം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ സർക്കുലറുകളുടെയും, ചീഫ് എഞ്ചിനീയറുടെയും പഞ്ചായത്ത് ഡയറക്ടറുടെയും, നഗരകാര്യ ഡയറക്ടറുടെയും റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ താങ്കളുടെ ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
ഹേമപ്രഭ.ഡി
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

ഫാക്സ്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിടനിർമ്മാണ ചട്ടങ്ങൾ - അവധി ദിവസങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(ആർ.റ്റി)നം.2627/2016/തസ്വഭവ തിരുവനന്തപുരം,തീയതി:07.09.2016

പരാമർശം:
1. സർക്കാരിന്റെ 13.07.2006 ലെ 22040/ഇ 1/06/തസ്വഭവ നമ്പർ സർക്കുലർ.
2. ജി.ഒ.(ആർ.റ്റി)നം.2161/06/തസ്വഭവ തീയതി 01.09.2006.
3. സ.ഉ.(ആർ.റ്റി)നം.2229/2009/തസ്വഭവ തീയതി 27.08.2009.

ഉത്തരവ്

സംസ്ഥാനത്ത് അനധികൃത കെട്ടിടനിർമ്മാണങ്ങൾ കൂടുതലും നടക്കുന്നത് തുടർച്ചയായ അവധി ദിവസങ്ങളിലാണ്. മുൻകാല അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ ഇത്തരം അവധി ദിവസങ്ങളിൽ അനധികൃത കെട്ടിടനിർമ്മാണങ്ങൾ വർദ്ധിക്കാൻ വളരെയേറെ സാദ്ധ്യതയുണ്ട്. ഇത് പൂർണ്ണമായും ഒഴിവാക്കുന്നതിനാവശ്യമായ കർശന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

2. അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കുണ്ടെന്ന് പ്രത്യേകം സൂചിപ്പിച്ചുകൊള്ളുന്നു. അനധികൃത കെട്ടിടനിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട നഗരസഭ/പഞ്ചായത്ത് സെക്രട്ടറിമാരിൽ അതിനുള്ള ഉത്തരവാദിത്വം ചുമത്തുന്നതാണ്.

3. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി ഉടനടി നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്ക്വാഡ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിനാൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. താഴെ സൂചിപ്പിക്കുന്ന ഉദ്യോഗസ്ഥരാണ് ഈ സ്ക്വാഡിലെ അംഗങ്ങൾ.

(എ) നഗരസഭകളിലെ സ്ക്വാഡിലെ അംഗങ്ങൾ

1. നഗരസഭാ സെക്രട്ടറി
2. നഗരസഭയിലെ എഞ്ചിനീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
3. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ
4. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫ് മുനിസിപ്പാലിറ്റീസ്

(തുടർച്ച.....2)

(ബി) പഞ്ചായത്തുകൾ

1. പഞ്ചായത്ത് സെക്രട്ടറി
2. പഞ്ചായത്തിലെ എഞ്ചിനീയർ/ഓവർസീയർ/കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
3. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ടൗൺ പ്ലാനർ/ഡെപ്യൂട്ടി ടൗൺ പ്ലാനർ
4. ബന്ധപ്പെട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

സ്വാഡിന്റെ ചുമതലകൾ താഴെ പറയുന്നതായിരിക്കും

1. അവധി ദിവസങ്ങൾ കെട്ടിട നിർമ്മാണങ്ങൾ അനധികൃതമായി നടത്തുന്നുണ്ടോയെന്ന് കണ്ടുപിടിക്കുവാൻ പരിശോധനകൾ നടത്തുകയും അടിയന്തിരമായി അത്തരം പണികൾ നിർത്തിവെപ്പിക്കുവാൻ നടപടി സ്വീകരിയ്ക്കുകയും ചെയ്യുക.
2. അനധികൃത നിർമ്മാണങ്ങൾ നിർത്തിവെക്കാൻ നോട്ടീസ് നൽകുക.
3. നോട്ടീസ് നൽകിയിട്ടും നിർത്തിവെയ്ക്കാതെ നിർമ്മാണം തുടരുന്ന സാഹചര്യങ്ങളിൽ പോലീസ് സഹായം തേടി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെയ്പ്പിക്കുക. അതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗവൺമെന്റിനു നൽകുക.
4. അനധികൃത നിർമ്മാണങ്ങളുടെ ഫോട്ടോ ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ ക്യാമറയിൽ പകർത്തേണ്ടതും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയേയും ചീഫ് ടൗൺ പ്ലാനറേയും വിവരം അറിയിക്കേണ്ടതുമാണ്.
5. എല്ലാ ദിവസവും അനധികൃത നിർമ്മാണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ എന്നിവരെ താഴെ കൊടുത്തിരിക്കുന്ന E-mail ID മുഖാന്തിരം അറിയിക്കേണ്ടതാണ്.

E-mail Address : തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി :
principalsecretarylsgd@gmail.com
ചീഫ് ടൗൺ പ്ലാനർ : ctpkeralam@gmail.co.in

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
റ്റി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് (കൊല്ലം, കൊച്ചി, കോഴിക്കോട്)
ഡയറക്ടർ, അർബൻ അഫേഴ്സ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നഗരസഭ/പഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 80/ആർ.ഡി.1/16/ത.സ്വ.ഭ.വ.
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09 /9/16

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്.

സൂചന:-
1. സർക്കാരിന്റെ 09/07/15-ലെ സ.ഉ(എം.എസ്) നം.231/15/തസ്വഭവ നമ്പർ ഉത്തരവ്.
2. 16/08/16-ന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിലെ തീരുമാനങ്ങൾ.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 1-പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർ ദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ കെട്ടിടങ്ങൾക്ക് പെർമിറ്റ് നല്കുമ്പോൾ ആയതിന്റെ ഒരു പകർപ്പ് ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ നിർ ദ്ദേശം എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നികുതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

KERALA COASTAL ZONE MANAGEMENT AUTHORITY

Directorate of Environment & Climate Change

'Devikripa', Pallimukku, Pettah P.O., Thiruvananthapuram - 695 024
Ph. 0471-2742264, E-mail: kczmasandtd@gmail.com

Proceedings of the member secretary

Present: Smt. Padma Mahanti IFS

No. 5194/A2/2017/KCZMA *dated: 14.05.2018*

Sub: KCZMA – Enhancement of plinth area of residential buildings in NDZ and disposal of CRZ applications for the constructions having plinth area up to 100m² in NDZ– Delegation of power to the District Level Committees- Orders issued

Read: 1. Decision of the 86th meeting of KCZMA
2. Proceeding No. 5194/A2/2017/KCZMA dated 05.04.2018
3. Decision No. 94.04.12 of the 94th meeting of KCZMA held on 17.04.2018

ORDER

The 86th meeting of KCZMA decided to grant CRZ clearance for construction/ reconstruction of residential building having plinth area up to 66m² in NDZ. As per the proceedings read as 2nd above, Kerala Coastal Zone Management Authority, delegated the powers of KCZMA to the District level Committees of KCZMA for the disposal of Application for CRZ Clearance for constructions / reconstructions having plinth area up to 66m² within NDZ (200m from the HTL of Sea and 100m from HTL of Backwaters) and applications for CRZ Clearance for constructions/ reconstructions of residential building having plinth area upto 250m² beyond NDZ (above 200m) as per CRZ Notification 2011.

Now Kerala Coastal Zone Management Authority vide decision read as 3rd paper above decided to enhance the maximum permissible limit of the existing plinth area of 66m² sanctioned for CRZ Clearance for construction/ reconstruction of residential building in NDZ to 100m² on the basis of a report furnished by the technical experts of KCZMA wherein it has been assessed the average plinth area of residential buildings in Panchayats, Municipalities and Corporations in 10 coastal districts of Kerala. KCZMA also decided to delegate the powers of KCZMA to the District level committees for the disposal of application for CRZ clearence of residential buildings having plinth area up to 100m² within NDZ (200m from HTL of Sea and 100m from HTL of Backwaters).

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ റീജിണൽ ജോയിൻറ് ഡയറക്ടർമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്പിനിങ് മിൽ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- അനധികൃത നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങളും, നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 സ്ക്വയർ മീറ്റർ വരെയുള്ളവയ്ക്കു പകരം 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങൾക്ക് യു/എ. നമ്പർ നൽകി താൽകാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും, വസ്തു നികുതി ഈടാക്കുന്നതിനും ഉള്ള അധികാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ. എ) വകുപ്പ്

സ.ഉ (എം.എസ്) നം.170/2016/തസ്വഭവ തിരുവനന്തപുരം, തീയതി 16/11/2016

പരാമർശം:- 1) 4-6-2012 ലെ സ.ഉ. (എം.എസ്) നമ്പർ 149/2012/തസ്വഭവ.

2 ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറിയുടെ 19.09.2016 ലെ കത്ത്.

3) 27-09-2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

ഉത്തരവ്

